# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഓഗസ്റ്റ് 24 | ദീപം 56 | നാളം 25 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org





**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**


പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ഒരുമിച്ചാഘോഷിക്കുന്ന മുഹൂർത്തത്തിലാണ് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേകസുവർണജൂബിലി നാം കൊണ്ടാടുന്നത്. പിതാവിന്റെഇടയശുശ്രൂഷയെ സംബന്ധിച്ചായാലും, പരിശുദ്ധ അമ്മയുടെ തിരുനാളിന്റെ അടിസ്ഥാനത്തിലായാലും, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തെക്കുറിച്ചു ചിന്തിക്കുന്നതിന്റെ വെളിച്ചത്തിലായാലും സ്വാതന്ത്ര്യമാണ് നമ്മുടെ ധ്യാനവിഷയം. കാരണം, സ്വാതന്ത്ര്യമാണ് നമ്മുടെ കർത്താവ് നമുക്കു നല്കിയ രക്ഷാകരമായ ദാനം. പാപത്തിന്റെ അടിമത്തത്തിൽനിന്ന് കർത്താവ് നമ്മെ മോചിപ്പിച്ചുകൊണ്ട് നമുക്കു നല്കിയതാണ് ഈ ദാനം.

എപ്പോഴും ആയിരിക്കാൻ കഴിയുന്ന അവസ്ഥയാണ് സ്വാതന്ത്ര്യം. ആ വികാസത്തിനു തടസ്സം വന്നാൽ, മറ്റുള്ളവരുടെ സ്നേഹപൂർണമായ പരിചരണത്തിലൂടെ തിരികെവരാൻ സാധിക്കും. അത് മാനസികരോഗികളാണെങ്കിൽപ്പോലും സാധ്യമാണെന്നാണ് ആധുനികശാസ്ത്രം പറയുന്നത്. അവിടെയും സ്വാതന്ത്ര്യം സാധ്യമാണ്.

ആധ്യാത്മികമായ സ്വാതന്ത്ര്യമാണ് ഏറ്റവും പ്രധാനപ്പെട്ടത്. പാപത്തിന്റെ അടിമത്തത്തിൽനിന്നുള്ള സ്വാതന്ത്ര്യം. ഗലാത്തിക്കാർക്കെഴുതിയ ലേഖനത്തിൽ സ്വാതന്ത്ര്യം എങ്ങനെയുള്ളതാണെന്ന് പൗലോസ് ശ്ലീഹാ പറയുന്നുണ്ട്: ''സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നു മാത്രം. പ്രത്യുത, സ്നേഹത്തോടുകൂടി ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ'' (5:13). പരസ്പരമുള്ള ശുശ്രൂഷയാണ് സഭയുടെ കൂട്ടായ്മയുടെ വളർച്ചയ്ക്കും പുരോഗതിക്കും ആവശ്യം. ഇതാണ് യഥാർഥസ്വാതന്ത്ര്യം. നമ്മുടെ സമഗ്രമായ വളർച്ചയെ സഹായിക്കുന്ന സ്വാതന്ത്ര്യം. വ്യക്തിപരമായും കുടുംബപരമായും സഭാപരമായും രാജ്യത്തെ പൗരന്മാരെന്ന നിലയിലുമൊക്കെയുള്ള



# ഇടയവഴികളിൽ പൂ ചൂടിയ സഫലജീവിതം

സ്വാതന്ത്ര്യത്തിനു ശാരീരികമായും മാനസികമായും ആധ്യാത്മികമായും അർഥതലങ്ങളുണ്ട്. ശാരീരികമായ സ്വാതന്ത്ര്യം എന്നുപറഞ്ഞാൽ നമ്മുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ സാഹചര്യങ്ങളും ലഭിക്കുന്ന ഒരു അവസ്ഥയാണ്. രോഗങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഈ സ്വാതന്ത്ര്യത്തിനു തടസ്സം സൃഷ്ടിക്കുന്നു. പക്ഷേ, രോഗാവസ്ഥയിലും സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കും, രോഗാവസ്ഥയിലുള്ള ആളിന്റെ മനോഭാവത്തിന്റെ അടിസ്ഥാനത്തിലായിരിക്കും അത്.

മാനസികമായ സ്വാതന്ത്ര്യമെന്നാൽ മനസ്സിന്റെ വികാസമാണ്. ആ വികാസത്തിൽ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ അനുഭവത്തിൽ നാമെല്ലാവരും വികസിതരാകുന്നു. ശാരീരികമായും മാനസികമായും ആധ്യാത്മികമായും വികസിതരായിത്തീരാനുള്ള അവസ്ഥയ്ക്കാണ് സ്വാതന്ത്ര്യം എന്നു പറയുന്നത്.

അറുപതുകളിലും എഴുപതുകളിലുമൊക്കെ നാം പറയാറുണ്ടായിരുന്നു: രാഷ്ട്രീയമായിട്ടേ നാം സ്വാതന്ത്ര്യം പ്രാപിച്ചിട്ടുള്ളൂ, നമുക്കു സാമ്പത്തികസ്വാതന്ത്ര്യം ഇല്ല എന്ന്. എന്നാൽ, ഇപ്പോൾ സാമ്പത്തികമായും നാം സ്വതന്ത്രരായി എന്നു പറയാൻ കഴിയും. എന്നിട്ടും ഈ സ്വാതന്ത്ര്യത്തിന്റെ നടുവിലും നാം നന്നായി ജീവിക്കുന്നില്ല. എന്നുവച്ചാൽ, ഭൗതികസുഖത്തിനുവേണ്ടിയുള്ള വ്യഗ്രതയിൽ, പൗലോസ്ശ്ലീഹ പറയുന്നതുപോലെ, നമ്മൾ നമ്മളെത്തന്നെ അടിമകളാക്കുന്നു. ഇങ്ങനെയുള്ള അവസ്ഥയിൽനിന്നു മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവും സഭാപരവുമായ സമഗ്രമായ വളർച്ചയ്ക്ക് നാം നമ്മെത്തന്നെ ഒരുക്കുമ്പോഴാണ് യഥാർഥത്തിലുള്ള സ്വാതന്ത്ര്യം നമുക്ക് അനുഭവിക്കാൻ സാധിക്കുന്നത്.

പരിശുദ്ധ അമ്മയിൽ നാം കാണുന്നത് ഈ സ്വാതന്ത്ര്യമാണ്. തന്നെത്തന്നെ പൂർണമായി ദൈവഹിതത്തിനു വിട്ടുകൊടുത്തുകൊണ്ട് സ്വയം ദൈവപുത്രന്റെ അമ്മയായിത്തീർന്ന പരിശുദ്ധ അമ്മ, മകനെ ഗർഭം ധരിക്കുന്നതിനും പ്രസവിക്കുന്നതിനും വളർത്തുന്നതിനും അവന്റെ സഹനങ്ങളിൽ പങ്കുചേരുന്നതിനും കുരിശുമരണത്തിൽ അവനോടൊപ്പം നിൽക്കുന്നതിനും അവന്റെ ഉത്ഥാനത്തിന്റെ മഹത്ത്വം കാണുന്നതിനുമൊക്കെ ഭാഗ്യം ലഭിച്ച ഒരു പരിശുദ്ധ അമ്മ. ഈ അമ്മയുടെ സ്വർഗാരോപണം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഈ അമ്മയുടെ സ്വാതന്ത്ര്യമാണ് നമുക്കും ഉണ്ടാകേണ്ടത്. പ്രതിബന്ധങ്ങളിൽനിന്നും കെട്ടുകളിൽനിന്നും ബന്ധനങ്ങളിൽനിന്നുമൊക്കെയുള്ള ഒരു സ്വാതന്ത്ര്യം. ദൈവത്തിന്റെ മകളായി, കർത്താവീശോമിശിഹായുടെ അമ്മയായി, ശിഷ്യന്മാർക്ക് അമ്മയായി, സഭയിലും അമ്മയായി വാഴുന്ന പരിശുദ്ധ അമ്മ ഏറ്റവുമധികം സ്വാതന്ത്ര്യം അനുഭവിച്ചു ജീവിച്ചയാളാണ്. അങ്ങനെയുള്ള ഒരു സ്വാതന്ത്ര്യത്തെ മനസ്സിൽ കണ്ടുകൊണ്ട് എപ്പോഴും വ്യാപരിക്കുകയാണെങ്കിൽ അതുവഴി നമുക്കുണ്ടാകേണ്ട വളർച്ച വളരെ വലുതാണ്.

▶13




മെത്രാഭിഷേകസുവർണജൂബിലി സപ്ലിമെന്റ്

7 – 14 പേജുകളിൽ

# നാളെ ജനിക്കാം പുതിയ വിചിത്രജീവികൾ




ദിനു ദിലീപ്

എ.ഐ. അടിസ്ഥാനപ്പെടുത്തിയുള്ള ആധുനിക ചാറ്റ്ബോട്ട് പ്രോഗ്രാമുകൾക്ക് മനുഷ്യ സംഭാഷണങ്ങൾ കൃത്യമായി അനുകരിക്കാൻ കഴിയും. 1966 ൽ വികസിപ്പിച്ച ഒരു NLP (നാച്ചുറൽ ലാങ്വേജ് പ്രോസസ്സിങ്) പ്രോഗ്രാമായ ELIZA യിൽ നിന്നു Chat GPT - 4 (GPT-5 വികസനഘട്ടത്തിലാണ്) CÂ NLP സാങ്കേതികതയിൽ എത്തിനില്ക്കുന്നു. കൂടാതെ, ആദ്യവേർഷൻ ലഭ്യമെങ്കിലും ഗൂഗിൾ ബാർഡിന്റെ അടക്കം അനവധി നൂതനബോട്ടുകൾ പണിപ്പുരയിൽ ഒരുങ്ങുന്നു. കച്ചവടത്തിനോ മറ്റേതെങ്കിലും പ്രത്യേക ആവശ്യത്തിനോ മനുഷ്യർതമ്മിൽ ആശയവിനിമയം സാധ്യമാകുന്ന അതേതരത്തിൽ മനുഷ്യനും ചാറ്റ്ബോട്ടുമായോ മറ്റൊരു കമ്പ്യൂട്ടർ അധിഷ്ഠിത സിസ്റ്റവുമായോ, യന്ത്രങ്ങളുമായോ ആശയവിനിമയം നടത്തുന്നതിനുള്ള സാങ്കേതികതയാണ് നാച്ചുറൽ ലാംഗ്വേജ് പ്രോസസിങ് (NLP).

ഫേസ്ബുക്, ടിറ്റർ, വാട്സ് ആപ്പ് അടക്കമുള്ള സോഷ്യൽ മീഡിയകളിൽ നമ്മൾ രസിച്ചു ഷെയർ ചെയ്തിട്ടുള്ള എണ്ണമറ്റ ഫ്രീ ഗെയിം മാതൃകകളൊക്കെയും വിവിധ ഡാറ്റാ ശേഖരണ തന്ത്രങ്ങൾതന്നെയാണ്. ലക്ഷക്കണക്കിന് ആളുകളുടെ താത്പര്യങ്ങൾ, മനോവ്യാപാരങ്ങൾ, ഉത്തരങ്ങൾ നൽകുന്ന പാറ്റേൺ, ഡ്രോവിങ് പാറ്റേൺ, കളർ സെൻസ്, മോഡലിംഗ്,ആർട്ട്, സ്ക്രീൻ ടച്ച് പാറ്റേൺ ഒക്കെയും ബിഗ് ഡാറ്റാ അനലൈസിങ് ബാക്ക് അപ്പ് ടൂളുകളായി മാറ്റപ്പെടുന്നു. ലക്ഷക്കണക്കിന് ഇത്തരം ബിഗ് ഡാറ്റയിലും വെബ്സൈറ്റുകളിലും അനലൈസ് നടത്തി പരിശീലനം നേടിയാണ് ഓരോ ചാറ്റ്ബോട്ടുകളും പബ്ലിഷ് ചെയ്യപ്പെടുന്നത്. അതിനാൽത്തന്നെ ചില തൊഴിൽമേഖലകളിൽ കസ്റ്റമർ സർവീസ് സംഭാഷണത്തിൽ ഒരു യഥാർത്ഥ മനുഷ്യനു തുല്യം അനുകരിക്കാൻ അവയ്ക്ക് ഉറപ്പായും കഴിയും.

ചാറ്റ് GPT ബോട്ടുകൾ പൂർണമായും ഇന്റർനെറ്റ് ഉപയോഗിച്ചുള്ള സെർവർ സോഫ്റ്റ് വെയർ അധിഷ്ഠിത പ്രവർത്തനമായതിനാൽ ഹാക്കിങ് ഭീഷണി നിലനിൽക്കുന്നു. വെബുമായി കണക്ട് ആയിരിക്കുന്ന ഏതൊരു കൃത്രിമബുദ്ധിയിലേക്കും ഉപകരണത്തിലേക്കും അതിബുദ്ധിമാനായ ഒരു ഹാക്കറിനോ തത്തുല്യ ബോട്ട് നിയന്ത്രിത ഹാക്കിങ് സംവിധാനത്തിനോ അക്സസ് ലഭിച്ചേക്കാം. അത്തരം സാധ്യതകളൊക്കെ മുന്നിൽ കാണാനും അവയോടു കൃത്യമായി പെരുമാറാനും വേണ്ട സാങ്കേതികത നൽകി പഴുതുകൾ അടച്ചുതന്നെയാണ് ഇത്തരം ചാറ്റ് GPT ബോട്ടുകൾ സൃഷ്ടിച്ചിരിക്കുന്നത്.

ചാറ്റ് ചെയ്യുന്ന കാൾ എടുക്കുന്ന വ്യക്തി റോബോട്ട് ആണോ അല്ലയോ എന്നു തിരിച്ചറിയാൻ ബുദ്ധിമുട്ടുള്ള കാലമാണ് വരാൻ പോകുന്നത്. ഒരുപക്ഷേ, ആളറിയാതെ റോബോട്ടിനെ പ്രണയിച്ച് അബദ്ധം പറ്റുന്ന വാർത്തകളും ഭാവിയിൽ സംഭവിച്ചേക്കാം. നിലവിൽ മനുഷ്യന്റെ പല മൃദുലവികാരങ്ങളും തിരിച്ചറിഞ്ഞ് അവയോട് കാര്യക്ഷമമായി പ്രതികരിക്കുന്ന വിവിധ പെറ്റ് റോബോട്ടുകൾ മാർക്കറ്റിൽ ലഭ്യമാണ്.



മെഡിക്കൽ കോഡിങ് എന്നത് ഒരു രോഗിയുടെ മെഡിക്കൽ നടപടിക്രമങ്ങൾ, രോഗനിർണയം, ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ, മെഡിക്കൽ സേവനവിവരങ്ങൾ എന്നിവപോലെയുള്ള ആരോഗ്യപരിപാലന വിവരങ്ങൾ ഡോക്ടറുടെ കുറിപ്പുകളിൽനിന്ന് എടുക്കുന്ന പ്രക്രിയയാണ്.

നിലവിൽ ഒരു മെഡിക്കൽ കോഡർ ഈ വിവരങ്ങൾ മെഡിക്കൽ ആൽഫാന്യൂമെറിക് കോഡുകളാക്കി മാറ്റുന്നു. ഇവ ഡീകോഡ് ചെയ്യാനും എൻകോഡ് ചെയ്യാനും സാധിക്കുന്ന ഒരു എ. ഐ, ബോട്ട് മെഡിക്കൽ രംഗത്ത് സൂപ്പർ ഹീറോ ആയിരിക്കും. ബയോളജിക്കൽ ബിഗ് ഡാറ്റാ സയൻസ്, മെഡിക്കൽകോഡിങ് സമന്വയിപ്പിച്ച ഒരു എ.ഐ. ബോട്ടിനു മെഡിക്കൽ രംഗത്ത് ഡോക്ടർമാരെ സഹായിക്കാൻ സാധിക്കും. ഒരുപക്ഷേ, ഒരു ജൂനിയർ ഡോക്ടറെക്കാൾ എഫിഷ്യന്റ് ആയി സർജറിയിൽ പോലും സീനിയർ ഡോക്ടറെ അസിസ്റ്റ് ചെയ്യാൻ ഒരു ബോട്ടിനു സാധിച്ചേക്കാം.

ചാറ്റ്ബോട്ടുകളുടെ ഉപയോഗം കസ്റ്റമർ സർവീസ് ഫീൽഡുകളിലും ബിസിനസ്, ഷെഡ്യൂളിങ്, ഡാറ്റാ തിരയൽ, ടൂറിസം, സോഷ്യൽ മീഡിയ മാർക്കറ്റിങ്, മാധ്യമം തുടങ്ങിയ പല മേഖലകളിലും എത്തപ്പെട്ടുകഴിഞ്ഞു. 24/7 സർവീസ് വേണ്ടതായ ഉപഭോക്തൃസേവനമേഖലകളിൽ മനുഷ്യനെ മാറ്റിസ്ഥാപിച്ചുകൊണ്ട് എ.ഐ. ചാറ്റ് ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. കമ്പ്യൂട്ടർ സയൻസ്, എ.ഐ., NLP, മെഷിൻ ലേണിങ്, ഹ്യൂമൻ ലാങ്വേജ് ഒരേപോലെ കണക്ട് ചെയ്യുന്ന ഇന്റർഫേസുകൾ എന്നിവയ്ക്ക്, ഇവ സംയോജിപ്പിച്ച റോബോട്ടുകളാവും ഭാവി നിർണയിക്കുക എന്നതിന് പല സൂചനകളും ലഭിച്ചുകൊണ്ടിരിക്കുന്നു.

അടുത്തിടെ ശാസ്ത്രജ്ഞർ തവളയുടെ ഭ്രൂണങ്ങളിൽനിന്നുള്ള കോശങ്ങൾ ഉപയോഗിച്ച് സ്വയം ചലിക്കുകയും നീന്തുകയും വളരുകയും സ്വയം മുറിവുകൾ ഉണക്കുകയും ചെയ്യുന്ന ജീവനുള്ള സൂഷ്മയന്ത്രങ്ങൾ നിർമിച്ചു. സെനോബോട്ടുകൾ എന്ന് ശാസ്ത്രജ്ഞർ ഇവയ്ക്കു പേരു നൽകി. സാധാരണമായി തവളയുടെ ദേഹത്തു ചെയ്യുന്ന ധർമങ്ങളിൽനിന്നു വ്യതിചലിച്ചുള്ള ധർമങ്ങൾ തവളയുടെ ഭ്രൂണകോശങ്ങൾ സെനോബോട്ടുകളിൽ പ്രകടിപ്പിച്ചു. പരിണാമം നടക്കുന്നത് തിരിച്ചറിയാൻ ലക്ഷക്കണക്കിനു വർഷങ്ങൾ വേണ്ടിവരുമ്പോൾ ദിവസങ്ങളുടെ വിടവിൽ ശാസ്ത്രജ്ഞർ അത് കൺമുന്നിൽ കണ്ടറിഞ്ഞു. ലോകത്തു ജീവൻ നിലനിൽക്കുന്നതിന്റെ കാരണങ്ങളിലേക്കുള്ള രഹസ്യങ്ങളുടെ വാതിൽ തുറക്കപ്പെടുന്നതുപോലെ.

സൃഷ്ടിക്കപ്പെട്ട സെനോബോട്ടുകൾക്ക് നാഡീകോശങ്ങളോ തലച്ചോറോ ഇല്ലെങ്കിലും മറ്റു ജീവകോശങ്ങളെപ്പോലെ ഗ്ലൂക്കോസ് ഉപയോഗിച്ച് ഇവയ്ക്കു ജീവിക്കാൻ സാധിക്കും. അവയെ ശാസ്ത്രലോകത്തിനു മെഡിക്കൽമേഖലയിൽ ഉപയോഗിക്കാൻ സാധ്യമാണെന്ന് ശാസ്ത്രജ്ഞർ വിലയിരുത്തുന്നു. രക്തക്കുഴലുകളിൽ സഞ്ചരിക്കാനും മാലിന്യങ്ങൾ നീക്കാനും ഇവയെ ഉപയോഗിക്കാൻ ശ്രമം നടക്കുന്നു. ഡിജിറ്റൽ യുഗവുമായി ഇവയെ സമന്വയിപ്പിച്ചാൽ അവയ്ക്കും ജൈവ നാഡീകോശങ്ങളോ ആർട്ടിഫിഷ്യൽ ഇന്റലിജിൻസോ മറ്റ് ഇന്റർഫേസുകളോ സാധ്യമായാൽ ഭാവിയിൽ വിചിത്രജീവികൾ സൃഷ്ടിക്കപ്പെടില്ല എന്നു പറയാൻ ആകുമോ? അങ്ങനെ സൃഷ്ടിക്കപ്പെട്ടാൽ അവ മനുഷ്യകുലത്തിന്റെ നിലനില്പിന് ഇരുതലവാൾതന്നെയാണ്.

ശാസ്ത്രലോകം അത്തരം ഒരു എ.ഐ. അധിഷ്ഠിത യാഥാർഥ്യത്തോടു വളരെ വേഗം അടുത്തുകൊണ്ടിരിക്കുന്നു. കൃത്രിമകോശങ്ങളും കൃത്രിമ മസിലുകളും കൃത്രിമ നാഡീകോശങ്ങളും ലാബുകളിൽ സൃഷ്ടിച്ചു വിജയിച്ചുകഴിഞ്ഞു. നിലവിൽ അവയൊക്കെയും വൈദ്യശാസ്ത്രരംഗത്തെ ഉപയോഗത്തിനു വേണ്ടിയുള്ള വിവിധഘട്ട ഗവേഷണങ്ങളിലാണ്. അവയുടെ സാങ്കേതികതയിലെ മുന്നേറ്റങ്ങൾ മനുഷ്യബുദ്ധിക്കും ശക്തിക്കും വെല്ലുവിളി സൃഷ്ടിക്കുന്ന അതിസങ്കീർണ്ണ ഹ്യൂമനോയിഡുകളിലേക്കും എ.ഐ. റോബോട്ടുകളിലേക്കും എത്തിയേക്കാം.

■

ശ്രേഷ്ഠമലയാളം

# രണ്ട്



ഡോ. ഡേവിസ് സേവ്യർ

തെറ്റായ രൂപങ്ങൾ ഏറെക്കാലം പ്രചരിക്കുകവഴി, ശരിയായ ശബ്ദങ്ങൾ പ്രയോഗത്തിൽനിന്നു മാഞ്ഞുപോകുന്ന പ്രവണത എല്ലാ ഭാഷകളിലും ഉണ്ട്. ഇര് എന്ന ധാതുവിൽനിന്നുണ്ടായ സംഖ്യാനാമമാണ് ഇരണ്ട് (ഇര് + അ + ന് + തു = ഇരണ്ടു→രണ്ട്). ദ്രാവിഡഭാഷാസ്വഭാവമനുസരിച്ച് ര, ല എന്നിവയ്ക്കുമുമ്പ് 'ഇ' എന്ന സ്വരം ചേർക്കേണ്ടതുണ്ട്. ഉദാ. രണ്ട് – ഇരണ്ട്. (രാമൻ–ഇരാമൻ, ലങ്ക–ഇലങ്ക). പതിന്നാലാം നൂറ്റാണ്ടിൽത്തന്നെ ഇരണ്ടിനുപകരം രണ്ട് പ്രചരിച്ചുതുടങ്ങിയിരുന്നു. അക്കാലത്ത് എഴുതപ്പെട്ട ലീലാതിലകത്തിൽ ഇരണ്ടിനെ രണ്ടാക്കുന്നതു ശരിയല്ല എന്ന് ആചാര്യൻ വാദിക്കുന്നുണ്ട്. ഒരുത്തിയെ 'രുത്തി'യാക്കുന്നതുപോലെ അരോചകമാണ് ഇരണ്ടിനെ രണ്ട് ആക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

പക്ഷേ, ഫലിച്ചില്ല. ഇരണ്ട് എന്നന്നേക്കുമായി മാഞ്ഞുപോവുകയും രണ്ട് സ്വീകൃതമാവുകയും ചെയ്തു. ഇരണ്ടിലെ 'ഇ' അപ്രത്യക്ഷമാകാൻ സദൃശസൃഷ്ടിക്കുള്ള പ്രവണത കാരണമായിട്ടുണ്ടാകാം. ആദികാലത്ത്, ഇരുപത്ത് ഒന്ന്, ഇരുപത്ത്, ഇരണ്ട് എന്ന മട്ടിലായിരുന്നിരിക്കണം വാമൊഴിരൂപം. പിന്നീട് ഇരുപത്തിഒന്ന്, ഇരുപത്തിരണ്ട് എന്ന് യതി(നിർത്ത്)യോടുകൂടി ഉച്ചാരണം മാറി. ആയാസലഘൂകരണമായിരിക്കാം കാരണം. ഇപ്രകാരം ഉച്ചരിക്കുമ്പോൾ രണ്ട് എന്ന സംഖ്യാനാമം വേർതിരിഞ്ഞുനില്ക്കും. ഇരണ്ട് എന്നതിലെ 'ഇ', 'ത്തി' എന്നതിൽ ചേർന്നിട്ടുണ്ട് എന്ന വസ്തുത പരിഗണിക്കാതെ വന്നപ്പോൾ, ഇരണ്ട് അല്ല രണ്ട് ആണ് ശരി എന്ന ധാരണ വരാനിടയായി. (ഇരണ്ട് →രണ്ട്) ഇരണ്ടിലെ 'ഇ' അപ്രത്യക്ഷമായത് ഇങ്ങനെയാകാമെന്ന് പ്രഫ. സി. എൽ. ആന്റണി നിരീക്ഷിച്ചിട്ടുണ്ട്.* തമിഴിലെ ഇരണ്ട് മലയാളത്തിൽ രണ്ടായും തെലുങ്കിൽ രെണ്ടായും രൂപംകൊണ്ടു. "ഇരണ്ട് എന്നതിലെ ആദ്യാക്ഷരമായ 'ഇ' ലോപിച്ച് ഉണ്ടായ രൂപമാണ് രണ്ട് എന്നത്. ഇതു ഭാഷാവികസനത്തിന്റെ ഒരു ഘട്ടത്തിലുണ്ടായ ഒരു നയത്തിന്റെ തെറ്റായ അനുകരണമാണ്. രേഫാദിയായ സംസ്കൃതശബ്ദങ്ങളുടെ ആദിയിൽ ഇ ചേർത്ത് തദ്ഭവം ഉണ്ടാക്കുകയും പിന്നീട് മധ്യകാലഘട്ടത്തോടെ 'ഇ' കളഞ്ഞ് തദ്സമരൂപം കൈക്കൊള്ളുകയും ചെയ്തു. രാമൻ – ഇരാമൻ, രവി – ഇരവി, എന്നപോലെ ഉദാഹരണം. രാമൻ എന്നതിനോട് 'ഇ' ചേർന്ന് ഇരാമൻ എന്നായി; പിന്നീട് മധ്യമലയാളത്തിന്റെ അവസാനഘട്ടത്തോടെ ഇരാമൻ എന്നതിലെ ഇ പോയി രാമൻ എന്നായി. ഇങ്ങനെ 'ഇ' പോയ ഘട്ടത്തിൽ ഇരണ്ട് എന്നതിലെയും 'ഇ' പോയി രണ്ട് എന്നു രൂപം കൈക്കൊണ്ടു."**

*ആന്റണി, സി. എൽ., കേരളപാണിനീയഭാഷ്യം, ഡി.സി. ബുക്സ്, കോട്ടയം, 1989, പുറം – 169, 170.

** കുഞ്ഞൻപിള്ള, ശൂരനാട്ട്, മലയാളമഹാനിഘണ്ടു (എഡിറ്റർ), വാല്യം II, കേരളസർവകലാശാല, തിരുവനന്തപുരം, 2003, പുറം–356, 357.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



അവിടുന്നുമാത്രമാണ് അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയുന്നവൻ; അവിടുത്തെ കാരുണ്യം അനന്തമാണ്.

സങ്കീർത്തനങ്ങൾ 136:4

**എഡിറ്റോറിയൽ**

# നിയമപരിഷ്കരണം നീതിനിഷ്ഠമാകണം

**രാ**ജ്യത്തെ മൂന്ന് അടിസ്ഥാനനിയമങ്ങളായ ഇന്ത്യൻ ശിക്ഷാനിയമം (ഐ.പി.സി.), ക്രിമിനൽ നടപടിച്ചട്ടം (സി.ആർ.പി.സി.), ഇന്ത്യൻ തെളിവുനിയമം എന്നിവ കാലത്തിനൊത്തവിധം ഉടച്ചുവാർക്കുന്നതിനുള്ള പുതിയ മൂന്നു നിയമസംഹിതകൾ വർഷകാലസമ്മേളനത്തിന്റെ അവസാനദിവസം ആഭ്യന്തരമന്ത്രി അമിത്ഷാ ലോക്സഭയിൽ അവതരിപ്പിച്ചിരിക്കുന്നു. ഇതു പാർലമെന്റിനകത്തും പുറത്തും ഗൗരവമായ ചർച്ചയ്ക്കു വിഷയമാവേണ്ടതാണ്.

ഐ.പി.സി.ക്കു പകരം ഭാരതീയ ന്യായസംഹിതാബിൽ, സി.ആർ.പി.സി.ക്കുപകരം ഭാരതീയ നാഗരിക് സുരക്ഷാ സംഹിതാബിൽ, ഇന്ത്യൻ തെളിവുനിയമത്തിനുപകരം ഭാരതീയ സാക്ഷ്യബിൽ എന്നിവയാണ് മന്ത്രി അവതരിപ്പിച്ചത്. ഐ.പി.സി. 1860 ലും സിആർപിസി 1898 ലും തെളിവുനിയമം 1872 ലും, അതായത്, ബ്രിട്ടീഷ് കോളനിവാഴ്ചക്കാലത്ത് പ്രാബല്യത്തിൽ വന്നതാണ്.

സിവിൽനിയമങ്ങൾ മനുഷ്യരുടെ നിത്യജീവിതത്തിലെ വ്യവഹാരങ്ങളെ ക്രമപ്പെടുത്തുമ്പോൾ, ക്രിമിനൽനിയമങ്ങൾ സുരക്ഷാസംവിധാനങ്ങളെ നിജപ്പെടുത്തുന്നു. കുറ്റകൃത്യങ്ങളെയും അതിലേർപ്പെടുന്നവരെയും കൈകാര്യം ചെയ്യുന്നതു സംബന്ധിച്ചുള്ള സംവിധാനം പരിഷ്കൃതവും കാലാനുസൃതവുമാക്കണമെന്ന ആവശ്യത്തിനു വർഷങ്ങളുടെ പഴക്കമുണ്ട്. കാലഹരണപ്പെട്ട നടപടിക്രമങ്ങളും യുക്തിരഹിതമായ ശിക്ഷാവിധികളുമാണു വാസ്തവത്തിൽ ഈ ആവശ്യത്തിന് ആക്കംകൂട്ടിയത്. പുതിയ മൂന്നു ബില്ലുകൾ അങ്ങിങ്ങായി ചില മാറ്റങ്ങൾക്കു കാരണമായേക്കാമെങ്കിലും, മനുഷ്യാവകാശസംരക്ഷണത്തിലൂന്നിയ അടിസ്ഥാനപരവും വിപ്ലവകരവുമായ നിയമഭേദഗതികൾക്കും നീതിസങ്കല്പങ്ങൾക്കും മതിയായ ഇടമുണ്ടാകുമോ എന്നു കാത്തിരുന്നു കാണേണ്ടതാണ്. ഏതായാലും, ബില്ലുകൾ നിയമങ്ങളാകാത്തതിനാൽ തുറന്ന ചർച്ചകൾക്കു പ്രാധാന്യവും പ്രസക്തിയുമുണ്ടെന്നു വ്യക്തം.

രാജ്യദ്രോഹക്കുറ്റം (ഐ.പി.സി. 124 – എ) ഒഴിവാക്കി 'ദേശദ്രോഹം' എന്ന വകുപ്പുവരും. സർക്കാരിനെതിരായ പ്രവർത്തനങ്ങൾ രാജ്യദ്രോഹമാവില്ല. അതേസമയം, ഇന്ത്യയുടെ പരമാധികാരത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കുമെതിരേയുള്ള പ്രവർത്തനങ്ങൾക്കു കർശനശിക്ഷ ഉറപ്പാക്കും. പുതിയ വ്യവസ്ഥയിൽ ഭീകരവാദംപോലുള്ള വിഷയങ്ങൾകൂടി ഗൗരവമായി പരാമർശിക്കുന്നുണ്ടെങ്കിലും, രാജ്യവിരുദ്ധ കുറ്റകൃത്യങ്ങളിൽ കൃത്യതക്കുറവിന്റെയും ദുർവ്യാഖ്യാനങ്ങളുടെയും അപകടങ്ങൾ പതിയിരിക്കുന്നുവെന്നതാണു പ്രധാനപ്രശ്നം.

ആൾക്കൂട്ടക്കൊലയ്ക്ക് ഏഴുവർഷം തടവുമുതൽ വധശിക്ഷവരെ ലഭിക്കുന്ന നിയമം ചുമത്തി ആൾക്കൂട്ടക്കൊലപാതകങ്ങളെ കുറ്റകൃത്യമായി നിർവചിക്കാൻ കഴിഞ്ഞത് ശുഭോദർക്കമാണ്. കൂട്ടബലാത്സംഗത്തിന് ഇരുപതു വർഷമോ ജീവപര്യന്തമോ ശിക്ഷയുണ്ടാവും. പ്രായപൂർത്തിയാകാത്തവരെ ബലാത്സംഗം ചെയ്താൽ വധശിക്ഷവരെ വിധിക്കാവുന്നതാണ്.

ആൾക്കൂട്ടക്കൊലയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നതും പ്രാകൃതവും കടുത്ത ശിക്ഷ അർഹിക്കുന്നവയുമാണെങ്കിലും വധശിക്ഷ ആവശ്യമുണ്ടോ എന്ന കാര്യത്തിൽ വ്യത്യസ്താഭിപ്രായമുണ്ട്. ഒരു പരിഷ്കൃതസമൂഹത്തിനു യോജിച്ചതാണോ വധശിക്ഷ എന്ന വാദം പ്രബലമായിക്കൊണ്ടിരിക്കുന്ന കാലമാണിത്. പല ആധുനിക ജനാധിപത്യരാജ്യങ്ങളിലും വധശിക്ഷയ്ക്കെതിരായ പൗരാവകാശമുന്നേറ്റങ്ങൾ വിജയിച്ചതിന്റെ ഭാഗമായി തൂക്കുമരങ്ങൾ ഇല്ലാതായ ചരിത്രസന്ധിയിൽ തികച്ചും വിപരീതദിശയിലാണ് ഇന്ത്യയുടെ ചിന്താധാരയെന്നു പുതിയ ന്യായസംഹിതകൾ സൂചിപ്പിക്കുന്നു.

വധശിക്ഷയുടെ വിപുലീകരണംപോലെതന്നെ അലോസരപ്പെടുത്തുന്നതാണ് ഏകാന്തത്തടവിനുള്ള വ്യവസ്ഥകൾ. സുനിൽ ബത്ര(1978), കിഷോർസിങ് രവീന്ദ്രർ(1980), ചാൾസ് ശോഭരാജ്(1978) കേസുകളിലെ വിധികളിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരെപ്പോലുള്ള പ്രഗല്ഭരായ ന്യായാധിപർ ഏകാന്തത്തടവിന്റെ പ്രാകൃതസ്വഭാവത്തെ നിശിതമായി വിമർശിച്ചവരാണ്. എന്നാൽ, പുതിയ ന്യായസംഹിതയിൽ ബില്ലിന്റെ 11–ാം വകുപ്പിൽ അത് ഒരു ശിക്ഷാവിധിയായി തുടരുന്നതു കാണേണ്ടിവരുന്നു.

ഐ.പി.സി.യിലെ 22 വകുപ്പുകൾ ഇല്ലാതാകും. 175 വകുപ്പുകളിൽ മാറ്റങ്ങൾ വരും. ഒമ്പതു പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കും. സി.ആർ.പി.സി.യിലെ ഒമ്പതു വകുപ്പുകൾ ഇല്ലാതാവുകയും 107 എണ്ണത്തിൽ മാറ്റം വരികയും ചെയ്യും. ഒമ്പതെണ്ണം പുതുതായി ചേർക്കും. തെളിവുനിയമത്തിലെ അഞ്ചു വകുപ്പുകളാണ് ഇല്ലാതാകുന്നത്. 23 എണ്ണത്തിൽ മാറ്റമുണ്ടാവും. പുതുതായി ഒരു വ്യവസ്ഥകൂടി ചേർക്കാനാണ് ബിൽ നിർദേശിക്കുന്നത്.

സ്വാഗതാർഹമായ പല വ്യവസ്ഥകളും നിർദേശിക്കുന്നുണ്ടെങ്കിലും, നിയമവാഴ്ച കാലങ്ങളായി തകർന്നുകിടക്കുന്ന സംസ്ഥാനങ്ങളിലും ഗ്രാമപ്രദേശങ്ങളിലും പുതിയ ബില്ലുകൾ മനുഷ്യരുടെ ആശങ്കകൾക്കു പരിഹാരമാകുമോ എന്നത് ചോദ്യചിഹ്നമായി അവശേഷിക്കുന്നു. രാഷ്ട്രനന്മയും സമൂഹസുസ്ഥിതിയും ആഗ്രഹിക്കുന്ന ഓരോ പൗരനും പുതിയ ബില്ലുകളുടെയും നിയമങ്ങളുടെയും കാര്യത്തിൽ കൂടുതൽ ചർച്ചകൾക്കും പഠനങ്ങൾക്കും വിമർശനബുദ്ധ്യാ തയ്യാറാകേണ്ടിയിരിക്കുന്നു. ഓരോ പുതിയ നിയമനിർമാണവും ഭേദഗതിയും ജനങ്ങൾക്കു സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന സംവാദങ്ങളുടെ ബാക്കിപത്രമാകട്ടെ.

## സ്വാതന്ത്ര്യത്തിന്റെ വിലയറിയാത്തവർ

ഡോ. ബി. സന്ധ്യയുടെ സ്വാതന്ത്ര്യദിനചിന്തകൾ കാലോചിതമായി. ദേശാഭിമാനപ്രചോദിതയായി അവർ പറഞ്ഞുവയ്ക്കുന്ന കാര്യങ്ങൾ അർഥവത്താണ്. ചെറുതെങ്കിലും ഏറെ ആഴങ്ങളുള്ള ഒരു ലേഖനമായിരുന്നു അത്. സ്കൂൾ ജീവിതകാലത്തെ ഓർത്തെടുത്തുകൊണ്ട്, ഒരുനാൾ സ്വാതന്ത്ര്യദിനാഘോഷവേളയിൽ ചാച്ചാനെഹ്റുവായി വേഷമിട്ടതിനെക്കുറിച്ച് അവർ പുളകം കൊള്ളുന്നു. അത്തരം നല്ല ഓർമകൾ ഏതു ദേശസ്നേഹിക്കും അഭിമാനമുണർത്തുന്ന കാര്യങ്ങളാണ്.

പോയകാലങ്ങളിലെ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ചൈതന്യം ഇന്നുണ്ടോ? ഔപചാരികചടങ്ങുകൾ നാടെങ്ങും അരങ്ങേറിയെന്നതു നേര്. പക്ഷേ, മുൻകാലങ്ങളിലെ ഹൃദയശുദ്ധി നമ്മുടെ പ്രവർത്തനങ്ങളിൽ ഇന്നില്ല? എല്ലാവരും സ്വാർഥപ്രേരിതരായിരിക്കുന്നു. സാഹോദര്യമെന്ന വാക്കിന് അർഥം നഷ്ടപ്പെട്ടിരിക്കുന്നു. ആരെ വഞ്ചിച്ചും കൊന്നും എങ്ങനെ പത്തു കാശുണ്ടാക്കാമെന്ന ചിന്തയാണ് ഇന്ന് ആളുകളെ ഭരിക്കുന്നത്. സാമൂഹികരാഷ്ട്രീയവ്യവസ്ഥിതിയിൽ നിലനില്ക്കുന്ന ക്രമക്കേടുകൾ ജനങ്ങളെ അസ്വസ്ഥരാക്കുന്നു. സത്യത്തിനും നീതിക്കും വിലയില്ലാതെ വരുമ്പോൾ നേരുള്ളവനും അടിപതറുന്നു.

ആരെയും ഹനിക്കാത്ത അഹിംസയെന്ന സമരായുധത്തിലൂടെയാണ് മഹാത്മജി നമുക്കു സ്വാതന്ത്ര്യം നേടിത്തന്നതെന്ന കാര്യമേ ആളുകൾ ഇന്നു മറന്നുപോയിരിക്കുന്നു. അന്നത്തെ നേതാക്കൾക്കെല്ലാംതന്നെ ചില മൂല്യസങ്കല്പങ്ങളുണ്ടായിരുന്നു. ആ മൂല്യസങ്കല്പങ്ങൾ ഇന്നെവിടെ?

തനിക്കിഷ്ടമില്ലാത്തവരെയും തന്റെ തോന്ന്യാസങ്ങൾക്കു കൂട്ടുനില്ക്കാത്തവരെയും തന്റെ രാഷ്ട്രീയഗൂഢലക്ഷ്യങ്ങൾക്കു തടസ്സം നില്ക്കുന്നവരെയും തേജോവധം ചെയ്തു നശിപ്പിക്കുകയെന്നതാണ് പലരുടെയും ഇന്നത്തെ സ്വാതന്ത്ര്യസങ്കല്പം. വികസനത്തിന്റെ പേരിൽ ഞെളിഞ്ഞുനില്ക്കുന്നതിനു മാത്രമായി പാവപ്പെട്ടവന്റെ അന്നം മുട്ടിക്കുന്നതിന് ഭരണകർത്താക്കൾക്കും ഒരു കൂസലുമില്ലായെന്ന് നാം കണ്ടുകൊണ്ടിരിക്കുന്നു. ഇവരെയൊക്കെ സ്വാതന്ത്ര്യത്തിന്റെ വിലയറിയാത്തവരെന്നോ അതോ സ്വാതന്ത്ര്യത്തിനു വില കല്പിക്കാത്തവരെന്നോ വിളിക്കേണ്ടത്?

– ജോർജ് ജോസഫ്
തിടനാട്



## പ്രതികരണം

### പുതുമയുള്ള നോവൽ

പ്രമേയപശ്ചാത്തലം പഴയതാണെങ്കിലും തേക്കിൻകാട് ജോസഫിന്റെ നോവൽ പുതുമ പകരുന്നുണ്ട്. നോവലിലെ കഥാപാത്രങ്ങളുടെ പേരുകളൊക്കെ പരിചയത്തിലാകാൻ അല്പം സമയമെടുത്തു. ഏറെ സാമ്യമുള്ളവയാണല്ലോ പേരുകൾ പലതും. എങ്കിലും നോവലിലെ കഥാപാത്രങ്ങൾ വലിയ പുരുഷശരീരികളായും ഒത്ത മഹിളാമണികളായും വായനക്കാരുടെ മനസ്സിൽ ഉയിർത്തെഴുന്നേറ്റു നിൽക്കുന്നു.

വിശാലമായ കാൻവാസിലാണ് നോവലിസ്റ്റ് കഥ പറയുന്നത്. കൃതഹസ്തനായ ഒരു എഴുത്തുകാരനുമാത്രം സാധിക്കുന്ന കാര്യമാണിത്.

ഏതായാലും ഒരു വിദൂരഭൂതകാലത്തെ ഇക്കാലഘട്ടത്തിലേക്കു പ്രത്യാനയിക്കുന്നതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു. നോവലിസ്റ്റിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ.

– കൊച്ചുറാണി അഗസ്റ്റിൻ
കുറുമണ്ണ്

## തൊഴിൽമാഹാത്മ്യം

അഡ്വ. വി. സി. സെബാസ്റ്റ്യന്റെ ലേഖനം (കേരളത്തെ രക്ഷിക്കാൻ ഇനി ആരു വരും? – നാളം 22) കാലികവും ചിന്തോദ്ദീപകവുമായിരുന്നുവെന്നു പറയട്ടെ. ശമ്പളവും ബോണസും കൊടുക്കാനേ ഖജനാവിൽ പണമുള്ളൂ എന്ന സ്ഥിതി, ഈ സർക്കാരിന്റേതെന്നല്ല മിക്ക സർക്കാരുകളുടെയും അവസ്ഥയാണ്.

കാര്യങ്ങൾ ഇഴപിരിച്ചു പരിശോധിച്ചാൽ ശമ്പളക്കാര്യത്തിൽ വലിയ അനീതി സമൂഹത്തിൽ നിലനില്ക്കുന്നതു തിരിച്ചറിയാൻ കഴിയും. സോഷ്യലിസം പ്രസംഗിക്കുന്ന ആരും അങ്ങോട്ടു തിരിഞ്ഞുനോക്കാറേയില്ല. അസംഘടിതമേഖലയിൽ ജോലി ചെയ്യുന്നവരുടെ കാര്യം പോട്ടെ. സംഘടിതമേഖലയിൽ ജോലി ചെയ്യുന്നവന്റെ ശമ്പളം ഗ്രേഡനുസരിച്ചാണ്. എന്നാൽ, വാങ്ങുന്ന ശമ്പളത്തിനനുസരിച്ചുള്ള കൂറ് പൊതുജനങ്ങളോടുണ്ടോ? വാസ്തവത്തിൽ, ശമ്പളം കൂടുന്നതനുസരിച്ചു ജോലിഭാരം കുറയുകയാണ്. പക്ഷേ, അവർക്ക് ഉത്തരവാദിത്വം കൂടുതലാണെന്നും പ്രായം ചെല്ലുന്നതനുസരിച്ച് അധ്വാനശേഷി കുറയുമെന്നുമുള്ള ന്യായം അവർക്കു കൂട്ടിനുണ്ട്. അതു വകവച്ചുകൊടുക്കാമെന്നു വയ്ക്കാം.

ചോദ്യമതല്ല. ജോലിഭാരമനുസരിച്ച് നീതിയുക്തമായാണോ ഇവിടെ ശമ്പളം വിതരണം ചെയ്യുന്നത്? ഈയിടെ കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. മന്ത്രി ശിവൻകുട്ടിയെ സ്റ്റേജിലിരുത്തിക്കൊണ്ട്, അധ്യാപകരുടെ ശമ്പളവും പൊലീസുകാരുടെ ശമ്പളവും തമ്മിലുള്ള അന്തരവും അതിലെ കടുത്ത അനീതിയും ചൂണ്ടിക്കാട്ടി ഒന്നാന്തരമായി പ്രതികരിക്കുന്ന ഒരു വീഡിയോ യൂട്യൂബിൽ കാണാനിടയായി. എത്രയോ വലിയ സത്യമാണത്! മഴയെന്നോ വെയിലെന്നോ ഇല്ലാതെ ഇരുപത്തിനാലു മണിക്കൂറും പണിയെടുക്കുന്ന പൊലീസുകാർ. ഈ പാവം പൊലീസുകാരുടെ കഷ്ടപ്പെടും ശമ്പളവും അവധിയും മറ്റാനുകൂല്യങ്ങളുമെല്ലാം അധ്യാപകരുടേതുമായി ഒന്നു താരതമ്യം ചെയ്തു നോക്കാനാണ് ഗണേഷ് കുമാർ പറയുന്നത്. ഇതൊന്നും കാണാൻ സംഘടിതശക്തികൾക്കു വിടുപണി ചെയ്യുന്ന സർക്കാരുകൾക്കു കണ്ണില്ല.

– ബീനാ ജോസഫ്
കാഞ്ഞിരപ്പള്ളി

# റബറിന്റെ വില നിശ്ചയിക്കുന്നതാര്?

(3-ാം പേജ് തുടർച്ച)

റബർ ആക്ട് 1947ന്റെ 13-ാം വകുപ്പുപ്രകാരം സർക്കാരിന് (റബർ ബോർഡിനല്ല) റബറിന് കുറഞ്ഞ വിലയോ, കൂടിയ വിലയോ രണ്ടും ഒരുമിച്ചോ നിശ്ചയിക്കാവുന്നതാണ്. പ്രസ്തുത കുറഞ്ഞ വിലയിലും താഴ്ത്തിയോ, പരമാവധി വിലയിൽ ഉയർത്തിയോ റബർ വാങ്ങുകയോ വിൽക്കുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല. അങ്ങനെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവർക്ക് ഒരുവർഷം വരെ തടവോ പിഴയോ ഇവ രണ്ടുംകൂടിയോ അനുഭവിക്കേണ്ടിവരും. കോടതികളിൽ ഈ വകുപ്പ് ഉയർത്തിക്കാട്ടി പലപ്പോഴും കർഷകർ വിലത്തകർച്ച നേരിടുമ്പോൾ വാദമുയർത്തിയിട്ടുണ്ട്.

2022 ലെ ബില്ലിൽ 30-ാം വകുപ്പായി ഇത് ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ, 2023ലെ നിർദിഷ്ട ബില്ലിൽനിന്ന് ഈ വകുപ്പ് പരിപൂർണമായി ഒഴിവാക്കിയിരിക്കുന്നു. അസംസ്കൃതവസ്തുവിന്റെയും ഉത്പന്നത്തിന്റെയും വില നിശ്ചയിക്കാൻ വ്യവസായികൾക്കു വളഞ്ഞ വഴിയിലൂടെ അംഗീകാരം നല്കുന്നതു ശരിയായ നടപടിയോ? റബറിനു താങ്ങുവില നിശ്ചയിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചർച്ച ചെയ്യാമെന്ന് വാണിജ്യവകുപ്പ് അഡീഷണൽ സെക്രട്ടറി 2023 ജൂലൈ 14 ലെ കോട്ടയം ചർച്ചയിൽ ഉറപ്പുനല്കിയത് നിലവിലെ 13-ാം വകുപ്പു റദ്ദു ചെയ്യപ്പെട്ടിരിക്കുമ്പോൾ തട്ടിപ്പായിരുന്നുവെന്നു വ്യക്തം.

**റബർ ബോർഡിൽ അഴിച്ചുപണി**

റബർബോർഡിന്റെ ഡയറക്ടർ ബോർഡിലും വൻ അഴിച്ചുപണിയാണ് പുതിയ ബില്ലിൽ നിർദേശിച്ചിരിക്കുന്നത്. മൂന്നാം അധ്യായത്തിൽ 14 മുതൽ 31 വരെയുള്ള വകുപ്പുകളാണ് ഇക്കാര്യത്തിലൂന്നിയുള്ളത്. നിലവിലുള്ള 28 വകുപ്പുകളിൽനിന്ന് 57 വകുപ്പുകളിലേക്കു പുതിയ ബില്ല് മാറുവാനുള്ള പ്രധാന കാരണവും ഇതുതന്നെ. 15-ാം വകുപ്പിൽ റബർ ബോർഡിന്റെ ഘടനയുടെ പുതിയ ആവിഷ്കാരമാണ്. 30 അംഗങ്ങളിൽ കൂടാത്ത റബർ ബോർഡിൽ കേന്ദ്ര സർക്കാർ നിയമിക്കുന്ന ചെയർമാൻ, പാർലമെന്റിൽ നിന്നുള്ള 3 അംഗങ്ങൾ, കേന്ദ്രസർക്കാർ വകുപ്പിൽനിന്നു 3 പേർ എന്നിവരെക്കൂടാതെ 20 പേർ റബർ മേഖലയുടെ വിവിധ തലങ്ങളിൽ ബന്ധപ്പെടുന്നവരും ഉൾപ്പെടുന്നു. റബർബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ചീഫ് ഫൈനാൻസ് ഓഫീസർ എന്നിവരെ കൂടാതെ റബർ പ്രൊഡക്ഷൻ കമ്മീഷണറും ബോർഡിൽ അംഗമാണ്.

മേൽസൂചിപ്പിച്ച 20 അംഗങ്ങളിൽ തമിഴ്നാട് (2), കേരളം (6), ത്രിപുര(2), മറ്റു വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ (2), റബർ പരമ്പരാഗതമല്ലാത്ത സംസ്ഥാനങ്ങളിൽനിന്ന് (2), റബർ മാനുഫാക്ചേഴ്സ് (2), തൊഴിലാളികൾ, പ്ലാന്റേഷൻ ജീവനക്കാരുടെ പ്രതിനിധികൾ (2), വ്യാപാരികൾ, വ്യവസായികൾ, ഗവേഷകവിഭാഗത്തിൽനിന്ന് (2) എന്നിവരുൾപ്പെടുന്നു. അതേസമയം, റബർ വ്യവസായത്തിലെ പ്രഗല്ഭരെയും വിദഗ്ദ്ധരെയും ആവശ്യമെന്നുണ്ടെങ്കിൽ കേന്ദ്രസർക്കാരിനു വീണ്ടും ഉൾപ്പെടുത്താം. ഡയറക്ടർമാരിൽ രണ്ടു പേർ സ്ത്രീകളായിരിക്കണം.

നിലവിൽ ബോർഡിലെ അംഗങ്ങളുടെ എണ്ണം 24 ആണ്. പുതിയ ബില്ലിൽ കേരളത്തിന്റെ പ്രാതിനിധ്യം 8 ൽ നിന്ന് 6 ആയി കുറയും. ഇതിൽ രണ്ടുപേരെ കേരളസർക്കാർ നിർദേശിക്കും. ബാക്കി നാലുപേർ തൊഴിലാളി, വൻകിട കൃഷിക്കാർ, ചെറുകിടകൃഷിക്കാർ, റബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ എന്നിവരെ പ്രതിനിധീകരിക്കും. ഇതാദ്യമായാണ് ആർപിഎസുകൾക്ക് ബോർഡിൽ പ്രാതിനിധ്യമൊരുങ്ങുന്നത്. എൻഎഫ്ആർപിഎസ് കാലങ്ങളായി ഈ ആവശ്യം മുന്നോട്ടുവച്ചിരുന്നു. നിലവിലുള്ള 24 അംഗ ബോർഡിൽ 8 പേർ കേരളത്തിൽ നിന്നുള്ളവരായിട്ടുപോലും റബർകർഷകൻ സംരക്ഷിക്കപ്പെടാതിരുന്നതിന്റെ നേർസാക്ഷ്യം മുന്നിലുള്ളപ്പോൾ ബോർഡിന്റെ ഘടന മാറിയതുകൊണ്ട് കർഷകന് പുതിയ ബില്ലിലൂടെ ആശ്വാസമൊന്നുമുണ്ടാകില്ലെന്നു വളരെ വ്യക്തമല്ലേ?

**അധികാരമില്ലാത്ത റബർ ബോർഡ്**

സ്വയംഭരണം നഷ്ടപ്പെട്ട് ഉപദേശകന്റെ റോളിലേക്ക് നിർദിഷ്ടബില്ലിലൂടെ റബർബോർഡ് മാറും. പുതിയ ബില്ലിലെ അഞ്ചാം അധ്യായം റബർബോർഡിന്റെ കടമയും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കുന്നു. റബർമേഖലയുടെ പ്രോത്സാഹനവും വികസനവും ബോർഡിൽ നിക്ഷിപ്തമാണെന്നിരിക്കേ, തീരുമാനങ്ങളും നിയന്ത്രണവും ഉത്തരവുകളും വാണിജ്യവ്യവസായമന്ത്രാലയം നടപ്പിലാക്കും. റബർബോർഡിനെക്കുറിച്ചുള്ള കർഷകരുടെ സങ്കല്പങ്ങളും ഇന്നലെകളിലെ യാഥാർഥ്യങ്ങളും പൊളിച്ചെഴുതപ്പെടുന്നു. റബർവിപണിയെ ഏറെ നിയന്ത്രിക്കുന്ന ഇറക്കുമതിയും കയറ്റുമതിയും സംബന്ധിച്ച് ബോർഡിന് കേന്ദ്രസർക്കാരിന് ഉപദേശം നല്കാം. അതിനപ്പുറം ഇക്കാര്യത്തിൽ അധികാരമൊന്നുമില്ല. റബറുത്പാദനം, വിപണനം, ഗുണനിലവാരം, ഗവേഷണം എന്നീ വിഷയങ്ങളിൽ പ്രോത്സാഹനവികസനപദ്ധതികളും നിർദേശിക്കാം.

റബർവ്യവസായികളും വൻകിട കോർപ്പറേറ്റുകളുമായിചേർന്ന് റബർവ്യവസായം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്വവും റബർബോർഡിനുണ്ട്. വ്യവസായികളുടെ സാമ്പത്തിക സഹായത്തോടെയുള്ള വടക്കുകിഴക്കൻ കൃഷിവ്യാപനം ഇതിനുദാഹരണമാണ്. റബർവിപണിയുടെ ഇന്ത്യയിലെയും വിദേശത്തെയും സാധ്യതകളും വിശദാംശങ്ങളും കണക്കുകളും പഠിക്കുക, വിവിധ ദേശീയ, അന്തർദേശീയ ഗവേഷണകേന്ദ്രങ്ങളുമായി ബന്ധപ്പെട്ടു പദ്ധതികളാവിഷ്കരിക്കുക, പഠനറിപ്പോർട്ടുകൾ സമർപ്പിക്കുക എന്നിവയും ബോർഡിന്റെ ഉത്തരവാദിത്വത്തിൽപ്പെടുന്നു. ചുരുക്കത്തിൽ, റബർബോർഡ് അധികാരങ്ങൾ നഷ്ടപ്പെട്ട ഒരു റബർ സ്റ്റാമ്പായി പുതിയ ബില്ലിലൂടെ മാറുന്നു.

**ലൈസൻസ് മാറ്റി രജിസ്ട്രേഷൻ**

1947 ലെ റബർ ആക്ടിലെ 14, 15 വകുപ്പുകൾ പ്രകാരം, റബറിന്റെ ക്രയവിക്രയത്തിനായി റബർബോർഡിൽനിന്നു വ്യാപാരികൾ ലൈസൻസ് വാങ്ങണമായിരുന്നു. ലൈസൻസിന് നിശ്ചിത സമയപരിധിയും പുതുക്കലും ചില സാഹചര്യങ്ങളിൽ പിൻവലിക്കലും ഏർപ്പെടുത്തിയിരുന്നു. എന്നാൽ, 2022 ലെ കരടുബില്ലിലെ ഏഴാം വകുപ്പിലിതു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്ന തലത്തിലേക്കു മാറ്റി. രജിസ്ട്രേഷനാകുമ്പോൾ സ്വാഭാവികമായും സമയപരിധിയോ പുതുക്കലോ ആവശ്യമില്ല. ഒരിക്കൽമാത്രം മതിയാകും. അപേക്ഷിച്ചുകഴിഞ്ഞാൽ 60 ദിവസത്തിനുള്ളിൽ ലഭിക്കും. കർഷകരെ സംബന്ധിച്ചിടത്തോളം നിലവിൽ 10-ാം വകുപ്പുപ്രകാരം തങ്ങളുടെ റബർകൃഷിയുള്ള തോട്ടങ്ങൾ റബർബോർഡിൽ രജിസ്റ്റർ ചെയ്യണം. ഇതിനായി റബർക്കൃഷിക്കും ആവർത്തനക്കൃഷിക്കും സ്ഥലവിസ്തീർണം റബർബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ചു ലൈസൻസു നല്കുമായിരുന്നു. ഇക്കാര്യങ്ങൾ സംബന്ധിച്ചു വ്യക്തത 2023 ലെ ബില്ലിലില്ല. സംസ്ഥാനസർക്കാരിന്റെ റബർ പ്രോത്സാഹന പദ്ധതിക്കുപോലും ആധാരമാകുന്നത് ഈ വിശദാംശങ്ങളും രേഖകളുമാണെന്നിരിക്കേ, പുതിയ നിയമത്തിൽ ഈ കർഷക സംബന്ധമായ വിഷയം സജീവമായി പരിഗണിക്കേണ്ടതാണ്. നിർദിഷ്ടബില്ലിന്റെ ഏഴാം വകുപ്പനുസരിച്ച്, പത്തു ഹെക്ടറിൽ കൂടുതൽ വിസ്തീർണമുള്ള റബർതോട്ടക്കാർക്ക് റബർ വിൽക്കാൻപോലും ബോർഡു നല്കുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

റബർക്കൃഷിയെയും കർഷകരെയും അവഗണിച്ച് പ്രകൃതിദത്തറബറിന്റെ രാജ്യാന്തരവിപണിയും ഇറക്കുമതിയും കാലക്രമേണ കൃത്രിമറബറിന്റെ അനിയന്ത്രിത ഇറക്കുമതിയും ലക്ഷ്യംവയ്ക്കുകയാണോ ഇതിന്റെ പിന്നിലെന്നും സംശയിക്കാം.

**കർഷകസംരക്ഷണമെവിടെ?**

ലോകത്തിന്റെ മാറ്റങ്ങൾക്കും വളർച്ചയ്ക്കുമനുസരിച്ച് നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങളുണ്ടാവുകയെന്നതിനെ നിഷേധിക്കുന്നില്ല. പക്ഷേ, മാറ്റങ്ങൾ അടിസ്ഥാനജനവിഭാഗത്തെ അടിച്ചമർത്തി വേണമോ? പുതിയ റബർ നിയമനിർദേശത്തിലൂടെ അതാണു സംഭവിച്ചിരിക്കുന്നത്. റബറുത്പാദകനെ പരസ്യമായി ഉപേക്ഷിച്ചു വ്യവസായികൾക്കായി വാതിൽ തുറന്നുകൊടുത്തിരിക്കുന്നത് 2023 ബില്ലിന്റെ രണ്ടാം അധ്യായമായ പ്രോത്സാഹനവും വികസനവും എന്ന ഭാഗത്തു വ്യക്തമാക്കുന്നുണ്ട്.

പ്രോത്സാഹനനിർദേശങ്ങളിൽ ചിലതു പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണംതന്നെ. ചെറുകിടകർഷകനെയും കയറ്റുമതിയെയും പ്രോത്സാഹിപ്പിക്കുമെന്നു പറയുമ്പോഴും ഇറക്കുമതി നിയന്ത്രിക്കുന്നതു സംബന്ധിച്ച് ഒരു സൂചനയുമില്ല. റബർക്കൃഷി പ്രോത്സാഹിപ്പിച്ച് ഉത്പാദനം കൂട്ടുമെന്നു പറയുന്നു. പരമ്പരാഗത റബർമേഖലയോടൊപ്പം പരമ്പരാഗതമല്ലാത്തയിടങ്ങളിലേക്കും റബർ വ്യാപിപ്പിക്കുമെന്നും സൂചിപ്പിക്കുന്നത് മുൻകാലങ്ങളിലില്ലാത്ത കാലാനുസൃത കൂട്ടിച്ചേർക്കലാണ്. റബർ വ്യവസായത്തിനു പ്രോത്സാഹനവികസനപദ്ധതികൾ വിന്യസിപ്പിക്കുമെന്ന കൂട്ടിച്ചേർക്കൽ ഇപ്രാവശ്യമുണ്ട്. പക്ഷേ, കർഷകസംരക്ഷണമെവിടെയെന്ന ചോദ്യം ബാക്കിയാവുന്നു.

വിലത്തകർച്ചയിൽ തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന റബർമേഖലയിലെ ലക്ഷക്കണക്കിനു കർഷകരെ ചവിട്ടിത്താഴ്ത്തുന്ന നിയമനിർമാണവുമായി കേന്ദ്രസർക്കാർ നീങ്ങുമ്പോൾ സഹായിക്കാനും കർഷകർക്കായി ശബ്ദിക്കാനും ആരുമില്ലാത്ത ദയനീയാവസ്ഥ തുടരുന്നു. കർഷകസംരക്ഷകരായി കഴിഞ്ഞകാലങ്ങളിൽ അവതരിച്ചു വോട്ടുവാങ്ങി പോക്കറ്റിലിട്ടവരൊക്കെ എവിടെപ്പോയി? റബറിന് കിലോയ്ക്ക് 300 രൂപ പരിഗണനയിലില്ലെന്നുള്ള കേന്ദ്ര വാണിജ്യസഹമന്ത്രി അനുപ്രിയ പട്ടേലിന്റെ ലോകസഭയിലെ പ്രഖ്യാപനവും കൂടി വന്നിരിക്കുമ്പോൾ അക്കാര്യത്തിലും തീരുമാനമായി. നികുതി ഉയർത്തി ഇറക്കുമതി നിയന്ത്രിച്ചുവെന്ന് വാണിജ്യമന്ത്രി അവകാശവാദമുന്നയിക്കുമ്പോഴും വിപണിയിൽ വില ഉയർന്നില്ലെന്നു മാത്രമല്ല തകർച്ച നേരിടുന്നുവെന്ന യാഥാർഥ്യവും നിലനില്ക്കുന്നു. ഇതിനിടയിലാണ് നിലവിലുള്ള റബർ നിയമം (റബർ ആക്ട് 1947) റദ്ദുചെയ്ത് പുതിയ നിയമം (റബർ പ്രോത്സാഹന വികസന ആക്ട് 2023) കേന്ദ്രസർക്കാർ പാർലമെന്റിൽ പാസ്സാക്കാനൊരുങ്ങുന്നത്. ■





മെത്രാഭിഷേകസുവർണ്ണജൂബിലി സപ്ലിമെന്റ്



# ദൈവസ്നേഹത്തിന്റെ സൗമ്യമുഖം



ഡോ. കെ.കെ.ജോസ് കണിച്ചുകാട്ട്

**ആ**ഴമായ വിശ്വാസവും പാണ്ഡിത്യവും നർമവും മുഖമുദ്രയാക്കിയ ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ 97-ാം വയസ്സിൽ മെത്രാഭിഷേകത്തിന്റെ സുവർണജൂബിലി ആഘോഷിക്കുകയാണ്. സീറോ മലബാർ സഭയ്ക്കും പാലാ രൂപതയ്ക്കും ഇത് അഭിമാനനിമിഷം.

മുത്തോലപുരം ഗ്രാമത്തിൽ പള്ളിക്കാപറമ്പിൽ ദേവസ്യാ - കത്രീനാ ദമ്പതികളുടെ രണ്ടാമത്തെ പുത്രനായാണ് 1927 ഏപ്രിൽ 10 ന് ഔസേപ്പച്ചന്റെ ജനനം. മുത്തോലപുരത്തെ സമ്പന്ന കർഷകകുടുംബങ്ങളിലൊന്നായിരുന്നു പള്ളിക്കാപറമ്പിൽ കുടുംബം. അതിനാൽത്തന്നെ മണ്ണിനോടും കൃഷിയോടും അദ്ദേഹത്തിനു താത്പര്യമായിരുന്നു. അദ്ദേഹത്തിന്റെ അമ്മ കത്രീനായുടെയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെയും പിതാക്കന്മാർ സഹോദരങ്ങളായിരുന്നു. രാമപുരം ഫൊറോനാപ്പള്ളിയിൽവച്ച് തേവർപറമ്പിൽ കുഞ്ഞച്ചനായിരുന്നു ഔസേപ്പച്ചനു മാമ്മോദീസാ നല്കിയത്. ആദ്യകുർബാനസ്വീകരണവും രാമപുരംപള്ളിയിൽവച്ചുതന്നെയായിരുന്നു.

മുത്തോലപുരത്തെ തറവാട്ടിലാണ് ഔസേപ്പച്ചന്റെ വിദ്യാരംഭം. ആശാൻകളരിയിലായിരുന്നു അക്ഷരം പഠിച്ചത്. അതിനുശേഷം മുത്തോലപുരം പള്ളിക്കു സമീപമുണ്ടായിരുന്ന ഗവൺമെന്റ് എൽ.പി.സ്കൂളിൽ ഒന്നുമുതൽ നാലാം ക്ലാസുവരെ പഠിച്ചു. ഇലഞ്ഞി സെന്റ് പീറ്റേഴ്സിലായിരുന്നു മിഡിൽസ്കൂൾ പഠനം. തുടർന്ന് വാഴക്കുളം ഇൻഫന്റ് ജീസസ് ഹൈസ്കൂളിൽ ചേർന്ന്, കൊവേന്തവക ബോർഡിങ്ങിൽ താമസിച്ചു. വാഴക്കുളത്തുനിന്നു പഠനത്തിനായി മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിൽ ചേർന്ന് ഇ.എസ്.എൽ.സി. പാസ്സായി.

1943 ൽ ഇന്റർമീഡിയറ്റിനു ചങ്ങനാശേരി എസ്.ബി. കോളജിൽ ചേർന്നു. സമർഥനും സൗമ്യനും സൽസ്വഭാവിയും സദാ പ്രസന്നനുമായ വിദ്യാർഥിയായിട്ടാണ് ജോസഫിനെ എല്ലാവരും കണ്ടിരുന്നത്. ഇക്കാലത്ത് ഫാ. ജോസഫ് കുരീത്തടം എസ്.ബി. കോളജിൽ ബർസാറും ഇംഗ്ലീഷ് പ്രഫസറുമായിരുന്നു. ഇലഞ്ഞിക്കാരനായ കുരീത്തടത്തിലച്ചൻ പി.ഡി. ജോസഫിനെ കാര്യമായി സ്വാധീനിച്ച വന്ദ്യദേഹമാണ്. കുരീത്തടത്തിലച്ചന്റെ മാർഗനിർദേശം ജോസഫിന്റെ ദൈവവിളിക്കു പ്രേരകമായിട്ടുണ്ടെന്നു പറയുന്നു.



വർക്കി ദേവസ്യ പള്ളിക്കാപറമ്പിൽ - കത്രീന കോയപ്പിള്ളിൽ
(പിതാവിന്റെ മാതാപിതാക്കൾ)

1945 ൽ ഇന്റർമീഡിയറ്റ് പാസ്സായ പി.ഡി. ജോസഫ് ഉപരിപഠനത്തിനായി തൃശ്നാപ്പള്ളി സെന്റ് ജോസഫ്സ് കോളജിൽ ചേർന്നു. ബി.എ.യ്ക്ക് ഇക്കണോമിക്സായിരുന്നു ഐച്ഛികവിഷയം. പഠനത്തോടൊപ്പം ബാസ്കറ്റ്ബോൾ കളിയിലും മറ്റു പാഠ്യേതരവിഷയങ്ങളിലും പി.ഡി. ജോസഫ് മികവു പ്രകടിപ്പിച്ചിരുന്നു.

1947 ൽ ഒന്നാംക്ലാസോടെ ബി.എ. പാസായ ജോസഫ് ഒന്നാംസ്ഥാനത്തിനുള്ള മെഡലും കരസ്ഥമാക്കി. എം.എ.യ്ക്ക് മദ്രാസ് ലയോള കോളജിൽ ചേർന്നു. അവിടെ ബാസ്കറ്റ് ബോൾ ടീം ക്യാപ്റ്റനും യൂണിവേഴ്സിറ്റി ടീം അംഗവുമായിരുന്നു. 1949 ൽ എം.എ. പാസായ ഉടൻ ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ അധ്യാപകനാകാൻ ക്ഷണം ലഭിച്ചെങ്കിലും അതു നിരസിച്ചു. വിദ്യാർഥിയായിരിക്കെത്തന്നെ അദ്ദേഹം സ്വന്തം ജീവിതനിയോഗം തിരിച്ചറിഞ്ഞിരുന്നുവെന്നതിനു സംശയമില്ല. മാതാപിതാക്കളുടെ അനുവാദത്തോടെ ദൈവത്തിന്റെ വിളിക്കു സമ്മതം നല്കി ചങ്ങനാശ്ശേരി സെന്റ് തോമസ് പെറ്റി സെമിനാരിയിൽ ചേർന്നു. ഇതിനിടെ 1950 ൽ പാലാ രൂപത രൂപീകൃതമായി.

പാലാ രൂപതയുടെ പ്രഥമാധ്യക്ഷൻ ക്രാന്തദർശിയായ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി മേജർ സെമിനാരിപഠനത്തിനായി ജോസഫിനെ മംഗലാപുരത്തെ സെന്റ് ജോസഫ്സ് മേജർ സെമിനാരിയിലേക്കും പിന്നീട് റോമിലെ അർബാനോ പ്രൊപ്പഗാന്ത കോളജിലേക്കും അയച്ചു. 1958 നവംബർ 23 ന് റോമിലെ പ്രൊപ്പഗാന്താ കോളജിന്റെ ചാപ്പലിൽവച്ച് പ്രൊപ്പഗാന്താസംഘത്തിന്റെ പ്രീഫെക്ട് കർദിനാൾ ഗ്രിഗറി പീറ്റർ അഗാജിയാനിയിൽനിന്നു വൈദികപട്ടം സ്വീകരിച്ച് ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷിക്തനായി.

തിരുപ്പട്ടസ്വീകരണത്തിനുശേഷം സമർഥരായ വൈദികരെ ഡോക്ടറേറ്റു പഠനത്തിനായി നിയോഗിക്കുക അന്നു പതിവായിരുന്നു. കൊച്ചച്ചനായ ഫാ. ജോസഫ് പള്ളിക്കാപറമ്പിൽ തത്ത്വശാസ്ത്രമാണ് ഉപരിപഠനത്തിനായി തിരഞ്ഞെടുത്തത്. 'മാർക്സിയിൻ സിദ്ധാന്തത്തിലെ നാസ്തികത്വം' എന്നതായിരുന്നു ഗവേഷണവിഷയം. 1962 ൽ തത്ത്വശാസ്ത്രത്തിൽ ഏറ്റവും പ്രഗല്ഭമായവിധം ഡോക്ടറേറ്റ് കരസ്ഥമാക്കിയ ശേഷമാണ് ഫാ. ജോസഫ് പള്ളിക്കാപറമ്പിൽ നാട്ടിലേക്കു മടങ്ങിയത്. പതിനൊന്നു വർഷത്തിനുശേഷമുള്ള മടക്കം. തിരുപ്പട്ടം സ്വീകരിച്ച് നാലാംവർഷമാണ് സ്വന്തം ഇടവകയായ മുത്തോലപുരം പള്ളിയിൽ ദിവ്യബലി അർപ്പിച്ചത്.

അദ്ദേഹത്തിന്റെ ഡോക്ടറേറ്റ് പഠനകാലത്താണ് സീറോ മലബാർ സഭയ്ക്കുവേണ്ടി ഒരു വൈദികസെമിനാരി റോമിൽ ആരംഭിക്കുന്നതിന് പൗരസ്ത്യതിരുസംഘം സെക്രട്ടറിയായിരുന്ന കർദിനാൾ എവുജിൻ ടിസറന്റ് തീരുമാനമെടുത്തത്. പുതിയ മലബാർ കോളജിന്റെ റെക്ടറായി ഫാ. പ്ലാസിഡ് പൊടിപാറ സി.എം.ഐ. നിയമിതനായി. ഫാ. ജോസഫ് പള്ളിക്കാപറമ്പിലിനെ വൈസ് റെക്ടറായും നിയമിച്ചു. അങ്ങനെ ഡോക്ടറേറ്റിനുള്ള ഒരു വിദ്യാർഥിയായിരിക്കവേ വൈസ് റെക്ടർപദവിയിൽ വൈദികപരിശീലനത്തിനും ഭരണത്തിനുമായി ഫാ. പള്ളിക്കാപറമ്പിൽ നിയോഗിക്കപ്പെട്ടുവെന്നത് അദ്ദേഹത്തിന്റെ കഴിവിൽ കർദിനാൾ ടിസറന്റിനുണ്ടായിരുന്ന വിശ്വാസവും മതിപ്പും കാരണമാണ്. സീറോ മലബാർ സഭയുടെ തനിമയും പാരമ്പര്യവും സംബന്ധിച്ച അടിയുറച്ച ബോധ്യത്തിലേക്ക് അദ്ദേഹത്തെ കൈപിടിച്ചു നടത്തിയത് ഫാ. പ്ലാസിഡ് ആണ്. പൗരസ്ത്യസുറിയാനി പാരമ്പര്യങ്ങളെക്കുറിച്ച് അഗാധമായ അറിവും അഭിമാനവുമാണ് അദ്ദേഹത്തിനുള്ളത്.

1962 ജൂലൈ മൂന്നിന് സീറോ മലബാർ സഭയിലെ വൈദികരുടെ പരിശീലനത്തിനായി കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി ഉദ്ഘാടനം ചെയ്യപ്പെട്ടു. ആ സെമിനാരിയിലെ ആദ്യ ബാച്ച് വിദ്യാർഥികളുടെ തത്ത്വശാസ്ത്രപ്രൊഫസറായി ഫാ. പള്ളിക്കാപറമ്പിൽ നിയമിതനായി. പ്രഥമ റെക്ടറായിരുന്ന മോൺ. കുര്യൻ വഞ്ചിപ്പുരയുടെ നേതൃത്വത്തിൽ വിദ്യാർഥികളും അധ്യാപകരും ഒരു ടീമായി പ്രവർത്തിച്ചു. 1965 ൽ മാതൃസെമിനാരിയായ റോമിലെ അർബാനാ പ്രൊപ്പഗാന്താ സെമിനാരിയുടെ വൈസ് റെക്ടറായി ഫാ. പള്ളിക്കാപറമ്പിലിനെ നിയമിച്ചു.


1965 ഒക്ടോബർമാസം അവിടെ റെക്ടറായിരുന്ന മോൺ. ചെൻചിയുടെ കീഴിൽ അദ്ദേഹം പുതിയ ജോലി ഏറ്റെടുത്തു. നാലുകൊല്ലത്തിനുശേഷം 1969 ൽ കോട്ടയം വടവാതൂർ സെമിനാരിയുടെ റെക്ടറായി ഫാ. ജോസഫ് പള്ളിക്കാപറമ്പിൽ നിയമിതനായി. വടവാതൂർ സെമിനാരിയിൽ സ്തുത്യർഹമായ രീതിയിൽ സേവനം ചെയ്തുകൊണ്ടിരിക്കേ 1973 ൽ പാലാ രൂപത മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ സഹായമെത്രാനായി അദ്ദേഹത്തെ മാർപാപ്പാ നിയമിച്ചു. 1973 ഓഗസ്റ്റ് 15 ന് പാലാ സെന്റ് തോമസ് കോളജ് അങ്കണത്തിൽ പടുത്തുയർത്തിയ വേദി




കർദിനാൾ ഗ്രിഗറി പീറ്റർ അഗജീനിയാൻ ജോസഫ് പള്ളിക്കാപറമ്പിലിന് വൈദികപട്ടം നല്കുന്നു - 1958 നവംബർ 23



ഫാ. ജോസഫ് പള്ളിക്കാപറമ്പിൽ നവവൈദികൻ



ഫാ. ജോസഫ് പള്ളിക്കാപറമ്പിൽ മെത്രാഭിഷേകച്ചടങ്ങിന് പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ തയ്യാറാക്കിയ മെത്രാഭിഷേകവേദിയിലേക്ക് - 1973 ഓഗസ്റ്റ് 15



മെത്രാഭിഷേകച്ചടങ്ങിൽ കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ (പ്രധാനകാർമ്മികൻ), മാർ സെബാസ്റ്റ്യൻ വയലിൽ, മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ (സഹകാർമ്മികർ) - 1973 ഓഗസ്റ്റ് 15

യിൽവച്ച് കർദിനാൾ ജോസഫ് പാറേക്കാട്ടിലിൽ നിന്ന് മെത്രാൻപട്ടം സ്വീകരിച്ച് പാലാ രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായി. എങ്കിലും വടവാതൂർ സെമിനാരിയുമായുള്ള ബന്ധം അദ്ദേഹം തുടർന്നുകൊണ്ടേയിരുന്നു. സീറോ മലബാർ സഭയുടെ പൊതുസ്ഥാപനമായതുകൊണ്ട് സിനഡ് തിരഞ്ഞെടുക്കുന്ന കമ്മീഷനാണ് സെമിനാരിയുടെ ഭരണച്ചുമതല. ഈ കമ്മീഷന്റെ ചെയർമാനായി 1981 ൽ പിതാവ് നിയമിതനായി. ഇക്കാലത്താണ് ദൈവശാസ്ത്രവിഭാഗം പൗരസ്ത്യവിദ്യാപീഠം എന്ന പേരിൽ ഡോക്ടറേറ്റ് നല്കുവാൻ സ്വതന്ത്രഫാക്കൽറ്റിയായി റോം ഉയർത്തിയത്. പൗരസ്ത്യവിദ്യാപീഠത്തിന്റെ ആദ്യവൈസ് ചാൻസിലറായി പിതാവ്.

പാലാ രൂപതയുടെ സഹായമെത്രാനായിരിക്കേ സഭാതലത്തിൽ പല ഉത്തരവാദിത്വങ്ങളും അംഗീകാരങ്ങളും മാർ ജോസഫ് പള്ളിക്കാപറമ്പിലിനെ തേടിയെത്തി. 1975 മുതൽ കെ.സി.ബി.സിയുടെ ദൈവവിളി കമ്മീഷൻ ചെയർമാനായി നിയമിതനായി. നമ്മുടെ സഭയുടെ ആരാധനക്രമം അതിന്റെ തനിമയിൽ സംരക്ഷിക്കപ്പെടുന്നതിനായി കുർബാനയുടെ ടെക്സ്റ്റ് പരിഷ്കരിക്കുന്നതിനുള്ള ലിറ്റർജിക്കൽ കമ്മിറ്റിയുടെ ചെയർമാനായി 1974 ൽ പിതാവ് നിയോഗിക്കപ്പെട്ടു. മദ്യവർജനപ്രസ്ഥാനത്തിന്റെ മുൻപന്തിയിൽ പ്രവർത്തിച്ചിരുന്ന അഭിവന്ദ്യ വയലിൽ പിതാവിന്റെ പിൻഗാമിയായി 1976 ൽ സംയുക്ത ക്രൈസ്തവ മദ്യവർജനസമിതിയുടെ പ്രസിഡന്റായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. മദ്യപ്പിശാചിനെ ചെറുത്തുതോല്പിക്കുന്നതിനായി പരസ്യമായി ഉപവാസം നടത്തുന്നതിനോ ജാഥകൾ നയിക്കുന്നതിനോ പ്രതിഷേധസമരങ്ങൾക്കു നേതൃത്വം കൊടുക്കുന്നതിനോ മടികാട്ടാതെ മുൻനിരയിൽനിന്നു നയിച്ചു. പിതാവ് പിന്നീട് കെ.സി.ബി.സിയുടെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ കേരളത്തിനു പുറത്ത് ജോലിക്കും മറ്റുമായി താമസിക്കുന്ന സീറോ മലബാർ സഭാംഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സീറോ മലബാർ ബിഷപ്സ് കോൺഫെറൻസ് രൂപംകൊടുത്ത കമ്മീഷന്റെ ചെയർമാനായി മാർ ജോസഫ് പള്ളിക്കാപറമ്പിലിനെ തിരഞ്ഞെടുക്കുകയും അദ്ദേഹം ബോംബെയിലും മറ്റും പോയി പഠിക്കുകയും റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തതിന്റെ ഫലമായി കല്യാൺ രൂപത സ്ഥാപിതമായി. കൂടാതെ, അമേരിക്കയിലെ ചിക്കാഗോയിലും ടെക്സാസിലും മറ്റു സ്ഥലങ്ങളിലും ഇടവകപ്പള്ളികൾ സ്ഥാപിക്കുന്നതിനും വൈദികരെ നിയമിക്കുന്നതിനും പിതാവ് മുൻകൈയെടുത്തു. പിന്നീട് ജോൺപോൾ രണ്ടാമൻ മാർപാപ്പാ യൂറോപ്യൻ രാജ്യങ്ങളിലെ മലബാർ സഭാംഗങ്ങളുടെ വിശ്വാസകാര്യങ്ങളെപ്പറ്റി പഠിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ അപ്പസ്തോലിക് വിസിറ്റേറ്ററായി നിയമിച്ചു. പിതാവിന്റെ റിപ്പോർട്ടിന്റെ ഫലമായാണ് ഇന്ന് ഗ്രേറ്റ് ബ്രിട്ടനിലും ചിക്കാഗോയിലും മെൽബണിലും കാനഡയിലും മറ്റും സീറോ മലബാർ രൂപതകൾ ഉണ്ടായത്.

ബിഷപ് മാർ സെബാസ്റ്റ്യൻ വയലിൽ അനാരോഗ്യം കാരണം സ്ഥാനമൊഴിഞ്ഞപ്പോൾ 1981 ഫെബ്രുവരി 6 ന് മാർ ജോസഫ് പള്ളിക്കാപറമ്പിലിനെ രൂപതാധ്യക്ഷനായി മാർപാപ്പാ നിയമിച്ചു. 1981 മാർച്ച് 25 ന് പാലാ കത്തീഡ്രലിൽ നടന്ന ചടങ്ങിൽ പാലാ രൂപതാധ്യക്ഷനായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. വയലിൽ പിതാവിന്റെ പാതയിലൂടെത്തന്നെ രൂപതയെ നയിക്കാൻ അദ്ദേഹം ശ്രദ്ധാലുവായി. സമഗ്രമായ വളർച്ച ലക്ഷ്യമാക്കി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി.

കഴിഞ്ഞ അമ്പതു വർഷക്കാലവും മെത്രാനടുത്ത ദൗത്യം അതിന്റെ തികവിലും പരിശുദ്ധിയിലും നിവർത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നതിൽ സംശയമില്ല. അഗാധമായ അറിവും പാണ്ഡിത്യവുമുണ്ടെങ്കിലും ലാളിത്യം നിറഞ്ഞ ഒരു പ്രബോധനശൈലിയാണ് അദ്ദേഹത്തിനുള്ളത്. പുഞ്ചിരിച്ചും നർമം കലർത്തിയും ശാന്തമായി സംവദിക്കാനും സ്നേഹപൂർവം ഇടപെടാനും പിതാവിനുള്ള കഴിവ് അനന്യമാണ്. വിശ്വാസപരമായ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത പിതാവിന്റെ മുഖമുദ്ര ഭക്തിയും സൗമ്യതയുംതന്നെയാണ്. നിയമങ്ങളോടും കീഴ്വഴക്കങ്ങളോടും കടുത്ത പ്രതിപത്തി കാണിക്കുമ്പോഴും ആരുടെ പരാതിയും ക്ഷമയോടെ കേൾക്കാനും ആശ്വസിപ്പിക്കാനും പരിഹാരമുണ്ടാക്കാനും അദ്ദേഹം സദാ തയ്യാറാണ്. തന്റെ നേർക്കുവരുന്ന വിമർശനങ്ങളെ നർമത്തിൽ പൊതിഞ്ഞ ഫലിതങ്ങൾവഴി നന്നായി ആസ്വദിക്കാനും പിതാവ് തയ്യാറാണ്.

പിതാവിന്റെ ഇഷ്ടരംഗമാണ് വിദ്യാഭ്യാസമേഖല. മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തിനുവേണ്ടി പിതാവ് എന്നും ശക്തമായ നിലപാട് എടുത്തു. നമ്മുടെ കലാലയങ്ങളിൽ മാതൃകാപരമായ അച്ചടക്കം ഉറപ്പാക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടുകളും ബോധ്യങ്ങളും മെത്രാനെന്നനിലയിൽ പിതാവിന്റെ പ്രവർത്തനങ്ങളെ തേജോമയമാക്കി. ഒരിക്കൽപ്പോലും പാലാ രൂപതയുടെ സ്ഥാപനങ്ങളിൽ അഡ്മിഷനോ നിയമനത്തിനോ യാതൊരുവിധ സംഭാവനകളും വാങ്ങിച്ചിട്ടില്ല. വയലിൽ പിതാവ് തുടങ്ങിവച്ച ആ മഹത്തായ പാരമ്പര്യത്തിന് ഇന്നുവരെ മാറ്റം വന്നിട്ടുമില്ല. ഏറ്റവും മികച്ച അധ്യാപകരെത്തന്നെ നിയമിക്കണമെന്ന് പിതാവിനു നിർബന്ധമുണ്ടായിരുന്നു. ഹയർ സെക്കൻഡറി സ്കൂളുകൾ ആരംഭിച്ച വേളയിൽ ചിലരെങ്കിലും മറിച്ചു ചിന്തിച്ചപ്പോൾ പണം വാങ്ങിക്കാതെ നടത്താമെങ്കിൽമാത്രം തുടങ്ങിയാൽ മതിയെന്ന കർശനനിർദേശമാണ് അദ്ദേഹം നല്കിയത്. 1978 ൽ പിതാവിന്റെ ഭരണകാലത്തു സ്ഥാപിതമായവയാണ് പാലാ, കാഞ്ഞിരപ്പള്ളി,

▶14

# ഉറങ്ങാത്ത കാവൽക്കാരൻ

**മെത്രാഭിഷേകസുവർണ്ണജൂബിലിയാഘോഷിക്കുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിൽപിതാവുമായി ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിൽ നടത്തിയ അഭിമുഖം.**



**?** അമ്പതാണ്ടുകൾ പിന്നിടുന്ന മേൽപ്പട്ടശുശ്രൂഷയെ പിതാവ് എങ്ങനെ വിലയിരുത്തുന്നു.

■ വളരെ സന്തോഷകരമായ അനുഭവമാണ് എനിക്ക് ഉണ്ടായിട്ടുള്ളത്. കർത്താവു ഭരമേല്പിച്ച ഉത്തരവാദിത്വമാണല്ലോ ഈ അജപാലനശുശ്രൂഷ. ഏറ്റവും വിശ്വസ്തമായി നിർവഹിക്കാൻ പരിശ്രമിക്കുമ്പോൾ ബുദ്ധിമുട്ടുകളുണ്ട്. പ്രയാസങ്ങളെല്ലാം നമ്മെ നന്മയിലേക്കു നയിക്കും എന്ന പ്രത്യാശയാണ് എനിക്കെപ്പോഴുമുള്ളത്. ദൈവത്തിന്റെ പരിപാലനയിൽ ആശ്രയിച്ചുകൊണ്ട് മേൽപ്പട്ടശുശ്രൂഷയെ വിലയിരുത്തുമ്പോൾ ദൈവാനുഗ്രഹത്തിന്റെ പ്രവർത്തനമായി കാണാൻ കഴിയും.

**?** 'അവർക്കു ജീവനുണ്ടാകാൻ'. അതാണല്ലോ പിതാവ് ആപ്തവാക്യമായി സ്വീകരിച്ചത്. തിരഞ്ഞെടുക്കാനുള്ള കാരണം.

■ 'ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്' (യോഹ. 10:10) എന്ന കർത്താവിന്റെ വചനമാണല്ലോ അതിന്റെ അടിസ്ഥാനം. നല്ലിടയനായ ഈശോ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കാൻ വന്നതുപോലെ ഓരോ അജപാലകനും ജീവന്റെ സുവിശേഷകനും സൂക്ഷിപ്പുകാരനുമാകാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ആധ്യാത്മികജീവൻ നല്കുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും തടസ്സങ്ങളുണ്ടെങ്കിൽ അതു നീക്കാൻ പരിശ്രമിക്കുകയുമാണ് ഒരു വൈദികമേലധ്യക്ഷന്റെ ഉത്തരവാദിത്വങ്ങൾ. ദൈവജനത്തെ ശരിയായ വിധത്തിൽ നയിക്കുക, അവർക്കു വഴികാട്ടിയായിരിക്കുക. അതുകൊണ്ടാണല്ലോ വൈദികരെയും വൈദികമേലധ്യക്ഷന്മാരെയും അജപാലകർ എന്നു വിളിക്കാറുള്ളത്. ആടുകൾക്കുമുമ്പേ നടന്ന് അവർക്കു വഴികാട്ടിയായിരിക്കുക, ശരിയായ വഴിയേ നടക്കാനുള്ള നിർദേശവും പ്രചോദനവും പകരുക. ഇതാണ് ഒരു മേൽപ്പട്ടക്കാരന്റെ പ്രധാന ചുമതല. 'തൊഴുത്തിൻമുറ്റത്തു വസിക്കുന്ന ഉറങ്ങാത്ത കാവൽക്കാരൻ' എന്ന് റംശാ നമസ്കാരത്തിൽ നാം ചൊല്ലാറുണ്ടല്ലോ. സമകാലിക ലോകത്തിൽ വളരെ പ്രസക്തമായ ഒരിടയദൗത്യമാണിത്. നമ്മുടെ ചുറ്റുവട്ടങ്ങളിൽ പതിയിരിക്കുന്ന അപകടങ്ങളിലും ചതിക്കുഴികളിലുംനിന്ന് നമ്മുടെ അജഗണത്തെ പരിപാലിക്കുന്ന, അക്കാര്യത്തിൽ നിതാന്തജാഗ്രതയോടെ കാവലിരിക്കുന്ന ഉത്തരവാദിത്വമാണ് അജപാലകരുടേത്.

**?** എം.എ. (ഇക്കണോമിക്സ്) പഠനം കഴിഞ്ഞാണല്ലോ പിതാവ് വൈദികപഠനത്തിനായി സെമിനാരിയിൽ ചേർന്നത്. വൈകിവന്ന ദൈവവിളിയാണിത്. വൈദികാന്തസ്സിലേക്കു വഴിനടത്തിയ സാഹചര്യം?

■ യാദൃച്ഛികമായി ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല. എല്ലാം ദൈവത്തിന്റെ പരിപാലനപ്രകാരമാണ്. ഞാൻ ഇന്റർമീഡിയറ്റിനു പഠിച്ചത് ചങ്ങനാശേരിയിലാണ്. അന്നു ഞങ്ങളുടെ വാർഡനായിരുന്നത് ജോസഫ് കുര്യാസച്ചനാണ്. ഞാൻ ഫസ്റ്റ് ഇയർ കഴിഞ്ഞു ചെന്നപ്പോൾ എന്റെ കൈയിൽ ചൂണ്ടാണിവിരലിന് ഒരു മുറിവുണ്ടായിരുന്നു. കരിക്കു വെട്ടിയപ്പോൾ സംഭവിച്ചതാണ്. കുര്യാസച്ചൻ കാരണമന്വേഷിച്ചു, കൂടെ അദ്ദേഹം പറഞ്ഞു: 'അയ്യോ കൈ മുറിഞ്ഞിരുന്നേൽ കുഴപ്പമാകുമായിരുന്നല്ലോ. അച്ചനാകാൻ ഒക്കുകേലായിരുന്നല്ലോ.' ചൂണ്ടാണിവിരലിനു പ്രസക്തിയുണ്ട്. ചൂണ്ടുവിരലുകളുപയോഗിച്ചാണ് തിരുശ്ശരീരം ഉയർത്തുന്നത്. അതുകൊണ്ടാണ് ചൂണ്ടുവിരലില്ലെങ്കിൽ അച്ചനാകാൻ പറ്റില്ല എന്ന ചിന്ത അദ്ദേഹത്തിൽനിന്നുണ്ടായത്. അദ്ദേഹം അങ്ങനെ പറഞ്ഞെങ്കിലും അതേപ്പറ്റിയൊന്നും കാര്യമായി ഞാൻ ചിന്തിച്ചിരുന്നില്ല.

രണ്ടുവർഷം കഴിഞ്ഞ് ബി.എ. ട്രിച്ചിയിലായിരുന്നു. ഫൈനൽ എക്സാം കഴിഞ്ഞുനില്ക്കുന്ന സമയം. കളത്തിലച്ചന്റെ ഒരു ധ്യാനമുണ്ടെന്നു കേട്ടു. കൂടിക്കളയാം എന്നു തീരുമാനിച്ചു. ദൈവവിളിയെക്കുറിച്ചായിരുന്നു അത്. എനിക്കു വളരെ ഇഷ്ടപ്പെട്ട ധ്യാനമായിരുന്നു. പക്ഷേ, അപ്പോഴും ദൈവവിളിയെക്കുറിച്ചു തീരുമാനമെടുത്തിരുന്നില്ല.

എം.എ. മദ്രാസ് ലെയോള കോളജിലാണു പഠിച്ചത്. എന്റെ ദൈവവിളിയെക്കുറിച്ച് അന്നും കാര്യമായി ചിന്തിച്ചിരുന്നില്ല. ഏതു ജീവിതാവസ്ഥ തിരഞ്ഞെടുക്കണമെന്ന് എനിക്കറിയില്ലായിരുന്നു. ഒരിക്കൽ കോളജിലെ ഒരച്ചനുമായി ഇക്കാര്യം ഞാൻ പങ്കുവച്ചു. അച്ചൻ പറഞ്ഞു: 'യു മസ്റ്റ് അപ്ലേ ഫോർ സെമിനാരി'. ഞാൻ പറഞ്ഞു, സെമിനാരിയിൽ ചേരുന്നതിനെക്കുറിച്ചു ഞാൻ ആലോചിച്ചിട്ടില്ല. അദ്ദേഹം പറഞ്ഞു: 'യു മസ്റ്റ് അപ്ലേ. അതർവൈസ് യു വിൽ ലൂസ് യുവർ വൊക്കേഷൻ'. അങ്ങനെ ഒരു നിർബന്ധത്തിന്റെ ഭാഗമായി സെമിനാരിയിൽ ചേർന്നതാണെന്നു പറയാം.

ഞാൻ പത്തുവർഷംമുമ്പ് കുന്നോന്നിയിൽ ഒരു വൈദികപട്ടത്തിനു പോയി. അദ്ദേഹം (സി.എം.ഐ. വൈദികനാണ്) എന്നെ കാണാൻ വന്നപ്പോൾ പറഞ്ഞു, പിതാവു പറഞ്ഞിട്ടാണ് ഞാൻ സെമിനാരിയിൽ ചേർന്നതെന്ന്. ഞാനത് ഓർമിക്കുന്നില്ല. ഏതോ ഒരവസരത്തിൽ അദ്ദേഹത്തിന്റെ ഇടവക പള്ളിയിൽ ചെന്നപ്പോൾ ഞാൻ ചോദിച്ചുകാണും, എന്താ സെമിനാരിയിൽ ചേരാത്തതെന്ന്. അത് അദ്ദേഹത്തിന് ഒരു ചിന്തയ്ക്കു കാരണമായിട്ടുണ്ടാകാം. ദൈവവിളി ദൈവം നേരിട്ടു നമ്മെ വിളിക്കുന്നതല്ല. സാഹചര്യങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും വ്യക്തികളിലൂടെയും ദൈവം നമുക്കു വ്യക്തതകൾ തരുന്നു. പലരുടെയും പ്രേരണയും ഉപദേശവുംവഴിയാണ് നമ്മുടെ ദൈവവിളി നാം തിരിച്ചറിയുന്നത്. ദൈവത്തിന്റെ പദ്ധതി വെളിപ്പെടുന്നതും അതിലേക്കു വിളിക്കപ്പെടുന്നതും അങ്ങനെയൊക്കെയാണ്. ഞാനിപ്പോഴും വിശ്വസിക്കുന്നത് യാദൃച്ഛികമായി ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല എന്നാണ്.

പൗലോസ്ശ്ലീഹായെ ദൈവം ഉരുട്ടിയിട്ടല്ലേ പിടിച്ചത്. ഏതാണ്ട് അതുപോലെതന്നെയാണ് എന്നെയും. അതു ഞാൻ പറയാൻ കൊള്ളാവുന്ന ഉദാഹരണമല്ല. കാരണം, പൗലോസ് ശ്ലീഹാ എത്ര വലിയ ആളാണ്. അദ്ദേഹവുമായി ഒരു തരത്തിലും താരതമ്യം ചെയ്തു പറഞ്ഞതല്ല. പൗലോസ് ശ്ലീഹായെപ്പോലെ വഴിക്കിട്ടുപിടിച്ച് ദൈവം എന്നെ സ്വന്തമാക്കിയതാണ് എന്നു ഞാൻ പലപ്പോഴും ഓർക്കാറുണ്ട്.

**?** സഭയുടെ പാരമ്പര്യത്തോടും ആരാധനക്രമജീവിതത്തോടും വളരേയേറെ കാർക്കശ്യവും അച്ചടക്കവും അനുസരണയും പുലർത്തിയിട്ടുള്ളയാളാണ് പിതാവ്. ലിറ്റർജിക്കൽ സ്പിരിചാലിറ്റിക്ക് അങ്ങു കൊടുത്ത പ്രാധാന്യവും നേതൃത്വവും പാലാ രൂപതയെ ഒരൊറ്റ ആരാധനാസമൂഹമാക്കി വളർത്തിയിട്ടുണ്ട് എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. അതിനെക്കുറിച്ച് പിതാവിനു പറയാനുണ്ടാവുമല്ലോ.

■ ആരാധനക്രമത്തോടു കൂടുതലായി ബന്ധപ്പെടാൻ കഴിഞ്ഞത് മെത്രാനായതിനുശേഷമാണ്. ആരാധനക്രമത്തെ സംബന്ധിച്ചുള്ള തർക്കങ്ങൾ സഭയിൽ ഉടലെടുത്തപ്പോൾ കൂടുതൽ ഇടപെടാനും പഠിക്കാനും തുടങ്ങി. നമ്മുടെ ജീവിതം മുഴുവൻ സഭയുടെ ആരാധനക്രമത്തിൽ ഉൾച്ചേർന്നിരിക്കുന്നതാണെന്നു മനസ്സിലാക്കി. സഭയുടെ ജീവൻ മുഴുവനും വിശുദ്ധകുർബാനയാണ്. വി. കുർബാനയാണ് സഭയെ നിർമിക്കുന്നത്. നമ്മൾ പ്രാർഥിക്കുന്നതും വിശ്വസിക്കുന്നതും ഒരേ സത്യമാണ്. നമ്മുടെ കർത്താവിന്റെ രക്ഷാകരപദ്ധതി മുഴുവനും വിശുദ്ധകുർബാനയിലൂടെ ആവിഷ്കരിക്കപ്പെടുകയാണല്ലോ. അതുകൊണ്ടാണ് വി. കുർബാനയുടെ അനുഷ്ഠാനത്തിൽ നമ്മുടെ ഭാഗത്തുനിന്ന് ഒരു കുറവുമുണ്ടാകാൻ പാടില്ല എന്നു പറയുന്നത്. നമ്മൾ അത് അന്യൂനം അർപ്പിക്കുകമാത്രമല്ല, ജീവിതത്തിലൂടെ പ്രാവർത്തികമാക്കുകയും വേണം.

*ശേഷം 12-ാം പേജിൽ*

# അഭിഷേകസ്മരണകളുടെ

## മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മെത്രാഭിഷേകസുവർണജൂബിലി പ്രൗഢഗംഭീരം

**പാ**ലാ രൂപതയുടെ ദ്വിതീയ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മെത്രാഭിഷേകസുവർണജൂബിലിയാഘോഷങ്ങൾ 2023 ഓഗസ്റ്റ് 15 നു നടന്നു. ആശംസകളും പ്രാർഥനകളുമായി മെത്രാന്മാരും വൈദികരും കുടുംബാംഗങ്ങളും അജഗണങ്ങളും അണിചേർന്നപ്പോൾ പാലാ സെന്റ് തോമസ് കത്തീഡ്രൽ അങ്കണം ജനനിബിഡമായി മാറി. മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ കരുതലും സ്നേഹവും അനുഭവിച്ചറിഞ്ഞവരുടെ സാന്നിധ്യം ചടങ്ങിനെ പ്രൗഢഗംഭീരമാക്കി.

രാവിലെ 10 മണിക്ക് മെത്രാഭിഷേകസുവർണജൂബിലി നിറവിൽ സുസ്മേരവദനനായി നില്ക്കുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മുഖ്യകാർമികത്വത്തിലാണ് ദിവ്യബലി അർപ്പിക്കപ്പെട്ടത്. സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സീറോ മലങ്കരസഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ, ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ആർച്ചുബിഷപ് എമരിറ്റസ് മാർ ജോർജ് കോച്ചേരി, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവരോടൊപ്പം നിരവധി മെത്രാപ്പോലീത്താമാരും മെത്രാന്മാരും സഹകാർമികത്വം വഹിച്ച കുർബാനയിൽ രൂപതയിലെ നൂറു കണക്കിനു വൈദികരും സഹകാർമികരായി അണിചേർന്നു.

കൃതജ്ഞതാബലിക്കുശേഷം സെന്റ് തോമസ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനം കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ദൈവത്തിനു പൂർണമായും വിട്ടുനല്കിയ പരിശുദ്ധ അമ്മയെപ്പോലെ ദൈവത്തിനു വിധേയപ്പെട്ട വ്യക്തിത്വത്തിനുടമയാണ് മാർ ജോസഫ് പള്ളിക്കാപറമ്പിലെന്ന് മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. ദൈവം നല്കിയ ദാനങ്ങളെ ഇരുകൈയും നീട്ടി സ്വീകരിച്ചു സന്തോഷത്തോടെ ജീവിതദൗത്യം നിർവഹിക്കാൻ 97 വർഷക്കാലം അദ്ദേഹത്തിനു കഴിഞ്ഞുവെന്നും കർദിനാൾ ചൂണ്ടിക്കാട്ടി.

മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ സാക്ഷ്യം കുലീനത നിറഞ്ഞതായിരുന്നുവെന്ന് മലങ്കര കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവാ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. മലങ്കരസഭയുമായി പള്ളിക്കാപറമ്പിൽപിതാവിനുണ്ടായിരുന്ന ആത്മബന്ധം മറക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു.

ഹൃദയവിശുദ്ധിയോടെ ജീവിച്ച പിതാവാണ് മാർ ജോസഫ് പള്ളിക്കാപറമ്പിലെന്ന് ചങ്ങനാശേരി ആർച്ചുബിഷപ്മാർജോസഫ്പെരുന്തോട്ടം പറഞ്ഞു. ജീവിതത്തിലും സഭയിലും അച്ചടക്കം വേണമെന്നു നിഷ്കർഷിച്ച അദ്ദേഹം എന്നും എപ്പോഴും സമൂഹത്തോടൊപ്പമായിരുന്നുവെന്ന് മാർ ജോസഫ് പെരുന്തോട്ടം ആശംസാപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.


കരുതലുള്ള ഇടയനും വാത്സല്യമുള്ള പിതാവുമായിരുന്നു മാർ ജോസഫ് പള്ളിക്കാപറമ്പിലെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. പാലാ രൂപത പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. കെ.കെ. ജോസും ആശംസകൾ നേരുകയുണ്ടായി. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സ്വാഗതവും മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ കൃതജ്ഞതയും പറഞ്ഞു.

കേരളത്തിനകത്തും പുറത്തുംനിന്നുള്ള സീറോമലബാർ സഭയിലെയും ഇതരസഭകളിലെയും മുപ്പത്തഞ്ചിലധികം മെത്രാന്മാർ പള്ളിക്കാപറമ്പിൽ പിതാവിന് സ്നേഹാദരവുകൾ അർപ്പിച്ചു. മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മറുപടി പ്രസംഗം നന്ദിയുടെ വാക്കുകളായി മാറി. ചടങ്ങിൽ ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ രചിച്ച മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ ജീവചരിത്രം 'അവർക്കു ജീവനുണ്ടാകാൻ' പ്രകാശനം ചെയ്തു.



മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മെത്രാഭിഷേക സുവർണജൂബിലിയോടനുബന്ധിച്ച് നടന്ന അനുമോദനസമ്മേളനം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു.


### ജൂബിലേറിയന് ആദരപൂർവം



കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവാ




ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം




മാർ ജോസഫ് കല്ലറങ്ങാട്ട്



റോഷി അഗസ്റ്റിൻ



മോൺ. ജോസഫ് തടത്തിൽ



ഡോ. കെ.കെ. ജോസ്

# ചൈതന്യദീപ്തിയിൽ

## പാലായ്ക്കിത് അഭിമാനനിമിഷം

പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ നേതൃത്വത്തിൽ വികാരി ജനറാൾമാരായ മോൺ. ജോസഫ് തടത്തിൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, ചാൻസലർ ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ, പ്രൊക്യുറേറ്റർ ഫാ. ഡോ. ജോസഫ് മുത്തനാട്ട്, കത്തീഡ്രൽ പള്ളി വികാരി ഫാ. ഡോ. ജോസ് കാക്കല്ലിൽ തുടങ്ങിയവവരുടെ അക്ഷീണപ്രയത്നമാണ് സമ്മേളനത്തെ വിജയത്തിലെത്തിച്ചത്.

ആശംസകളർപ്പിക്കാനെത്തിയ ജനപ്രതിനിധികളുടെയും അല്മായരുടെയും അഭൂതപൂർവമായ പങ്കാളിത്തം മാർ ജോസഫ് പള്ളിക്കാപറമ്പിൽ എത്രത്തോളം സമൂഹത്തിനു സ്വീകാര്യനായിരുന്നുവെന്നതിന്റെ നേർസാക്ഷ്യമായി. രൂപതയിലെ വൈദികർക്കൊപ്പം സന്ന്യസ്തരും അല്മായപ്രമുഖരും ഭക്തസംഘടനാഭാരവാഹികളും സദസ്സിൽ സ്ഥാനം പിടിച്ചു. രാഷ്ട്രീയസാമൂഹികസാംസ്കാരികരംഗങ്ങളിൽ നിറഞ്ഞുനില്ക്കുന്ന മഹാവ്യക്തിത്വങ്ങളുടെ സാന്നിധ്യം സമ്മേളനത്തിനു മാറ്റുകൂട്ടി. മന്ത്രി റോഷി അഗസ്റ്റിൻ, എം.പി.മാരായ ജോസ് കെ. മാണി, തോമസ് ചാഴികാടൻ, എം.എൽ.എ. മാരായ മാണി സി. കാപ്പൻ, മോൻസ് ജോസഫ്, മുൻ എം.പിമാരായ ജോയി എബ്രാഹം, വക്കച്ചൻ മറ്റത്തിൽ, കെ. ഫ്രാൻസീസ് ജോർജ്, മുൻ എം.എൽ.എമാരായ ജോർജ് ജെ. മാത്യു, പി.എം. മാത്യു, പാലാ നഗരസഭാധ്യക്ഷ ജോസിൻ ബിനോ, എം.ജി. യൂണിവേഴ്സിറ്റി മുൻ വി.സി. ഡോ. ബാബു സെബാസ്റ്റ്യൻ തുടങ്ങിയവർ വേദിയിൽ സന്നിഹിതരായിരുന്നു.




ജൂബിലിമധുരം



കൃതജ്ഞതാബലിയിൽ പങ്കെടുത്ത മെത്രാന്മാരോടൊപ്പം ജൂബിലേറിയൻ



മുത്തോലപുരത്തിന്റെ മണിമുത്ത്.... പള്ളിക്കാപറമ്പിലെ നറുസൂനം....
അരുവിത്തുറ പള്ളി ജോർജിയൻ ഗായകസംഘം ജൂബിലിഗാനം ആലപിക്കുന്നു



ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ രചിച്ച മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ ജീവചരിത്രം 'അവർക്കു ജീവനുണ്ടാകാൻ' കർദിനാൾ മാർ ജോർജ് ആലഞ്ചേരി കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവായ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു.

# ജീവസമൃദ്ധിയുടെ പ്രഘോഷകൻ

(9-ാം പേജ് തുടർച്ച)

? ഇടവകകേന്ദ്രിതമായ ഒരു അജപാലനശുശ്രൂഷയ്ക്കായിരുന്നല്ലോ പിതാവ് എക്കാലവും ഊന്നൽ കൊടുത്തത്. കുടുംബം 'ഗാർഹികസഭ'യാണ് എന്ന പ്രബോധനത്തിന്റെ പ്രാധാന്യവും പ്രസക്തിയും വ്യക്തമാക്കിയിരുന്നു.

■ ഇടവക കേന്ദ്രീകരിച്ചാണ് നമ്മുടെ അജപാലനശുശ്രൂഷ നാം നടത്തേണ്ടത്. ഇടവകയും കുടുംബവും സഭയുടെ ചെറുപതിപ്പുകളാണല്ലോ. കുടുംബം ഗാർഹികസഭയാണ് എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനം വളരെ പ്രധാനപ്പെട്ടതാണ്. മെത്രാൻ കൂടുതലായി ഇടപെടുന്നത് ഇടവകയിലാണല്ലോ. ഇടവക എത്രമാത്രം വിശുദ്ധീകരിക്കപ്പെടാൻ സാധിക്കുന്നുവോ അതിനനുസരിച്ചു കുടുംബങ്ങളും വ്യക്തികളും വിശുദ്ധീകരിക്കപ്പെടും. ഇടവകയിലൂടെയാണ് നാം കുടുംബവുമായി ബന്ധപ്പെടുന്നത്. ഇടവകയുടെ പ്രവർത്തനങ്ങൾ നന്നായി നടത്തണമെന്ന് ഞാൻ എപ്പോഴും പറയാറുണ്ട്.



? ദൈവവിളികളുടെ പിതാവ് എന്ന വിശേഷണം പിതാവിനുള്ളതാണല്ലോ. 752 പേർക്ക് പുരോഹിതപട്ടം കൊടുത്തിട്ടുണ്ട് എന്നു പറയുന്നത് വലിയൊരു റെക്കോർഡാണ്.

■ വിശേഷണം വലിയ പിതാവിനുള്ളതാണ് (മാർ സെബാസ്റ്റ്യൻ വയലിൽ). ഇത്രയും പേർക്കു വൈദികപട്ടം കൊടുക്കാനായത് ഒരു അസാധാരണഭാഗ്യമാണ്. ചുരുക്കം ചില മെത്രാന്മാർക്കേ അതിനുള്ള ഭാഗ്യം കിട്ടുകയുള്ളൂ. മക്കളില്ലാത്ത കുടുംബങ്ങളിലെ അപ്പന്മാരെപ്പോലെ, വൈദികപട്ടം കൊടുക്കാൻ സാധിക്കാത്ത മെത്രാന്മാരും ലോകത്തിൽ ചുരുക്കമായെങ്കിലുമുണ്ടാകാം.

ദൈവവിളിവർധന നമ്മുടെ രൂപതയുടെ ഒരു ഭാഗ്യവുംകൂടിയാണല്ലോ. ഈ പ്രദേശത്തെ പ്രേഷിതപ്രവർത്തനത്തിനും ഇടവകകളുടെയും കുടുംബങ്ങളുടെയും വിശുദ്ധിയിലൂന്നിയുള്ള ജീവിതസാക്ഷ്യത്തിനും കിട്ടുന്ന അംഗീകാരംകൂടിയാണ്. നമ്മുടെ പട്ടക്രമം വളരെ ആഘോഷപൂർവകമായതാണ്. വലിയ സന്തോഷവും മനസ്സിനു സംതൃപ്തിയും തോന്നും ആ കർമക്രമത്തിൽ പങ്കെടുക്കുന്നതിന്. അത്രയ്ക്ക് ആഴമുള്ള ഒരു ലിറ്റർജിക്കൽ സമ്പത്ത് ആ പ്രാർഥനകൾക്കുണ്ട്. ഒരു ദിവസംതന്നെ രണ്ടു പട്ടങ്ങളും, വളരെ ചുരുക്കമായി മൂന്നെണ്ണംവരെയും കൊടുത്തിട്ടുണ്ട്. ആ ചടങ്ങുകളെല്ലാം വളരെ ആഘോഷമായതുകൊണ്ടും നന്നായി പങ്കെടുക്കുന്നതുകൊണ്ടുമാവാം കർമങ്ങളെല്ലാം കഴിയുമ്പോൾ ക്ഷീണിക്കുമായിരുന്നു.

? സംയുക്ത ക്രൈസ്തവമദ്യവർജനസമിതി, മദ്യവിരുദ്ധസമിതി എന്നിവയിലൊക്കെ നീണ്ടകാലം പിതാവു പ്രവർത്തിച്ചിരുന്നല്ലോ. ഇന്ന് സിന്തറ്റിക് മയക്കുമരുന്നുകളുൾപ്പെടെയുള്ള ലഹരിക്കെണികളിൽ നമ്മുടെ യുവാക്കൾ അടിമകളായിരിക്കുമ്പോൾ പിതാവിന് എന്താണു പറയാനുള്ളത്?

■ വലിയൊരു സാമൂഹികവിപത്താണിത്. കുഞ്ഞുങ്ങളെ കുറ്റം പറയാനാവില്ല. അവർ വളരുന്ന സാഹചര്യങ്ങൾ പലപ്പോഴും ഇതിലേക്കു നയിക്കപ്പെടുകയാണ്. കുടുംബങ്ങളടക്കം ലഹരിയിലേക്ക് ആകർഷിക്കപ്പെടുന്നതാണ് ഏറെ സങ്കടകരമായ കാര്യം. കുട്ടികളോടു മുതിർന്നവരുൾപ്പെടെ സമൂഹം കാണിക്കുന്ന ക്രൂരതയാണിത്. അവരുടെ വർത്തമാനകാലവും ഭാവിയുമെല്ലാം നശിപ്പിക്കുകയാണ്. മയക്കുമരുന്നുവ്യാപാരത്തിന്റെ കണ്ണികൾ ഇന്നു സമൂഹത്തിൽ പ്രബലമാണ്. ഇതിന്റെ ഉപഭോക്താക്കളും വിതരണക്കാരുംമാത്രമല്ലല്ലോ, ഒരു സമൂഹം മുഴുവനുമാണ് നാശത്തിലേക്കു വലിച്ചിഴയ്ക്കപ്പെടുന്നത്. കുടുംബത്തോടും സമൂഹത്തോടുമുള്ള ആരോഗ്യകരമായ ബന്ധങ്ങളും ഉത്തരവാദിത്വങ്ങളും നഷ്ടമാകുന്നു. ഇന്നിപ്പോൾ പെൺകുട്ടികളും ഇത്തരം ചതിക്കുഴികളിൽ വീഴുന്നതായാണ് വാർത്തകൾ. മദ്യമയക്കുമരുന്നാസക്തി ലോകത്തിന്റെ വലിയ ശാപമായി തുടരുകയാണ്. മനുഷ്യത്വത്തെയും ദൈവികനന്മകളെയും നശിപ്പിക്കുന്ന ഇത്തരം ലഹരികൾക്കെതിരേ പോരാടാൻ നാം തയ്യാറാകണം.

? പിതാവ് അടിസ്ഥാനപരമായി ഒരു പ്രകൃതിസ്നേഹിയാണ്. മരങ്ങളെയും ചെടികളെയും പൂക്കളെയും സ്നേഹിക്കുന്ന പിതാവിന് പരിസ്ഥിതി ആധ്യാത്മികതയെക്കുറിച്ചു പറയാനുണ്ടാവും.

■ പ്രകൃതിയെ എനിക്ക് ഇഷ്ടമാണ്. കൃഷി സാമ്പത്തികമായി നമുക്കു നഷ്ടമാണെങ്കിലും മനസ്സിനു സ്വസ്ഥതയും സമാധാനവും തരുന്ന സംസ്കാരമാണ്. ഒരു വിത്തു പാകി അല്ലെങ്കിൽ ചെടി നട്ട് വളർന്നുവരുമ്പോൾ, അതു ഫലം പുറപ്പെടുവിക്കുന്നതു കാണുമ്പോൾ എന്തൊരു സന്തോഷമാണു നമുക്കുണ്ടാകുന്നത്. അതു കാണുമ്പോൾ നമ്മളും ജീവൻ പ്രാപിക്കുകയാണ്. അപ്പോൾ, ഇവിടെ ലാഭനഷ്ടങ്ങളല്ല, അടിസ്ഥാനപരമായ ഒരു ജൈവബന്ധമാണ് പ്രകൃതിയോട് ഇണങ്ങാൻ നമ്മെ പ്രേരിപ്പിക്കുന്നത്.

"ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യരെ അവിടെയാക്കി" (ഉത്പത്തി 2:15). ദൈവകല്പനയാണിത്. പ്രകൃതിയെ സംരക്ഷിക്കാനാണ് കർത്താവു പറഞ്ഞിരിക്കുന്നത്. അതു ദൈവദത്തമായ ഒരു ഉത്തരവാദിത്വമാണ്. പ്രകൃതിയെ ഒരു ചൂഷണവസ്തുവാക്കരുത്. ഭൂമി വിറ്റുതുലയ്ക്കുന്നതും ശരിയല്ല. നമ്മുടെ ആവശ്യത്തിനുവേണ്ടിയാണെങ്കിലും ഒരു മരം വെട്ടിയെടുത്താൽ മറ്റൊന്നു വച്ചുപിടിപ്പിക്കാൻ നാം തയ്യാറാകണം. പ്രകൃതിയെ സംരക്ഷിച്ചു പരിപാലിക്കാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നു.

? ഹൃദയം തുറന്നുള്ള പൊട്ടിച്ചിരി അങ്ങയുടെ വ്യക്തിത്വത്തിന്റെ സവിശേഷതയാണ്. ഇതാണോ പിതാവിന്റെ ആരോഗ്യത്തിന്റെ രഹസ്യം?

■ ചിരിക്കാൻ സാധിക്കുന്നത് വലിയ ദൈവാനുഗ്രഹമാണ്. തമാശൊക്കെ പറയാനും കേൾക്കാനും എനിക്കിഷ്ടമാണ്. ആന്തരികമായ ആനന്ദമുണ്ടെങ്കിൽ വലിയ പ്രശ്നങ്ങളിൽനിന്നൊക്കെ നമുക്കു മോചനം കിട്ടും. ഉള്ളിലുള്ള ആഹ്ലാദമായിരിക്കണം പുറത്തേക്കു വരുന്നത്. അതു മറ്റുള്ളവരെ ആകർഷിക്കാൻവേണ്ടിമാത്രമാകരുത്. സ്വാർത്ഥതയ്ക്കും കാര്യസാധ്യത്തിനുംവേണ്ടിയുള്ള വക്രതയുള്ള ചിരിയും സന്തോഷവും സമൂഹത്തെ ബലപ്പെടുത്തുകയല്ല, ദുർബലമാക്കുകയാണു ചെയ്യുന്നത്.

ഈ ചിരിയും സന്തോഷവും വർത്തമാനവുമൊക്കെ നമ്മുടെ കുടുംബങ്ങളിലുമുണ്ടാകണം. ഭാര്യയും ഭർത്താവും വിഷമിച്ചിരിക്കുമ്പോൾ ഒരു കൊച്ചുകുട്ടിയുടെ ചിരി മതി, അവരുടെ പ്രശ്നം തീരാൻ. രോഗവും വാർദ്ധക്യവുംമൂലം കഷ്ടപ്പെടുന്ന വല്യപ്പനും വല്യമ്മയ്ക്കും ചിരിക്കാനുള്ള കാരണങ്ങളുണ്ടാക്കിക്കൊടുക്കണം മക്കളും കൊച്ചുമക്കളും. നിർദോഷമായി ചിരിക്കാനുള്ള അവസരങ്ങൾ ജനം ഒരുമിച്ചുകൂടുന്നിടത്തൊക്കെ ഉണ്ടാവേണ്ടതാണ്. ഹൃദയനൈർമല്യത്തിൽ ചിരിക്കാനും ചിരിപ്പിക്കാനും കഴിയുന്നത് ഒരു ദൈവാനുഗ്രഹംതന്നെയാണ്.

? 97-ാം വയസ്സിലും ജീവിതത്തിൽ പ്രസാദാത്മകത്വം കാത്തുസൂക്ഷിക്കുന്ന പിതാവിന് സമൂഹത്തിനു നല്കാനുള്ള സന്ദേശം?

■ മനസ്സിന്റെ സമാധാനമാണ് പ്രധാനം. ആന്തരികമായ ആഹ്ലാദം (internal joy) അനുഭവിക്കാൻ നമുക്കു കഴിയണം. ദൈവവുമായുള്ള ബന്ധം കാത്തുസൂക്ഷിച്ചാലേ നമ്മുടെ മനഃസാക്ഷിയുടെ പ്രേരണയനുസരിച്ചു നിർമലമായി ജീവിക്കാനാകൂ. നമ്മുടെ യുവജനങ്ങൾക്ക് അവരുടെ പ്രശ്നത്തിൽനിന്നു കരകയറാനാവാത്തത് ദൈവവുമായുള്ള അടിയുറച്ച ബന്ധം കാത്തുസൂക്ഷിക്കുന്നതിൽ പരാജയപ്പെടുന്നതുകൊണ്ടാണ്. പ്രാർഥനയിലൂടെ ദൈവവുമായി ബന്ധപ്പെട്ടാൽ ഒരു സംശയവും വേണ്ടാ, അവരുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ കഴിയും. ■

# ഇടയവഴികളിൽ പൂചൂടിയ സഫലജീവിതം

1-ാം പേജ് തുടർച്ച

അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവിന്റെ ജീവിതത്തിൽ ഇതുപോലൊരു വളർച്ച കാണാൻ സാധിക്കും. ഇതുപോലൊരു സ്വാതന്ത്ര്യത്തിന്റെ അനുഭവം. പിതാവ് തന്നെത്തന്നെ പൂർണമായി ദൈവത്തിനു വിട്ടുകൊടുത്തുകൊണ്ടാണ് വളർന്നുവന്നത്. കുടുംബത്തിന്റെ പാരമ്പര്യമനുസരിച്ചുള്ള പ്രാർഥനാജീവിതത്തിൽ ദൈവത്തിന്റെ ഒരു മകനായി വളർന്നുവരാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി. ആ ഭാഗ്യം കൂടുതൽക്കൂടുതൽ വളർന്നതല്ലാതെ ഒരിക്കലും മുരടിച്ചുപോയിട്ടില്ല.

ആ സ്വാതന്ത്ര്യത്തിന്റെ അനുഭവം പിതാവിന്റെ ജീവിതത്തിൽ എപ്പോഴും ഉണ്ടായിരുന്നു. വൈദികനായതിനുശേഷം അറിവിൽ വളരെ വളർന്നു. അതിനുമുമ്പുതന്നെ ലയോള കോളജിൽനിന്ന് എം.എ. വിദ്യാഭ്യാസം നേടി അറിവിന്റെ തലങ്ങളിൽ വിഹരിക്കാൻ തുടങ്ങിയ പിതാവ്, തത്ത്വശാസ്ത്രത്തിൽ റോമിൽ ഉപരിപഠനം ചെയ്തു തിരിച്ചുവന്നപ്പോൾ മറ്റുള്ളവരെ പഠിപ്പിക്കുന്ന ജോലികളിലേക്കു നിയോഗിക്കപ്പെട്ടു.

മേജർ സെമിനാരികളിൽ വൈദികപരിശീലകനായിരുന്നു. അതുപോലെതന്നെ, പിതാക്കന്മാരുടെ മധ്യത്തിൽ സഭയുടെ പാരമ്പര്യത്തെക്കുറിച്ചും ആരാധനക്രമത്തെക്കുറിച്ചുമൊക്കെ പഠിപ്പിക്കുന്ന ഒരു വലിയ മേലധ്യക്ഷനായി വളരുകയും ചെയ്തു. ഈ വളർച്ചയുടെ തലത്തിൽ പിതാവിന് ആന്തരികമായ സ്വാതന്ത്ര്യം വളരെയേറെ അനുഭവിക്കാൻ കഴിഞ്ഞുവെന്നുമാത്രമല്ല, മറ്റുള്ളവരെ ഈ സ്വാതന്ത്ര്യത്തിലേക്കു കൊണ്ടുവരാനും സാധിച്ചു. ഹൃദയം തുറന്നു സംസാരിക്കുകയും ചിരിക്കുകയും ചിരിപ്പിക്കുകയും സമൂഹത്തിൽ സന്തോഷത്തിന്റെ അലയടികൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു പിതാവാണ് ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ്. ഈ പിതാവ് ഇപ്രകാരം പിതാക്കന്മാരുടെ സമ്മേളനത്തിൽ വ്യാപരിക്കുന്നതു കണ്ടിട്ട് ഒരിക്കൽ റോമിൽവച്ച് അവിടുത്തെ ഒരു വൈദികൻ എന്നോടു ചോദിച്ചു: ''ഇദ്ദേഹം ആരാണ്?'' ഞാൻ അതിനു മറുപടി പറഞ്ഞുകഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: “He is a wonderful person.”കാരണം, അദ്ദേഹത്തിന്റെ ജീവിതരീതി ഞാൻ നിരീക്ഷിക്കുകയായിരുന്നു. “”He makes everybody happy” അത് അദ്ദേഹത്തിന്റെ പ്രകൃതമാണ്. അദ്ദേഹത്തിന്റെ പ്രകൃതത്തിൽ അദ്ദേഹം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഒരു അനുഗ്രഹമാണ് അതെന്ന് പിന്നീട് എനിക്കു മനസ്സിലായി.



വളരെയേറെ പ്രശ്നങ്ങളിലൂടെ കടന്നുപോയിട്ടുള്ള ഒരു സഭയാണ് നമ്മുടേത്. അവയുടെയൊക്കെ നടുവിലും ഈ സ്വാതന്ത്ര്യത്തിന്റെ അനുഭവത്തിൽ പിതാക്കന്മാരുടെകൂടെ സന്തോഷത്തോടെ നീങ്ങാൻ അദ്ദേഹത്തിനു സാധിച്ചു. ഉറച്ചബോധ്യത്തോടെ സംസാരിക്കേണ്ട സന്ദർഭങ്ങളിൽ സംസാരിക്കുകയും സഭയുടെ വലിയൊരു വക്താവും സഭാശുശ്രൂഷകരുടെ വലിയൊരു പ്രയോക്താവുമായി എപ്പോഴും വ്യാപരിക്കുകയും ചെയ്യുന്നുണ്ടെന്നത് അദ്ഭുതകരമായ ഒരു വസ്തുതയാണ്.

ഈ രൂപതയുടെ പ്രഥമശില്പി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവാണ്. ആ പിതാവിന്റെ പ്രവർത്തനങ്ങൾ അതേ ശൈലിയിൽ തുടർന്നുകൊണ്ട്, അതേ വളർച്ച ഈ രൂപതയ്ക്കു നല്കിക്കൊണ്ടു പൂർണതയിലേക്കു നയിക്കുകയാണ് പള്ളിക്കാപറമ്പിൽ പിതാവ് ചെയ്തത്. പിതാവിന്റെ പ്രാർഥനാരീതി അദ്ദേഹത്തിന്റെ മാത്രമല്ല, അരമനയിൽ അദ്ദേഹത്തിനൊപ്പം താമസിക്കുന്നവർക്കും രൂപതയിലെ ദൈവജനത്തിനാകെയും സ്വാതന്ത്ര്യത്തിന്റെ വലിയ ഒരു അനുഭവം പകർന്നുകൊടുത്തു. പ്രാർഥിക്കുകയും പ്രാർഥിപ്പിക്കുകയും, പഠിക്കുകയും പഠിപ്പിക്കുകയും, സ്നേഹിക്കുകയും സ്നേഹിപ്പിക്കുകയും ചെയ്യുന്ന ഒരു മേലധ്യക്ഷനാണ് അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ്. ഇത് ദൈവികമായ ഒരു അനുഭവമാണ്.

ദൈവം കർത്താവീശോമിശിഹാവഴി നമുക്കു നല്കിയിട്ടുള്ള എല്ലാ ദാനങ്ങളുടെയും സ്വഭാവമാണ് സ്വാതന്ത്ര്യം. സ്നേഹം സ്വാതന്ത്ര്യമാണ്. കാരുണ്യം സ്വാതന്ത്ര്യമാണ്. നമ്മുടെ എല്ലാവിധ നന്മകളും സ്വാതന്ത്ര്യമാണ്. സ്വാതന്ത്ര്യത്തിന്റെ അനുഭവം, ദൈവത്തിന്റെ ഭാവത്തിന്റെ അനുഭവം - അത് പിതാവു സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്നേഹവാത്സല്യങ്ങളും കരുതലും അനുഭവിക്കാൻ പല അവസരങ്ങളിലും എനിക്കു സാധിച്ചിട്ടുണ്ട്.

കുടുംബത്തിലും സഭയിലുമൊക്കെ സമ്പന്നനായിത്തന്നെ ജീവിക്കാനുള്ള സാഹചര്യമുണ്ടായിട്ടും ലളിതമായ ജീവിതശൈലിയാണ് അദ്ദേഹം പിന്തുടർന്നത്. എല്ലാവരോടും വളരെ വിധേയത്വത്തോടും സ്നേഹത്തോടുംകൂടിയാണ് പിതാവ് പെരുമാറിക്കൊണ്ടിരിക്കുന്നത്. പിതാവിന്റെ ഇപ്രകാരമുള്ള ജീവിതം മഹത്തായ ഒരു സ്വാതന്ത്ര്യത്തിന്റെ അനുഭവമാണ്. അത് നമുക്ക് ഒരു മാതൃകയാണ്. പിതാവ് വിസീത്തകൾ നടത്തി ഈ രൂപതയെ ഏകോപിപ്പിച്ച ഒരു വ്യക്തിയാണ്. വലിയ ഇടവകകളെ ചെറിയ ഇടവകകളായിത്തിരിച്ച് എല്ലാ ജനങ്ങൾക്കും അജപാലനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തി. ഇതുവഴി കുടുംബവിശുദ്ധീകരണം പിതാവ് ലക്ഷ്യം വച്ചു. സ്വയം വിശുദ്ധീകരിക്കുക, മറ്റുള്ളവരെയും വിശുദ്ധീകരിക്കുക എന്നത് പിതാവിന്റെ ഒരു നിഷ്ഠയായിരുന്നു. പിതാവിന്റെ ആപ്തവാക്യം 'അവർക്കു ജീവനുണ്ടാകാൻ' എന്നതാണ്. അത് കർത്താവിന്റെ ദൗത്യംതന്നെയാണ്. കർത്താവിന്റെ ആ ദൗത്യത്തിൽ നമ്മൾ വളരണം. മറ്റുള്ളവരെ വളർത്തണം. ഈ ഒരു ഉത്തരവാദിത്വത്തോടെ, പ്രതിജ്ഞാബദ്ധതയോടെ പിതാവ് പ്രവർത്തിച്ചു, സ്വാതന്ത്ര്യം അനുഭവിച്ചു.

ത്രിയേകദൈവത്തിന്റെ ഒരു കൂട്ടായ്മ പാലാ രൂപതയിൽ നമുക്കു കാണാം. സീറോ മലബാർ സഭയിലെ രൂപതകളിൽ വളരെയേറെ മാതൃകാപരമായ ഒരു രൂപതയാണിത്. സഭയോടുള്ള സ്നേഹത്തിൽ വളരുന്ന കൂട്ടായ്മാനുഭവമാണ് പാലാ രൂപതയ്ക്കു സവിശേഷമായുള്ളത്. ആ മാതൃകയും ജീവിതസാക്ഷ്യവുമാണ് സഭയിലാകെ രൂപതാകുടുംബം പ്രസരിപ്പിക്കുന്നത്.

ആന്റിയോക്കിലെ വിശുദ്ധ ഇഗ്നേഷ്യസാണ് മെത്രാന്മാരുടെ ശുശ്രൂഷയെക്കുറിച്ച് ആദ്യമായി ദൈവശാസ്ത്രവിശകലനങ്ങൾ സഭയിൽ കൊടുക്കുന്നത്. മെത്രാന്റെ ശുശ്രൂഷയെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു ഉദ്ധരണിയുണ്ട്: “Do nothing without the Bishop.” കർത്താവീശോമിശിഹാ ദൈവപിതാവിനെ അനുകരിക്കുന്നതുപോലെ നാമെല്ലാവരും കർത്താവിനെ അനുകരിക്കണമെന്ന് അദ്ദേഹം വൈദികരെയും അല്മായശുശ്രൂഷകരെയും പഠിപ്പിക്കുന്നു. അദ്ദേഹം തുടർന്നു പറയുന്നു: “Where there is Christ there is the Church.” പിന്നീട് അതിന്റെ വ്യാഖ്യാനമായി അദ്ദേഹം പറയുന്നു: “Where there is a Bishop there is a Church.” ക്രിസ്തുവിന്റെ സ്ഥാനത്തുനില്ക്കുന്ന, പിതാവിനെപ്പോലെ വ്യാപരിക്കുന്നവനാണ് ബിഷപ് എന്നാണ് അദ്ദേഹം വ്യാഖ്യാനിക്കുന്നത്. ദൈവപിതാവിന്റെ സ്ഥാനം എടുത്തുകൊണ്ട് ഒരു സമൂഹത്തിനു ദൈവപരിപാലന കൊടുക്കുന്ന ആളാണ് ബിഷപ്. ആന്റിയോക്കിലെ വി. ഇഗ്നേഷ്യസ് ഇപ്രകാരം തുടരുന്നു: ഐക്യത്തെ മുന്നിൽക്കണ്ടുകൊണ്ട് ഈ ശുശ്രൂഷ ദൈവപിതാവിന്റെ സ്ഥാനത്തുനിന്നുകൊണ്ട് പുത്രനായ ക്രിസ്തുവിനുവേണ്ടി ഈ സഭ നിർവഹിക്കുന്നു. അപ്രകാരം വി. ഇഗ്നേഷ്യസിന്റെ ദർശനത്തിൽ, ബിഷപ് ദൈവത്തിന്റെ സ്ഥാനത്തുനിൽക്കുന്നവനാണ്, ദൈവത്താൽ നയിക്കപ്പെടുന്നവനാണ്. ദൈവം നമ്മുടെ ഹൃദയത്തിന്റെ അഗാധതയിൽ അജപാലനത്തിലൂടെ എല്ലാം കേന്ദ്രീകരിക്കുന്നതുപോലെ നാമെല്ലാം ദൈവത്തിൽ, കർത്താവായ ഈശോമിശിഹായിൽ പരിശുദ്ധാത്മാവിന്റെ കൃപയിൽ എല്ലാം കേന്ദ്രീകരിച്ചുകൊണ്ടുപോകണം. നമ്മുടെ വിശുദ്ധ കുർബാനയിൽ വളരെയധികം പ്രാവശ്യം പിതാവിന്റെ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേക്കും എന്നു പറയുന്നുണ്ട്. ഈ ത്രിയേക ദൈവത്തെ വിളിച്ചുകൊണ്ട് കർത്താവായ മിശിഹായിലൂടെ നമുക്കു ലഭിച്ചിരിക്കുന്ന സുന്ദരമായ സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിൽ നാം ദൈവത്തെ സ്തുതിക്കുന്നു, അവിടുത്തെ കൃപകൾ ചോദിക്കുന്നു, സമൂഹത്തിന്റെ കൂട്ടായ്മ വളർത്തുന്നു. ഇതുതന്നെയാണ് ഒരു മെത്രാന്റെ ശുശ്രൂഷ. ഈ ശുശ്രൂഷയിലാണ് വൈദികരും സന്ന്യസ്തരും അല്മായരും പങ്കുചേരുന്നത്. ഒരേയൊരു കൂട്ടായ്മ, അതാണു സഭയുടെ യാഥാർഥ്യം, അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ് നമുക്കു കാണിച്ചുതരുന്നതും ഈ കൂട്ടായ്മയുടെ മാതൃകയാണ്.

ദൈവദാസിയായ മദർ മേരി സെലിന്റെ ഒരു പ്രാർഥനയുണ്ട്: ''പരിശുദ്ധ ത്രിത്വമേ, എന്റെ ഭാഗ്യമേ!'' സാധാരണയായി മിസ്റ്റിക്കുകൾ പറയുന്ന ഒരു വാക്യമാണിത്. ഈ ലോകത്തിൽ ആയിരിക്കുമ്പോൾത്തന്നെ ത്രിത്വത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിച്ച് അത് അനുഭവിച്ചാനന്ദിച്ച് പിതാവിന്റെ മകളെന്ന നിലയിൽ പുത്രനായ ഈശോമിശിഹായോടു സംസാരിച്ച് പരിശുദ്ധാത്മാവിൽ ലയിച്ചു ജീവിച്ചിരുന്ന ഒരു പുണ്യവതിയാണ് മദർ മേരി സെലിൻ.

ദൈവകേന്ദ്രീകൃതമായ, അതേസമയം, മിശിഹാകേന്ദ്രീകൃതമായ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭാകൂട്ടായ്മയായി നമ്മുടെ സഭ തീരണം, നമ്മുടെ കുടുംബാംഗങ്ങൾ മാറണം, നമ്മളോരോരുത്തരും മാറണം. അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ് നമുക്കു കാണിച്ചുതന്നിരിക്കുന്ന മാതൃകയും ഇതുതന്നെയാണ്.

നമ്മൾ സഭാപിതാക്കന്മാരെക്കുറിച്ച്, അവർ 'ഐക്കൺസ് ഓഫ് ഹോളിനസ്' ആണെന്നു പറയുന്നുണ്ട്. അതുപോലെതന്നെ, ഒരു ഐക്കൺ ഓഫ് ഹോളിനസ് ആയി പള്ളിക്കാപറമ്പിൽ പിതാവ് കേരളസഭയിൽ ശോഭിക്കുകയാണ്.

*(ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ മെത്രാഭിഷേകസുവർണജൂബിലിയോടനുബന്ധിച്ച് പാലാ സെന്റ് തോമസ് കത്തീഡ്രലിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി നടത്തിയ പ്രസംഗത്തിൽനിന്ന്)*

8-ാം പേജ് തുടർച്ച

ചങ്ങനാശ്ശേരി രൂപതകളുടെ സംയുക്തസംരംഭമായ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്, ചൂണ്ടച്ചേരിയിൽ സ്ഥിതി ചെയ്യുന്ന സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിങ് & ടെക്നോളജി, രാമപുരത്തും ചേർപ്പുങ്കലിലും ആരംഭിച്ച ആർട്സ് & സയൻസ് കോളജുകൾ എന്നിവ. കരിയർ ഗൈഡൻസ് സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി പാലായിൽ ബിഷപ് വയലിൽ ലൈബ്രറി സ്ഥാപിച്ചതും അതിനോട് അനുബന്ധമായി കമ്പ്യൂട്ടർപഠനത്തിനു സൗകര്യമേർപ്പെടുത്തിയതും പിതാവിന്റെ ദീർഘവീക്ഷണത്തിന് മകുടോദാഹരണമാണ്.

എല്ലാവർഷവും ക്രിസ്മസിനുമുമ്പായി പാലായിൽ നടക്കുന്ന ബൈബിൾ കൺവെൻഷൻ പിതാവ് തുടങ്ങിവച്ച ഒരു സംരംഭമാണ്. രൂപതയിലെ കുടുംബനവീകരണപ്രസ്ഥാനങ്ങളെ ശക്തമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഫാമിലി അപ്പോസ്തലേറ്റിനെ ശക്തമാക്കി, കുടുംബക്കൂട്ടായ്മകൾ സജീവമാക്കി, പ്രീമാര്യേജ് കോഴ്സുകൾ സംഘടിപ്പിച്ച് വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്നവർക്ക് പരിശീലനം നല്കുവാൻ പിതാവിനു സാധിച്ചു. പിതാവിന്റെ ഭരണകാലത്താണ് പാലാ ഷലോം പാസ്റ്ററൽ സെന്ററും അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിതമായത്. വിവിധ പ്രേഷിതപ്രവർത്തനഡിപ്പാർട്ടുമെന്റുകളെ ഒരു മേൽക്കൂരയ്ക്കു കീഴിൽ കൊണ്ടുവന്ന് സജീവമാക്കാൻ ഷലോം സെന്റർ സഹായകമായി. രൂപതയുടെ വിവിധ സംഘടനകളുടെ പരിശീലന ക്യാമ്പുകളും സെമിനാറുകളും ശില്പശാലകളും വിവാഹ ഒരുക്ക ക്യാമ്പുകളും സമ്മേളനങ്ങളും മികച്ച രീതിയിൽ നടത്തുവാൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് ഏറെ ഉപകരിക്കുന്നു.

സമൂഹത്തിൽ പൊതുവെ കുടുംബഭദ്രതയ്ക്കെതിരേ ഉയരുന്ന വെല്ലുവിളികളെക്കുറിച്ചു പിതാവ് ആകുലചിത്തനാണ്. വർധിച്ചുവരുന്ന വിവാഹമോചനങ്ങൾ, ഗർഭച്ഛിദ്രം, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, ലഹരിയുടെ ഉപയോഗം മുതലായവയ്ക്കെതിരേ ബോധവത്കരണം നടത്തുന്നതിൽ പിതാവ് എന്നും മുൻപന്തിയിലായിരുന്നു. പ്രതിരോധപ്രവർത്തനങ്ങൾക്കായി സംഘടനകളും പ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പിതാവ് ശ്രദ്ധ പതിപ്പിച്ചു.

യുവശക്തി (പിന്നീട് കെസിവൈഎം, ഇപ്പോൾ എസ്.എം.വൈ.എം.)യുടെ ഡയറക്ടറായി പിതാവ് നേതൃത്വം വഹിച്ചവേളയിൽ യുവജനങ്ങളെ സഭയോടൊത്തു ചിന്തിപ്പിക്കാനും പ്രവർത്തിപ്പിക്കാനും പ്രാപ്തരാക്കി. വിമർശനങ്ങളെക്കാളുപരി സഭാഗാത്രത്തോടു ചേർന്നുനിന്നു പ്രവർത്തിച്ച് ആധ്യാത്മികമായി ഉണർവു പ്രാപിക്കേണ്ടതിന്റെ ആവശ്യകത യുവജനങ്ങളെ ബോധ്യപ്പെടുത്താൻ അദ്ദേഹത്തിനു സാധിച്ചു. നമ്മുടെ യുവജനസംഘടനകളായ എസ്.എം.വൈ.എം., കെ.സി.എസ്.എൽ., മിഷൻലീഗ് മുതലായവയെ ആഴമായ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുവാൻ പിതാവിന്റെ നേതൃത്വം സഹായിച്ചു.

ശാസ്ത്രഗവേഷണങ്ങളും പഠനങ്ങളും യുവതലമുറയിലേക്ക് എത്തിക്കുന്നതിനും അവരിൽ ശരിയായ ശാസ്ത്രബോധം ഉണർത്തുന്നതിനുമായി 'ശാസ്ത്രപഥം' മാസിക ആരംഭിക്കാൻ പിതാവിന്റെ നേതൃത്വം സഹായകമായി. ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകൾ സംയുക്തമായാണ് ഇതിനു മുന്നിട്ടിറങ്ങിയത്. കലാസാംസ്കാരികരംഗങ്ങളിൽ പ്രസിദ്ധീകരണങ്ങളോടൊപ്പം നിർണായകപങ്ക് നാടകത്തിനും സംഗീതത്തിനും മറ്റു മീഡിയകൾക്കും ഉണ്ടെന്നു തിരിച്ചറിഞ്ഞ പിതാവാണ് 'പാലാ കമ്യൂണിക്കേഷൻസ്' ആരംഭിച്ചത്. ദൃശ്യ-ശ്രാവ്യമാധ്യമരംഗത്ത് മികവു പ്രകടിപ്പിക്കാനും നാടകങ്ങളും ഗാനമേളകളും കാസറ്റുകളും ടി.വി. പ്രോഗ്രാമുകളുംവഴി വിശ്വാസം ജനഹൃദയങ്ങളിൽ ഉറപ്പിക്കാനും ഇതു സഹായകമായി. മുദ്രണാലയപ്രവർത്തനത്തിന്റെ ഭാഗമായി പാലാ സെന്റ് തോമസ് പ്രസിനെ മികവുറ്റതാക്കി നിലനിറുത്തുവാൻ വേണ്ട പ്രോത്സാഹനങ്ങൾ അദ്ദേഹം ഇന്നും നല്കിവരുന്നു. ദീപനാളം വാരികയെ ഉന്നതനിലവാരത്തിലേക്കുയർത്താനും അദ്ദേഹം പങ്കുവഹിച്ചു.



മാർ ജോസഫ് പള്ളിക്കാപറമ്പിൽ
മുൻഗാമി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിനോടൊപ്പം



ഫ്രാൻസീസ് മാർപാപ്പയോടൊപ്പം മാർ ജോസഫ് പള്ളിക്കാപറമ്പിൽ (2015)



മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ പൗരോഹിത്യസുവർണജൂബിലി (2008) കുടുംബാംഗങ്ങളോടൊപ്പം

അല്മായർക്കു ബൈബിൾ പഠനത്തിനായി വിവിധ ഡിഗ്രി - ഡിപ്ലോമാ പ്രോഗ്രാമുകളും വിശ്വാസപരിശീലകർക്കായി ഡി.ടി.പി. കോഴ്സും രൂപകല്പന ചെയ്തു നടപ്പിലാക്കി. വൈദികരുടെയും സന്ന്യാസിനികളുടെയും പരിശീലനത്തിനായി കാലാനുസൃതമായ പരിശീലനപദ്ധതികളും കോഴ്സുകളും ഉൾപ്പെടുത്തി പരിഷ്കരിക്കുവാനും പിതാവ് ശ്രദ്ധ പതിപ്പിച്ചു.

കേരളത്തിലെ രൂപതകളിൽ ഏറ്റവും കൂടുതൽ ദളിത് കത്തോലിക്കർ താമസിക്കുന്നത് പാലാ രൂപതയിലാണ്. അവരുടെ പരിശീലനത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന ഡി.സി.എം.എസിന്റെ പ്രവർത്തനങ്ങൾ സജീവമാക്കി. ക്യാമ്പുകളും ബോധവത്കരണപരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി. സഭാതലത്തിലും നിയമനങ്ങളിലും അഡ്മിഷനിലും ന്യായമായ പരിഗണനകളും ആനുകൂല്യങ്ങളും അവർക്കു നല്കുന്നതിനും അവരുടെ സമഗ്രപുരോഗതി ഉറപ്പുവരുത്തുന്നതിനും പിതാവ് പ്രത്യേകശ്രദ്ധ ചെലുത്തി. സമൂഹത്തിലെ പാവപ്പെട്ടവരോട് അദ്ദേഹം എന്നും പ്രത്യേക പരിഗണന കാണിച്ചിരുന്നു. പിതാവ് ആരംഭിച്ച 'കുടുംബസഹായനിധി' നിർധനരായ പെൺകുട്ടികൾക്കു വിവാഹസഹായവും ഭവനരഹിതർക്കു ഭവനനിർമാണസഹായവും നിർധനരായ രോഗികൾക്ക് ചികിത്സാസഹായവും പാവപ്പെട്ട കുട്ടികൾക്കു പഠനത്തിനു സ്കോളർഷിപ്പും വിദ്യാഭ്യാസസഹായവും നല്കുവാൻ ഉപകരിച്ചു. അഭിവന്ദ്യപിതാവിന്റെ മെത്രാഭിഷേകരജതജൂബിലി സ്മാരകമായി പാവപ്പെട്ടവർക്കായി ആയിരം വീടുകളാണു പണിതുനല്കിയത്. കൂടാതെ, കടനാട്ടിൽ പുവർഹോമും നിർമിച്ചു നല്കി.

മദ്യവർജനപ്രസ്ഥാനത്തിന്റെ നേതൃത്വം പിതാവ് ദൈവനിയോഗംപോലെയാണ് നിർവഹിച്ചത്. പാലായിലെ അഡാർട്ടും കോട്ടയത്തെ ട്രാഡായും പിതാവിന്റെ പ്രോത്സാഹനത്തിലും നേതൃത്വത്തിലുമാണ് വളർന്നത്.

എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നു പറഞ്ഞ ഗാന്ധിജിയെപ്പോലെ സ്വന്തം ജീവിതത്തെ ഒരു സ്നേഹസന്ദേശമാക്കിയ മഹാഗുരുവാണ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ. ബിഷപ്പിന്റെ സൗഹൃദവലയം പരിധികളില്ലാത്തതാണ്. രാഷ്ട്രീയവ്യത്യാസങ്ങളോ മതവർണവർഗീയചിന്തകളോ അദ്ദേഹത്തിനില്ല. ധനികനും ദരിദ്രനും പിതാവിന്റെ അടുത്തു ചെല്ലാം, സംസാരിക്കാം. ലാളിത്യവും സ്നേഹവും കാരുണ്യവുമാണ് അദ്ദേഹത്തിന്റെ മുഖമുദ്ര. അച്ചടക്കവും അനുസരണയും മൂല്യാധിഷ്ഠിതമായ പ്രവർത്തനങ്ങളും അദ്ദേഹത്തിനു നിർബന്ധമാണ്. കെ.എം. മാണിയും എ.കെ. ആന്റണിയും ഇ.കെ. നായനാരും അദ്ദേഹത്തിന് ഒരുപോലെ പ്രിയപ്പെട്ടവരായിരുന്നു. പിതാവ് നല്ലൊരു വായനക്കാരനാണ്. ആനുകാലികസംഭവങ്ങളെല്ലാം അദ്ദേഹത്തിനറിയാം. ഇന്നും യാതൊരു ഓർമക്കുറവുമില്ല. പ്രസരിപ്പോടെയുള്ള സംഭാഷണങ്ങളും ഫലിതവും പിതാവിന്റെ അടുത്തു ചെല്ലുന്ന ആരെയും സന്തോഷഭരിതരാക്കും.

പാലായുടെ അഭിമാനമായി, സ്വകാര്യ അഹങ്കാരമായി, അനുഗ്രഹമായി പള്ളിക്കാപറമ്പിൽപിതാവ് ആരോഗ്യത്തോടെ നമ്മോടൊപ്പം വജ്രജൂബിലിയും ആഘോഷിക്കുവാൻ ഉണ്ടാകട്ടേയെന്നു പ്രാർഥിക്കാം. ■

നോവൽ **10**

**തേക്കിൻകാട് ജോസഫ്**



# പലായനം

**താ**ണ്ടമ്മ ഗർഭം ധരിച്ച് നാലുമാസം പിന്നിട്ടപ്പോൾ സഖറിയ തര്യൻ ഒരു കത്തെഴുതി ദൂതൻവശം കൊടുത്തയച്ചു. ആചാരപ്രകാരം പ്രസവത്തിനു കൊണ്ടുപോകാൻ തീയതി നിശ്ചയിച്ചു കുറിച്ചു കൊടുത്തയയ്ക്കണം. ഇയ്യോ മാത്തുത്തരകാനാണ് കത്ത്. 'വയറ്റുകണ്ണി' യായ പെണ്ണിന്റെ കടിഞ്ഞൂൽപ്രസവം പെണ്ണിന്റെ തറവാട്ടിലാണ്. അതുമാത്രവുമല്ല, പെണ്ണിനെ ഡോക്ടറെ കാണിക്കാനും പ്രസവത്തിനുമുമ്പുള്ള ശുശ്രൂഷകൾക്കും ഇവിടെ കൂടുതൽ സൗകര്യമുണ്ട്. ചങ്ങനാശ്ശേരിയിൽ നല്ലൊരു ആശുപത്രിയും അവിടെ പ്രസവം എടുക്കുന്ന ഒരു വനിതാഡോക്ടറുമുണ്ട്.

കത്തു കണ്ടപ്പോൾ ആണ്ടമ്മ പ്രതികരിച്ചു: "ഇവ്ടെ ചെയ്യാവുന്നതേയുള്ളൂ. ഞാൻ ഏഴു പ്രസവിച്ചതാ. ഒരാശുപത്രീലും പോയിട്ടില്ല. പിന്നെ അവർക്കു നിർബന്ധമാണെങ്കില് കൊണ്ടുപൊക്കോട്ടെ. നമ്മള് തടസ്സപ്പെടുത്തേണ്ട."

മാത്തൂതരകൻ ഇയ്യോബുമായി ആലോചിച്ച് ദൂതന്റെ കൈയിൽ തീയതി കുറിച്ചു കൊടുത്തുവിട്ടു.

ഇതിനിടയിൽ സഖറിയ തര്യൻ ഒരു കാറുവാങ്ങാനുള്ള ആലോചനയിലായി. തിരുവല്ലയിലെ മിഷൻ ആശുപത്രിയിലെ ഒരു സായിപ്പ് ഡോക്ടർക്ക് ഒരു കാർ വില്ക്കാനുണ്ടെന്നു കേട്ടു. ഇംഗ്ലണ്ടിൽനിന്ന് കപ്പലിൽ കൊണ്ടുവന്ന ഓസ്റ്റിൻ കാറാണ്. സായിപ്പും മദാമ്മയും ഇവിടത്തെ സേവനം മതിയാക്കി തിരികെ പോവുകയാണ്. കാർ കൊണ്ടുപോകാൻ പ്ലാനില്ല.

സഖറിയ തര്യൻ കാർ ചെന്നു കണ്ടു. ഇഷ്ടപ്പെട്ടു. താണ്ടമ്മ പ്രസവത്തിനു വരുമ്പോൾ ആശുപത്രിയിലും മറ്റും പോകാനും ഉപകരിക്കും. വില അല്പം കൂടുതലാണെന്നു തോന്നി. എങ്കിലും കരാർ ഉറപ്പിച്ചിട്ടേ സഖറിയ തര്യൻ മടങ്ങിയുള്ളൂ. ഒരു കാര്യം കൂടി ചെയ്തു. സായിപ്പിന്റെ ഡ്രൈവർ ചങ്ങനാശേരിക്കാരനാണ്. അയാളെക്കൂടി ഏർപ്പാടാക്കി.

അടുത്തദിവസംതന്നെ പണം കൊടുത്ത് കാറുമായിട്ടാണ് തിരികെ മാളികത്തറവാട്ടിലെത്തിയത്. പ്ലമേനാമ്മയ്ക്കു വലിയ സന്തോഷമായി. അവർ അഭിമാനത്തോടെ തല ഉയർത്തിപ്പിടിച്ചു.

ഇനി പള്ളീല് പോകുമ്പം കൂട്ടുകാരൊക്കെ അസൂയപ്പെടട്ടെ. ചമ്പക്കുളത്ത് ആർക്കും കാറില്ല. കാർ പള്ളിയിൽ കൊണ്ടുപോയി വെഞ്ചരിച്ചു. വികാരിയച്ചനും സന്തോഷമായി.

താണ്ടമ്മയെ പ്രസവത്തിനു കൊണ്ടുപോകുന്നു എന്നറിഞ്ഞ നിമിഷംമുതൽ ഇയ്യോബിന്റെ മുഖം മ്ലാനമായി. താണ്ടമ്മയെ പിരിഞ്ഞിരിക്കാൻ മനസ്സു വരുന്നില്ല. തന്റെ ശരീരത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു, അവൾ.

ഒട്ടും ഉറങ്ങാൻ കഴിഞ്ഞില്ല. പിറ്റേന്നാണ് താണ്ടമ്മ പ്രസവത്തിനായി അവളുടെ വീട്ടിലേക്കു യാത്രയാകുന്നത്.

ജനാലയിലൂടെ ക്ഷണിക്കാതെ കടന്നുവന്ന ഈറൻ നിലാവ് ഇയ്യോബിനെയും താണ്ടമ്മയെയും തഴുകിനിന്നു.

പുതുതായി വാങ്ങിച്ച കാറിലാണ് സഖറിയ തര്യനും പ്ലമേനാമ്മയും താണ്ടമ്മയെ പ്രസവത്തിനു കൊണ്ടുപോകാനെത്തിയത്. അവർ പതിവുപോലെ ബന്ധുവീട്ടിലേക്ക് പലഹാരക്കെട്ടുകൾ കരുതിയിരുന്നു.


കാറു പുറത്തുനിറുത്തി പടിപ്പുരമാളിക കടന്ന് പൂമുഖത്തു വരുമ്പോഴാണ് വഴിക്കണ്ണു നോക്കിയിരുന്ന ഇയ്യോബും താണ്ടമ്മയും അറിയുന്നത്.

'അമ്മച്ചീ, അപ്പച്ചാ' എന്നു വിളിച്ച് ആഹ്ലാദത്തോടെ താണ്ടമ്മ അവർക്കു മുന്നിലെത്തി. ഇരുവരുടെയും കരങ്ങൾ ഗ്രഹിക്കുകയും കവിളിൽ ഉമ്മ വയ്ക്കുകയും ചെയ്തു. ഇയ്യോബും അമ്മായിയച്ചന്റെയും അമ്മായിയമ്മയുടെയും കരങ്ങൾ ഗ്രഹിച്ച് അവരെ സ്വീകരിച്ചു.

"നമ്മളൊരു കാറു വാങ്ങി മോളേ."

പ്ലമേനാമ്മ ആഹ്ലാദത്തോടെ പറഞ്ഞു.

"എവ്ടെ അമ്മാ. കാണട്ടെ."



താണ്ടമ്മ ഉദ്വേഗത്തോടെ തിരക്കി.

പടിപ്പുരമാളികയ്ക്കു പൊറത്തൊണ്ട്." സഖറിയാ തര്യൻ കൂട്ടിച്ചേർത്തു.

ശബ്ദം കേട്ട് ആണ്ടമ്മയും മാത്തുതരകനും മുറിയിൽ നിന്നിറങ്ങി വന്നു.

അവരും ബന്ധുക്കാരെ സ്വീകരിച്ചു.

എല്ലാവരും ചേർന്ന് കാർ കാണാൻ പടിപ്പുരമാളികയ്ക്കു പുറത്തെത്തി. കാർ എല്ലാവർക്കും ഇഷ്ടപ്പെട്ടു. ഇയ്യോബ് ഡോർ തുറന്ന് അകത്തു കയറി ഇരിക്കുകവരെ ചെയ്തു.

സമൃദ്ധമായ ഉച്ചഭക്ഷണം കഴിഞ്ഞാണ് അവർ പുറപ്പെട്ടത്. പോകാൻ നേരം താണ്ടമ്മ മാത്തുതരകനും ആണ്ടമ്മയ്ക്കും സ്തുതി ചൊല്ലി ഉമ്മ കൊടുത്തപ്പോൾ ആണ്ടമ്മയുടെ കണ്ണുനിറഞ്ഞു.

താണ്ടമ്മ ഇയ്യോബിന്റെ കണ്ണുകളിലേക്കു നോക്കി യാത്ര പറഞ്ഞു. യാത്ര അയയ്ക്കുന്നതിനായി കാറിനടുത്തുവരെ എല്ലാവരും എത്തി.

കാറിൽ കയറവേ സഖറിയ തര്യൻ ഇയ്യോബിനെ ക്ഷണിച്ചു:

''മോൻ ഇടയ്ക്കൊക്കെ അങ്ങോട്ടു വരണം. മോൾക്കും ഞങ്ങൾക്കും കാണാലോ."

"തീർച്ചയായും അപ്പച്ചാ."

ഇയ്യോബ് പ്രത്യുത്തരം നല്കി. കണ്ണിൽനിന്നു മറയുവോളം താണ്ടമ്മ കാറിലിരുന്ന് തിരിഞ്ഞുനോക്കിക്കൊണ്ടിരുന്നു.

അന്നുരാത്രിയും ഇയ്യോബിനു കാളരാത്രിയായിരുന്നു. കട്ടിലിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു.

വശം ചെരിഞ്ഞ് ജനാലയിലൂടെ പുറത്തേക്കു നോക്കി. ചാന്ദ്രപ്രകാശമേറ്റ് പച്ചിലകൾ തിളങ്ങുന്നുണ്ട്. ഒരു നേരിയ മന്ദമാരുതൻപോലും വീശുന്നില്ല.

പെട്ടെന്ന് എവിടെനിന്നോ ഒരു കാർമേഘം വന്ന് ചന്ദ്രനെ മറച്ചു. നിലാവിൽ കുളിച്ചുനിന്ന പ്രകൃതിയുടെ മുഖം മ്ലാനമായി. എവിടെയോ ഇരുന്ന് ഒരു കതിരുകാണാക്കിളി പാടി.

''വിത്തും കൈക്കോട്ടും അച്ഛൻ കൊമ്പത്ത് അമ്മ വരമ്പത്ത്..."

വിഷുപ്പക്ഷിയുടെ സ്വരം വേർതിരിച്ചെടുക്കാൻ അയാൾ ശ്രമിച്ചു. കഴിഞ്ഞില്ല. ഇലച്ചാർത്തുകൾക്കിടയിലിരുന്ന് ഒരു ഉപ്പൻ മൂളി. അതു തന്നെ കൊഞ്ഞനം കുത്തുകയാണെന്ന് ഇയ്യോബിനു തോന്നി.

അവന്റെ ആത്മാവ് അവളെ എത്തിപ്പിടിക്കാൻ പടിഞ്ഞാറുദിശ നോക്കി പറക്കാൻ അഭിലഷിച്ചു. സ്നേഹബന്ധങ്ങളുടെ ഊഷ്മളതയ്ക്കിടയിൽ അകലങ്ങളില്ല.

****

കൊല്ലൻ നാണുവിന്റെ മകൾ കല്യാണി വസൂരി വന്നു ചത്തു. വളരെ ദാരുണമായിരുന്നു അവളുടെ അന്ത്യം. ഇരുപതു വയസ്സായിട്ടും അവളുടെ കല്യാണം നടന്നില്ല. നാണുവിനു വാറ്റുചാരായം മോന്തി അന്തിക്കുവന്ന് കൊല്ലത്തി പാറുവിന്റെ മുതുകത്തിടിക്കുന്നതിലാണു വിനോദം.

ചിലപ്പോൾ കഞ്ഞിക്കലം എടുത്ത് വലിച്ചെറിഞ്ഞെന്നും വരും. അന്ന് കൊല്ലക്കുടിലിൽ പട്ടിണിയാണ്. ക്ടാങ്ങൾക്ക് അന്നു കഞ്ഞി കിട്ടില്ല. നാണു ഇറയത്തിരുന്ന ഏറെ ഇരുട്ടുവോളം ആരെയൊക്കെയോ തെറി വിളിക്കും. അങ്ങനെയുള്ള ദിനങ്ങളിൽ മൂത്തവളായ കല്യാണി ഇരുട്ടത്ത് ഇറങ്ങിച്ചെന്ന് വാച്ചിലയിൽനിന്ന് രണ്ടുമൂടു മരച്ചീനി പിഴുതു കൊണ്ടുവന്ന് അതു വേവിച്ചു ക്ടാങ്ങൾക്കു കൊടുക്കും. ക്ടാങ്ങൾ അതുതിന്ന് തറയിൽ വിരിച്ച തഴപ്പായിൽ തളർന്നുറങ്ങും.

കൊട്ടാരത്തിലെ സ്ഥിരം പണിക്കാരുടെ തൂമ്പയുടെയും കോടാലിയുടെയും വാക്കത്തിയുടെയും പണി കഴിഞ്ഞിട്ടേ മറ്റുള്ളവരുടെ പണി ഏറ്റെടുക്കൂ. നാണു കൊട്ടാരത്തിൽകാരുടെ കുടികിടപ്പാണ്. അവരോടു നന്ദി കാട്ടേണ്ടതുണ്ട്.

ഒരു ദിവസം നേരം വെളുത്ത് എണീറ്റുവരുമ്പോഴാണ് കല്യാണിയുടെ മുഖത്ത് ചില കുരുക്കൾ പൊന്തിവന്നിരിക്കുന്നതു കണ്ടത്. അവൾ പനിച്ച് തഴപ്പായിൽ നീണ്ടുനിവർന്നു കിടന്നു. പാറു ഒരു മുണ്ടെടുത്ത് അവളുടെ ദേഹത്തിട്ടു. പിറ്റേദിവസമായപ്പോഴേക്കും ദേഹമാസകലം വസൂരിവിത്തുകൾ പൊന്തി.

അതുകണ്ട് പാറു വാവിട്ടു നിലവിളിച്ചു "...ന്റെ കാളീ! തേവീ! അടിയങ്ങളേ വസൂരിക്കുരുക്കളിൽനിന്ന് രക്ഷിക്കണേ!"

തള്ളയുടെ നിലവിളി കേട്ട് കിടാങ്ങളും വാവിട്ടു കരഞ്ഞു.

നാണു പറമ്പിന്റെ മൂലയിൽ ഈന്തലകൊണ്ട് ഒരു മറപ്പുര കെട്ടി വാഴയില വെട്ടിയിട്ട് കല്യാണിയെ അവിടെ കൊണ്ടുപോയി കിടത്തി. വേഗം പകരുന്ന രോഗമാണ്. നാണുവിന് നേരത്തേ വസൂരി വന്നിട്ടുള്ളതുകൊണ്ട് പേടിയില്ല. പൊള്ളച്ചതെല്ലാം പൊട്ടിയൊലിച്ച്, വേദന തിന്ന്, കല്യാണി അവിടെ ഏഴുദിവസം കിടന്നു. ഈർച്ചയാർത്തുള്ള ആ കിടപ്പുകണ്ട് നാണുവിന്റെ കണ്ണു നിറഞ്ഞു. അയാൾ ആര്യവേപ്പിന്റെ ഇലച്ചാർത്തുള്ള കമ്പുവെട്ടിക്കൊണ്ടുവന്ന് കല്യാണിയെ വീശി. ദാഹിച്ചപ്പോൾ കരിക്കിൻ വെള്ളം കൊടുത്തു. എട്ടാം ദിവസം കല്യാണി മരിച്ചു. പറമ്പിന്റെ മൂലയിൽ നാണുതന്നെയാണ് ഒരു കുഴിയെടുത്ത് അവളെ അടക്കം ചെയ്തത്. അയാൾ ഏറെ നേരം ആരും കാണാതെ ആ കുടിമാടത്തിനരികിലിരുന്ന് പൊട്ടിക്കരഞ്ഞു.

മകളുടെ മരണത്തോടെ നാണു കുടി നിർത്തി. അവൾക്കു താഴെ ആറു കിടങ്ങളാണ്. ഇനി അവരെ തീറ്റിപ്പോറ്റി മര്യാദക്കാരനായി ജീവിക്കണം. വസൂരിദീനം മറ്റാർക്കും പിടിപെടാതിരുന്നതിന് അയാൾ മഹാകാളിക്കു നന്ദി പറഞ്ഞു. ഇനി താൻ കുടിക്കില്ലെന്നും ശപഥം ചെയ്തു.

"മഹാകാളി ഗ്രാമത്തിലെങ്ങും വസൂരിവിത്തുകൾ വാരി വിതറുകയാണ്." പഴമക്കാർ ഇളംതിണ്ണയിലിരുന്നു പിറുപിറുത്തു.

വസൂരിരോഗം ആൺ പെൺ വ്യത്യാസമില്ലാതെ, കുട്ടികളെന്നോ മുതിർന്നവരെന്നോ നോക്കാതെ നാശം വിതച്ചു. നൂറുകണക്കിനാളുകൾ ചത്തൊടുങ്ങി. ഹിന്ദുക്കൾ അമ്പലത്തിൽ കാളീസേവ നടത്തി. ക്രിസ്ത്യാനികൾ വിശുദ്ധ സെബസ്ത്യാനോസിന്റെ അമ്പുതിരുനാൾ നേരുകയും കഴുന്ന് എഴുന്നെള്ളിക്കൽ നടത്തുകയും ചെയ്തു.

അന്ന് ശ്രീമൂലം തിരുനാൾ മഹാരാജാവാണ് തിരുവിതാംകൂർ ഭരിക്കുന്നത്. അദ്ദേഹം വസൂരിക്കെതിരേ കുത്തിവയ്പു നടത്താൻ തീരുമാനിച്ചു. ബ്രിട്ടീഷുകാരുടെ സഹായത്തോടെ നാടെങ്ങും അച്ചുകുത്തുകാരെ പരിശീലനം കൊടുത്തു നിയമിച്ചു. അവർ നാടെങ്ങും അച്ചുകുത്തുയന്ത്രവും വാക്സിനുമായി എത്തി. അച്ചുകുത്തിനെതിരേ വ്യാപകമായ പ്രചാരണവും വന്നു.

അവിരാ തരകൻ ടൗണിൽ പോയി അച്ചുകുത്തുകാരൻ മാമ്മനെ കണ്ടുപിടിച്ച് തന്റെ ഗ്രാമത്തിൽ കൊണ്ടുവന്നു. തന്റെ പണിക്കാരുടെ കുട്ടികളിലും മറ്റു പ്രദേശങ്ങളിലും അച്ചുകുത്തുകാരൻ മാമ്മനുമായി എത്തി ആളുകളിൽ കുത്തിവയ്പും നടത്തി. മാമ്മൻ ആളുകളുടെ ഇടത്തെ ഉരത്തിൽ വാക്സിൻപുരട്ടി അച്ചുകുത്തുയന്ത്രം അമർത്തി തിരിച്ചപ്പോൾ ചോരപൊടിഞ്ഞു. ചിലർക്കു പനിപിടിച്ചു. ചിലർക്ക് അവിടം പഴുത്തു. ചിലരൊക്കെ എതിർപ്പു പറഞ്ഞെങ്കിലും അവിരാതരകന്റെ ശാസനയ്ക്കുമുന്നിൽ മുട്ടുമടക്കി.

അച്ചുകുത്തുകാരൻ മാമ്മൻ ഒരു മാസക്കാലം അവിടവിടെ ചുറ്റിക്കറങ്ങി ആൺപെൺ വ്യത്യാസമില്ലാതെ അച്ചുകുത്തു നടത്തി. അക്കാലമത്രയും മാമ്മൻ കൊട്ടാരത്തിൽകാരുടെ അതിഥിയായിരുന്നു.

പിന്നീട് ഗ്രാമത്തിൽ ഒരാൾക്കുപോലും വസൂരിദീനം വന്നില്ല. ആളുകൾ അവിരാതരകനെ വാഴ്ത്തി. ഒരുനാൾ തിരുവിതാംകൂർ രാജകുടുംബത്തിൽനിന്ന് ഒരു ദൂതൻ വന്നു.

ശ്രീമൂലം തിരുനാൾ മഹാരാജാവിനെ മുഖം കാണിക്കാൻ തരകന് തിട്ടൂരം കിട്ടി. അവിരാതരകൻ തന്റെ വില്ലുവണ്ടിയിയിൽ കൊട്ടാരത്തിലെത്തി മഹാരാജാവിൽനിന്നു പട്ടും വളയും ഏറ്റുവാങ്ങി. വസൂരിനിർമാർജനത്തിന് ഇയ്യോ അവിരാതരകൻ ചെയ്ത സേവനത്തിനുള്ള അംഗീകാരം. അവിരാതരകന്റെ വില്ലുവണ്ടിയിൽ കെട്ടിയിരുന്ന വണ്ടിക്കാളകളുടെ കുടമണികൾ കിലുങ്ങിയ ശബ്ദം ഗ്രാമവിജനതയിൽ മുഴങ്ങി.

*(തുടരും)*

# കർമവീഥികളെ ചരിത്രമാക്കിയ മഹാപ്രതിഭ

## ജെ. ജോൺ കട്ടക്കയം എം.എൽ.സി യുടെ 50–ാം ചരമവാർഷികം ഈ മാസം 22–ന്

■ ജെയിംസ് കട്ടക്കയം

**കാ**ർഷികരംഗത്തും സാഹിത്യലോകത്തും സാമൂഹിക സാംസ്കാരികമേഖലകളിലും വിലപ്പെട്ട സംഭാവനകൾ നല്കിയ പ്രതിഭാധനരായ ഒട്ടേറെപ്പേർക്കു ജന്മംകൊടുത്ത പുരാതനമായ കട്ടക്കയം കുടുംബത്തിൽ കട്ടക്കയത്തിൽ ഐപ്പച്ചന്റെയും കൊഴുവനാൽ കൈപ്പൻപ്ലാക്കൽ മറിയാമ്മയുടെയും സീമന്തപുത്രനായി 1887 ഏപ്രിൽ മാസം 13–ാം തീയതി ജെ. ജോൺ കട്ടക്കയം ഭൂജാതനായി. അക്കാലത്തെ കീഴ്വഴക്കമനുസരിച്ച് വെളുത്തേടത്തുപറമ്പിൽ കവിയിൽ ആശാന്റെ കളരിയിൽ അക്ഷരം പഠിച്ചു. ജോണിന്റെ പ്രാഥമികവിദ്യാഭ്യാസം പാലായിലുള്ള സ്കൂളിലായിരുന്നു. മാതൃഭവനത്തിൽ താമസിച്ചുകൊണ്ടായിരുന്നു തുടർവിദ്യാഭ്യാസം. അമ്മാവനിൽനിന്ന് ഇംഗ്ലീഷിലും പിതൃസഹോദരനായിരുന്ന തൊമ്മൻമാപ്പിളയിൽനിന്നു തമിഴിലും പ്രാവീണ്യം നേടിയതിനൊപ്പം രഘുവംശവും മനഃപാഠമാക്കി.

ജെ. ജോണിന്റെ 16–ാം വയസ്സിലായിരുന്നു അദ്ദേഹത്തിന്റെ വിവാഹം. പുണ്യഭൂമിയായ രാമപുരം ഇടവകയിലെ പുരാതനമായ കച്ചിറമറ്റം കുടുംബത്തിൽപ്പെട്ട തൊമ്മൻ–മറിയം ദമ്പതികളുടെ മകൾ അന്നമ്മയായിരുന്നു വധു. വിവാഹസമയത്ത് നവവധുവിന് 14 വയസ്സ് മാത്രമായിരുന്നു പ്രായം. വിവാഹത്തലേന്നത്തെ ആഘോഷപരിപാടികളിലെ മുഖ്യയിനം പിതൃസഹോദരനായ മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള രചിച്ച 'സാറാവിവാഹം' എന്ന സംഗീതനാടകമായിരുന്നു. അക്കാലത്തെ പേരുകേട്ട 'മനോവിനോദിനി' എന്ന നാടകസംഘമായിരുന്നു അവതാരകർ.

**സാഹിത്യരംഗത്തെ സംഭാവനകൾ**

മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള രൂപംകൊടുത്ത 'പാലാ നസ്രാണി സമാജം' എന്ന കൂട്ടായ്മയിൽ ജോണും അംഗമായിരുന്നു. അഞ്ഞൂറ്റിമംഗലത്തെ കൃഷിസ്ഥലത്ത് മഹാകവിയോടൊപ്പം കാർഷികവൃത്തിയിൽ വ്യാപൃതനായിരിക്കുമ്പോഴും കവിതകൾ രചിക്കാൻ ജോൺ സമയം കണ്ടെത്തി. 'ശ്രീമൂലവിലാസശതകം' എന്ന പദ്യമാണ് ജോണിന്റെ തൂലികയിൽ ആദ്യം പിറന്നുവീണത്. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാൾ ബാലരാമവർമയെ മുഖം കാണിക്കാൻ കിട്ടിയ അവസരത്തിൽ തന്റെ ആദ്യസൃഷ്ടിയുടെ ഒരു പകർപ്പ് അദ്ദേഹത്തിനു സമർപ്പിക്കുകയുണ്ടായി. യുവാവായ ജോണിന്റെ സാഹിത്യവാസനയെ അഭിനന്ദിച്ച മഹാരാജാവ് ഉചിതമായ ഒരു പാരിതോഷികവും നല്കി ജോണിനെ ആദരിക്കുകയും ചെയ്തു. ക്രിസ്തുഭഗവാൻ, ഉത്തമപുത്രൻ, ദൈവജനനി, യൗസേപ്പുമുനീന്ദ്രൻ, ശ്രീ ചിത്തിരോപഹാരം, നമ്മുടെ രാജകുടുംബം എന്നിവ ജോണിന്റെ തൂലികയിൽ ജന്മംകൊണ്ട കൃതികളാണ്. ഇവയിൽ ചിലത് അക്കാലത്തെ പാഠപുസ്തകങ്ങളിലും ഇടംനേടി. നിധീരിക്കൽ മാണിക്കത്തനാരുടെ സ്മരണാർഥം സ്ഥാപിക്കപ്പെട്ട വായനശാലയുടെ പ്രവർത്തനങ്ങളിലും ജോൺ മുഖ്യസാരഥിയായിരുന്നു.

ജോണിന്റെ സാഹിത്യവാസന കൂടുതൽ പരിപോഷിച്ചത് മഹാകവി ഉള്ളൂർ പരമേശ്വരയ്യരുമായുള്ള സൗഹൃദത്തിലാണ്. 'സന്മാർഗപോഷിണി സമാജം' എന്ന സാംസ്കാരികസംഘടന കൊഴുവനാൽസ്കൂളിൽ സംഘടിപ്പിച്ച വാർഷികപൊതുയോഗത്തിൽ മുഖ്യാതിഥിയായി മഹാകവി എത്തിയപ്പോഴായിരുന്നു ആ സൗഹൃദത്തിന് തുടക്കമിട്ടത്. ഉള്ളൂർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജോണും പ്രസംഗിക്കുകയുണ്ടായി.

**കാർഷികവൃത്തിയും സാമൂഹികസേവനവും**

പൊന്നു വിളയുന്ന അറക്കുളത്തെ മണ്ണിന്റെ മേന്മയെക്കുറിച്ചു കേട്ടറിഞ്ഞ സാഹസികനായ ജോൺ, തിരുവിതാംകൂർ രാജകുടുംബംവകയായി അറക്കുളത്തുണ്ടായിരുന്ന 100 ഏക്കർ തരിശുഭൂമി കേരളവർമ വലിയ കോയിത്തമ്പുരാനിൽനിന്നു വിലയ്ക്കുവാങ്ങി ഇളയ സഹോദരനായ ചാക്കോയുമായി ചേർന്ന് കൃഷിപ്പണിയിൽ വ്യാപൃതനായി. കട്ടക്കയം എസ്റ്റേറ്റ് എന്നു പേരിട്ട വിസ്തൃതമായ കൃഷിസ്ഥലത്തിന്റെ ഏതാണ്ട് മധ്യഭാഗത്തായി സൗകര്യപ്രദമായ സ്ഥലത്ത് വീടു പണിത് കുടുംബസമേതം അവിടെ താമസമാക്കി. 'പാലത്തിങ്കൽ ബംഗ്ലാവ്' എന്നായിരുന്നു മനോഹരമായ ആ സൗധത്തിനു നല്കിയ പേര്. അതുവരെ പള്ളികളൊന്നും ഇല്ലാതിരുന്ന അറക്കുളം പ്രദേശത്ത് ഒരു ദൈവാലയം സ്ഥാപിക്കുന്നതിനുള്ള നാല് ഏക്കർ സ്ഥലം ദാനമായി നല്കിയതും ആ മഹാമനസ്കനാണ്.

പാലായിലെ പ്രമുഖരായ 25 വ്യക്തികൾ ചേർന്നു രൂപംകൊടുത്ത 'പാലാ ബസ് കമ്പനി' യിൽ പങ്കുചേർന്നാണ് സാമൂഹികരംഗത്തുള്ള ജോണിന്റെ അരങ്ങേറ്റം. മദ്രാസിൽനിന്നു വാങ്ങിയ ബസ് തിരുവനന്തപുരം–നാഗർകോവിൽ റൂട്ടിൽ സർവീസ് ആരംഭിച്ചപ്പോൾ അതിന്റെ മാനേജരുടെ ചുമതലയും ജോണിൽ നിക്ഷിപ്തമായി.

1922 ൽ പരിഷ്കരിച്ച നിയമസഭാറെഗുലേഷൻ തിരുവിതാംകൂറിൽ നടപ്പാക്കിയതിനുശേഷമാണ് നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പു നടത്തിയത്. തൊടുപുഴ/മൂവാറ്റുപുഴ താലൂക്കുകൾ ഉൾപ്പെടുന്ന നിയമസഭാമണ്ഡലത്തിൽ നടന്ന വാശിയേറിയ തിരഞ്ഞെടുപ്പിൽ ഗംഭീരവിജയം നേടിയ ജോൺ ശ്രീമൂലം പ്രജാസഭാംഗമായി ചുമതലയേറ്റു. 1932 ൽ ശ്രീചിത്തിരതിരുനാൾ ബാലരാമവർമ മഹാരാജാവിന്റെ ഉത്തരവുപ്രകാരം അസംബ്ലി എന്നും സ്റ്റേറ്റ് കൗൺസിൽ എന്നും പ്രജാസഭയെ രണ്ടായി വിഭജിക്കുകയുണ്ടായി. തുടർന്ന് സ്റ്റേറ്റ് കൗൺസിലിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ഐകകണ്ഠ്യേനയാണ് ജോൺ തിരഞ്ഞെടുക്കപ്പെട്ടത്. പ്രജാസഭയിലും സ്റ്റേറ്റ് കൗൺസിലിലും അദ്ദേഹം നടത്തിയിട്ടുള്ള തീപ്പൊരിപ്രസംഗങ്ങൾ ഏവരുടെയും ശ്രദ്ധയാകർഷിക്കുംവിധമായിരുന്നു.

കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് ദീർഘകാലകാർഷിക വായ്പകൾ അനുവദിക്കേണ്ടതിന്റെ അനിവാര്യതയും സർക്കാർ വകുപ്പുകളിലെ ധൂർത്ത് നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയും സഭയിൽ അവതരിപ്പിക്കാൻ ജോണിനു കഴിഞ്ഞു. കൗൺസിലിൽ ജോൺ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ ഫലമായി സ്കൂളുകളിൽ പ്രാർഥന നിരോധിച്ചുകൊണ്ടുള്ള ദിവാൻ സർ സി പി രാമസ്വാമി അയ്യരുടെ ഉത്തരവു പിൻവലിക്കാൻ സർക്കാർ നിർബന്ധിതമായി. രണ്ടാംലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ കൊടുംപട്ടിണിയിൽനിന്നു ജനങ്ങളെ രക്ഷിക്കാൻ സർക്കാർ ഭൂമിയിലെ ചതുപ്പുനിലങ്ങൾ കർഷകർക്കു പതിച്ചുകൊടുക്കണമെന്ന് സ്റ്റേറ്റ് കൗൺസിലിൽ വാദിച്ചു ജയിക്കാനും ജോണിനു കഴിഞ്ഞിട്ടുണ്ട്. ഭൂനികുതി കുറയ്ക്കുക, ആതുരാലയങ്ങൾ സ്ഥാപിക്കുക, കൂടുതൽ വിദ്യാലയങ്ങൾ അനുവദിക്കുക തുടങ്ങിയ അടിയന്തരാവശ്യങ്ങൾക്കായി നിവേദനങ്ങൾ സമർപ്പിച്ച് സർക്കാരിനെക്കൊണ്ട് നടപടികളെടുപ്പിക്കാനും ജോൺ നേതൃത്വം നല്കി. വിചാരണയ്ക്കു മുമ്പുള്ള സത്യപ്രതിജ്ഞയെടുക്കുന്നതിന് കോടതികളിൽ ഉപയോഗിച്ചുവന്നിരുന്ന പ്രോട്ടസ്റ്റന്റുബൈബിളിനു പകരമായി കത്തോലിക്കാസഭയുടെ വിശുദ്ധഗ്രന്ഥം ഉപയോഗിച്ചുതുടങ്ങിയതും അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ്.

നാടിന്റെ വികസനപ്രവർത്തനങ്ങളിൽ നിറസാന്നിധ്യമായി ജോൺ കട്ടക്കയം വിരാജിച്ചുവെന്ന് ചരിത്രം സാക്ഷിക്കും. കർഷകരുടെ നിരവധിയായ ആവശ്യങ്ങൾക്കുവേണ്ടിയും മലയോരറോഡുകളുടെ നിർമാണത്തിനുവേണ്ടിയും വാദിക്കാൻ അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. തൊടുപുഴ–മുട്ടം–മേലുകാവ്, കാഞ്ഞാർ–മണപ്പാടി, ഇലപ്പള്ളി–പുള്ളിക്കാനം തുടങ്ങിയ റോഡുകൾക്കുവേണ്ടി ജോൺ അത്യധ്വാനം ചെയ്തു. വാഴക്കുളത്തുള്ള ഹൈസ്കൂൾ, അറക്കുളം തപാലാഫീസ് എന്നിവയുടെ സ്ഥാപനത്തിൽ മുഖ്യപങ്കു വഹിച്ചതും ജോൺ കട്ടക്കയമാണ്. തിരുവിതാംകൂർ നാട്ടുരാജ്യത്തെ പാഠപുസ്തക കമ്മിറ്റിയിൽ ഒന്നിലേറെത്തവണ അദ്ദേഹം അംഗമായിരുന്നു.



സമൂഹത്തിനും സമുദായത്തിനും നല്കിയിട്ടുള്ള നിരവധിയായ സംഭാവനകൾ കണക്കിലെടുത്ത് കത്തോലിക്കാസഭ ഏർപ്പെടുത്തിയിട്ടുള്ള 'സമുദായമിത്രം' അവാർഡും പ്രശംസാപത്രവും ജോൺ കട്ടക്കയത്തെ തേടിയെത്തി. പാലായിൽ സംഘടിപ്പിച്ച വിപുലമായ ഒരു സമ്മേളനത്തിൽവച്ച് കോട്ടയം ക്നാനായരൂപതാധ്യക്ഷനായ മാർ അലക്സാണ്ടർ ചൂളപ്പറമ്പിലാണ് അവാർഡു സമ്മാനിച്ചത്.

1947 ഏപ്രിൽ 14 ന് സംഘടിപ്പിച്ച ജോൺ കട്ടക്കയത്തിന്റെ ഷഷ്ടിപൂർത്തിയാഘോഷങ്ങളിൽ മലങ്കര കത്തോലിക്കാസഭയുടെ തിരുവല്ല രൂപതാധ്യക്ഷൻ മുഖ്യാതിഥിയായി പങ്കെടുത്തതും സ്മരണീയമായ സംഭവമാണ്.

അക്കാലത്തെ ഏറ്റവും മികച്ച കർഷകനും മികവുറ്റ സംഘാടകനും പ്രതിഭാധനനായ സാഹിത്യകാരനും പ്രഗല്ഭനായ വാഗ്മിയും സാമൂഹികപ്രതിബദ്ധതയുള്ള ജനപ്രതിനിധിയുമായിരുന്ന ജെ. ജോൺ കട്ടക്കയം എംഎൽസി (മെമ്പർ ഓഫ് ലെജിസ്ലേറ്റീവ് കൗൺസിൽ) ചരിത്രത്തിൽ സ്ഥാനം പിടിച്ച വ്യക്തിയാണ്.

ജോണിന്റെ ആദ്യവിവാഹത്തിലുള്ള മൂന്ന് ആൺമക്കളുടെയും രണ്ടു പെൺമക്കളുടെയും ജനനത്തിനുശേഷം ഭാര്യ മരണപ്പെട്ടതിനെത്തുടർന്ന് എടത്വ പുത്തൻപറമ്പിൽ പടിഞ്ഞാറെക്കര കുടുംബത്തിലെ മറിയക്കുട്ടിയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. മറിയക്കുട്ടി 1960 ലും ജോൺ 1973 ഓഗസ്റ്റ് 22–ാം തീയതിയും നിര്യാതരായി.

*(കോഴിക്കോട് ജില്ലയിലെ കുറ്റിയാടിക്കടുത്തുള്ള ചാത്തൻകോട്ടുനട എജെ ജോൺ മെമ്മോറിയൽ ഹൈസ്കൂളിൽ അധ്യാപകനായിരുന്ന ലേഖകൻ, കട്ടക്കയം കുടുംബയോഗത്തിന്റെ പ്രസിഡന്റായി സേവനം ചെയ്യുന്നു.)*

# പുതുപ്പള്ളിയിൽ എന്തു സംഭവിക്കും?



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

പുതുപ്പള്ളിയിൽ എന്തു സംഭവിക്കുമെന്ന ചോദ്യത്തിനു കൃത്യമായ ഉത്തരം ലഭിക്കാൻ സെപ്റ്റംബർ എട്ടുവരെ കാത്തിരിക്കണം. അന്നാണ് ഫലപ്രഖ്യാപനം. അഞ്ചാംതീയതി തീരുമാനം പെട്ടിയിലാക്കും. ഇതിനിടയിൽ ഓണക്കളികളും ഓണസദ്യയും ഓണപ്പാട്ടുമൊക്കെ നടക്കും. എങ്കിലും, വാർത്തകൾ പുതുപ്പള്ളിയെ ചുറ്റിപ്പറ്റിയാകും. പുതുപ്പള്ളി നേതാക്കന്മാരുടെ സംഗമവേദിയാകും. ചാണ്ടി ഉമ്മനും ജെയ്ക്കും ലിജിൻലാലുമാണ് താരങ്ങൾ. ഇതിൽ ആദ്യത്തെ രണ്ടുപേർ ജയിക്കാനും മൂന്നാമത്തെയാൾ വോട്ടുശതമാനം കൂട്ടാനുമാണ് മത്സരിക്കുന്നത്.

പുതുപ്പള്ളിയിൽ ഇടക്കാലതിരഞ്ഞെടുപ്പുണ്ടായത് അമ്പത്തിമൂന്നു വർഷം മണ്ഡലത്തെ പ്രതിനിധീകരിച്ച ഉമ്മൻചാണ്ടിയുടെ ദേഹവിയോഗത്തെത്തുടർന്നാണ്. ഇത്തവണത്തെ തിരഞ്ഞെടുപ്പിന്റെ പ്രത്യേകത സ്ഥാനാർഥികൾ മൂന്നുപേരും ചെറുപ്പക്കാരാണ് എന്നതത്രേ. വികസനമായിരിക്കും പൊതുചർച്ചാവിഷയമെന്നു മൂന്നു മത്സരാർഥികളും മുന്നണികളും സമ്മതിച്ചിട്ടുണ്ട്. ജെയ്ക് മണ്ഡലത്തിന്റെ വികസനമുരടിപ്പിനെക്കുറിച്ചും ചാണ്ടി ഉമ്മൻ പുതുപ്പള്ളിയുടെ വികസനവളർച്ചയെക്കുറിച്ചും ലിജിൻലാൽ ഇരുമുന്നണികളുടെയും പരാജയങ്ങളെക്കുറിച്ചും സംസാരിക്കും. പാലങ്ങളും റോഡുകളും സ്ഥാപനങ്ങളുംമാത്രമല്ല വികസനം. യഥാർഥവികസനം ജനങ്ങളോടുള്ള കരുതലാണ്. കരുതലും വികസനവുമാണ് തന്റെ മുദ്രാവാക്യമെന്നു ചാണ്ടി ഉമ്മൻ പറയും. അമ്പത്തിമൂന്നു വർഷം ജനപ്രതിനിധിയും അതിനിടയിൽ പല തവണ മന്ത്രിയും രണ്ടു തവണ മുഖ്യമന്ത്രിയുമായിരുന്നിട്ടും മണ്ഡലത്തിനു വികസനം ഉണ്ടായിട്ടില്ലെന്നു ജെയ്ക്ക് സമർഥിക്കാൻ ശ്രമിക്കും. കേന്ദ്രത്തിനേ കേരളത്തെ രക്ഷിക്കാനാവുകയുള്ളൂ. പക്ഷേ, കേരളം മാറിമാറി ഭരിക്കുന്ന സർക്കാരുകൾ കേന്ദ്രനയങ്ങളോടു സഹകരിക്കാത്തതാണ് സംസ്ഥാനത്തിന്റെ വികസനമുരടിപ്പിനടിസ്ഥാനമെന്ന് ബിജെപി മുന്നണി പ്രസംഗിക്കും. ചുരുക്കത്തിൽ, പ്രചാരണം മൂർച്ചയുള്ളതാകും. രാഷ്ട്രീയചർച്ചകൾക്കുതന്നെയാകും മുൻതൂക്കം.







ജയമാണ് മുന്നണികളുടെ ലക്ഷ്യമെന്നുള്ളതുകൊണ്ട് ചർച്ച വികസനരാഷ്ട്രീയത്തിനപ്പുറത്തേക്കു കടക്കാനും സാധ്യതയുണ്ട്. അങ്ങനെ ആക്രമണപ്രത്യാക്രമണങ്ങൾ ഉണ്ടായാൽ അതിൽനിന്നുണ്ടാകുന്ന ലാഭനഷ്ടങ്ങളെ ഇരുമുന്നണികളും വിലയിരുത്തും. കണ്ണുനീരുകൊണ്ടു വോട്ടുപിടിക്കരുതെന്ന അഭ്യർഥനയും മുന്നറിയിപ്പും ഇടതുമുന്നണിയുടെ ഭാഗത്തുനിന്ന് ഉയർന്നിട്ടുണ്ട്. കോൺഗ്രസുകാർ സംയമനം പാലിച്ചാലും ഉമ്മൻചാണ്ടി എന്ന വികാരത്തിനു സമ്മതിദായകരുടെ മനസ്സിൽ ഇടമുണ്ടാകും. ചിതയുടെ തീയും പുകയും അടങ്ങിയെങ്കിലും അതിന്റെ കനൽ അണയാതെ അവിടെയുണ്ടാകുമോ എന്നതാണ് ഇടതുമുന്നണിയുടെ ഭയം. വികസനത്തിൽനിന്നു വ്യക്തിനിഷ്ഠമായ കാര്യങ്ങളിലേക്കു ചർച്ച വഴിമാറിയാൽ വിധി യുഡിഎഫിന് അനുകൂലമാകാനുള്ള സാധ്യത വർധിക്കുകയാണ്.

മത്സരാർഥികളിൽ മത്സരപരിചയം കൂടുതൽ ഇടതുസ്ഥാനാർഥിക്കാണ്. മൂന്നാം തവണയാണ് അദ്ദേഹം സമ്മതിദായകരെ കാണുന്നത്. മാത്രവുമല്ല, അരനൂറ്റാണ്ടിലധികമായി പുതുപ്പള്ളി ഉമ്മൻചാണ്ടിസാറിന്റെകൂടെ നിന്നെങ്കിലും മണ്ഡലം യുഡിഎഫിന്റെ ഉറപ്പുള്ള വോട്ടുകേന്ദ്രമല്ല. ഉമ്മൻ ചാണ്ടി എന്ന യുവാവ് ഇടതുകോട്ടയിൽ കടന്നുകയറി സ്ഥാനമുറപ്പിക്കുകയായിരുന്നു. ഉമ്മൻചാണ്ടിയുടെ അഭാവത്തിൽ മണ്ഡലം തിരിച്ചുപിടിക്കാനാകുമെന്നാണ് ഇടതുപ്രതീക്ഷ. മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിൽ ആറിലും ഭരണം നടത്തുന്നത് എൽഡിഎഫാണ്. മണ്ഡലം തിരിച്ചുപിടിക്കാനുള്ള സുവർണാവസരമായി ഈ തിരഞ്ഞെടുപ്പിനെ കാണുകയും 2024 ൽ വരാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിനു മുന്നൊരുക്കമായി ഈ ഉപതിരഞ്ഞെടുപ്പിനെ വിലയിരുത്തുകയുംകൂടി ചെയ്യുന്നതുകൊണ്ട് എൽഡിഎഫ് ആവനാഴിയിലെ എല്ലാ അസ്ത്രങ്ങളും പുറത്തെടുക്കും.

രാഷ്ട്രീയപ്രവർത്തനപരിചയത്തിന്റെ പേരിലോ മികവിന്റെ പേരിലോ പ്രായത്തിന്റെ തലത്തിലോ പ്രധാനമുന്നണികളുടെ സ്ഥാനാർഥികളെ താരതമ്യം ചെയ്തു മികവു നിശ്ചയിക്കുക എളുപ്പമല്ല. മൂന്നു സ്ഥാനാർഥികളും അടിസ്ഥാന വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസയോഗ്യതകളുമുള്ളവരാണ്. ജെയ്ക്ക് സിഎംഎസ് കോളജിൽനിന്നു ബിരുദവും തമിഴ്നാട്ടിൽനിന്നു ഡിസ്റ്റൻസ് എജ്യുക്കേഷനിൽ ബിരുദാനന്തരബിരുദവും നേടിയിട്ടുണ്ട്. ചാണ്ടി ഉമ്മൻ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലും പിന്നീട് ഡൽഹി യൂണിവേഴ്സിറ്റിയിലും പഠിച്ചു നിയമത്തിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കിയിട്ടുണ്ട്. ജനകീയപ്രശ്നങ്ങളിൽ ഇടപെടുകയും സമരങ്ങൾ നടത്തുകയും ചെയ്ത് ജെയ്ക്ക് ജനങ്ങൾക്കും മാധ്യമങ്ങൾക്കും പരിചിതനാണ്. ഉമ്മൻചാണ്ടിയുടെ മകനെന്ന നിലയിലും രാഹുൽഗാന്ധിക്ക് അറിയാവുന്ന യുവകോൺഗ്രസ് നേതാവെന്ന നിലയിലും ചാണ്ടി ഉമ്മനും എല്ലാവർക്കും അറിയാവുന്നയാളാണ്. വഴിതെറ്റിപ്പോകാമായിരുന്നിട്ടും ചിട്ടയിൽ വളർന്ന ഒരു യുവാവെന്ന പരിഗണന ചാണ്ടി ഉമ്മന് അധികമായി ലഭിക്കും.

മുദ്രാവാക്യം വിളിക്കുന്നതും പോസ്റ്റർ ഒട്ടിക്കുന്നതും സമരം നടത്തുന്നതും ജയിൽവാസം അനുഷ്ഠിക്കുന്നതുമായ രാഷ്ട്രീയപ്രവർത്തനം എന്ന കാഴ്ചപ്പാട് മാറിവരുന്ന കാലത്താണ് ഈ തിരഞ്ഞെടുപ്പ്. ജനങ്ങളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നവർക്കാണ് ജനങ്ങൾ മാർക്കു നൽകുന്നത്. ഉപതിരഞ്ഞെടുപ്പുകളുടെ ചരിത്രം യുഡിഎഫിന് അനുകൂലമാണ്. എങ്കിലും, അന്തിമതീരുമാനം ജനങ്ങളുടേതാണ്. ■

## മഞ്ഞക്കിളി




മാത്യൂസ് ആർപ്പൂക്കര

പൂവൻപഴംപോലെ മഞ്ഞനിറമാർന്ന സുന്ദരപ്പക്ഷിയാണ് മഞ്ഞക്കിളി. വാഴപ്പഴപ്പക്ഷിയെന്നും ഇതിനെ വിളിക്കാറുണ്ട്. ചിറകുകൾക്കും വാലിന്റെ മധ്യഭാഗത്തിനും കറുപ്പാണു നിറം. പെൺപക്ഷികൾക്കു മഞ്ഞ കലർന്ന പച്ചയും. അടിഭാഗത്തു വെള്ളനിറത്തിൽ കറുത്ത വരകളുണ്ട്. ചുവന്ന കണ്ണും പിങ്കുനിറമുള്ള കൊക്കുമാണ് ആണിനും പെണ്ണിനും. കണ്ണിനു കുറുകേയൊരു കറുത്ത പാടുണ്ട്.

മരങ്ങളുടെ കൂട്ടുകാരാണ് മഞ്ഞക്കിളികൾ. വനമേഖലയിലും മരങ്ങൾ നിറഞ്ഞ നാട്ടിൻപുറങ്ങളിലും കണ്ടുവരുന്നു. കൂകിയും വിളിച്ചും തോന്നുംവിധമുള്ള ശബ്ദമാണ്. ആകെക്കൂടി ഒരുത്സവം സൃഷ്ടിച്ചേ മഞ്ഞക്കിളികൾ പറന്നകലൂ. മഞ്ഞക്കറുപ്പൻ എന്ന മഞ്ഞക്കിളിയുടെ തല കഴുത്തോളം എണ്ണക്കറുപ്പാണ്. ശരീരമാകെ സ്വർണവർണം. ചീനമഞ്ഞക്കിളികളാണ് മൂന്നാമത്തെ കൂട്ടർ. ഉടൽ പച്ച ചേർന്ന മഞ്ഞനിറമായതിനാൽ അഴകിൽ അത്ര മുമ്പനല്ല.

അഴകിന്റെ പര്യായമായ മഞ്ഞക്കിളികളുടെ ഭാഗ്യവും ശാപവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെതന്നെ. സ്റ്റഫ് ചെയ്യപ്പെടുവാൻ ലോകത്ത് ഏറ്റവുമധികം വേട്ടയാടപ്പെടുന്നത് ഈ പക്ഷികളാണ്. ലബനനിൽമാത്രം ലക്ഷക്കണക്കിനു മഞ്ഞക്കിളികളാണ് കൊല്ലന്തോറും വേട്ടയാടപ്പെടുന്നത്. ഗ്രീസിലും മഞ്ഞക്കിളികൾക്കു കാടുവിട്ടു പറക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്.



എന്നാൽ, കേരളത്തിൽ കാണുന്ന മഞ്ഞക്കിളികൾ മിക്കതും ഇന്നാട്ടുകാർ തന്നെ. ചിലതു മഞ്ഞുകാലദേശാടനക്കാരും. സംഗീതസാന്ദ്രമാണ് മഞ്ഞക്കിളികളുടെ ശബ്ദം.

കപ്പുപോലെയുണ്ടാകും മഞ്ഞക്കിളികളുടെ കൂട്. രണ്ടു ചെറുചില്ലകളിലത് തൂങ്ങിയാടുന്ന കാഴ്ച മനോഹരം. കൂടൊരുക്കുന്നത് നാരും പഞ്ഞിയും കടലാസുമൊക്കെക്കൊണ്ടാണ്. മഴക്കാലത്തിനുമുമ്പുതന്നെ കുഞ്ഞുങ്ങൾ വിരിഞ്ഞിറങ്ങുന്നു. മഞ്ഞക്കിളിയുടെ പെൺപക്ഷിയേക്കാൾ എത്രയോയധികം സുന്ദരനാണ് ആൺപക്ഷി! നമ്മുടെ പശ്ചിമഘട്ടത്തിലൊക്കെ ഇതിന്റെ പറക്കൽവിലാസം കാണാം.

മഞ്ഞക്കിളിയെ Orioles എന്നു വിളിക്കും. ശാസ്ത്രനാമം: Oriolus Kundoo എന്നാണ്. ■

Deepanalam Weekly

RNI No : 16998/68
Vol. 56 No. 25 Date of Publication 17 August 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist, Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org